2025 FEBRUARY 15

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122



# ‘മാഗ’യും ‘മിഗ’യും ചേർന്ന്
# ‘മെഗാ’ പങ്കാളിത്തം



BE MINE
Heart to heart collection
Made For Your Love
VALENTINE SPECIAL OFFER
USD 75
GIFT VOUCHER
ON PURCHASE OF DIAMOND & PRECIOUS STONE JEWELLERY WORTH USD 1000
0% DEDUCTION
ON OLD GOLD EXCHANGE
GET 100% VALUE ON DIAMOND EXCHANGE
Scan here to view our latest jewellery collection
Terms & Conditions Apply
OFFER VALID FROM
31ST JANUARY TO 16TH FEBRUARY 2025
www.joyalukkas.com
Joyalukkas
World's favourite jeweller
ATLANTA
3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136
NEW JERSEY
1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902
HOUSTON
5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992
CHICAGO
2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013
DALLAS
7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936



# 'മാഗ'യും 'മിഗ'യും ചേർന്ന് 'മെഗാ' പങ്കാളിത്തം

വാഷിംഗ്ടൺ: നിർണായക ചർച്ചകൾക്ക് തയ്യാറെടുക്കുന്നതിന് മുമ്പ് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ഊഷ്മളമായി ആലിംഗനം ചെയ്തുകൊണ്ടാണ് സ്വീകരിച്ചത്. യുഎസിലെ ഇന്ത്യൻ അംബാസഡർ വിനയ് മോഹൻ ക്വാത്ര പ്രധാനമന്ത്രി മോദി എത്തിയതിന് പിന്നാലെ വൈറ്റ് ഹൗസിലെത്തി. മോദിയുടെ വരവിന് മുന്നോടിയായി വൈറ്റ് ഹൗസിൽ ഇന്ത്യൻ പതാകകൾ സ്ഥാപിച്ചിരുന്നു. ട്രംപിന്റെ രണ്ടാം സ്ഥാനാരോഹണത്തിന് ശേഷം അമേരിക്ക സന്ദർശിക്കുന്ന ആദ്യ ലോകനേതാക്കളിൽ ഒരാളാണ് മോദി.

ട്രംപ് വൈറ്റ് ഹൗസിൽ തിരിച്ചെത്തിയതിൽ സന്തോഷമുണ്ടെന്നാണ് മോദി അദ്ദേഹത്തെ കണ്ടമാത്രയിൽ പറഞ്ഞത്. 2020ൽ ട്രംപിനും ഭാര്യ മെലാനിയയ്ക്കും മോദി ഇന്ത്യയിൽ നൽകിയ ആതിഥ്യം അനുസ്മരിച്ചുകൊണ്ട്, അതിന് പ്രത്യുപകാരം ചെയ്യുന്നതിൽ സന്തോഷമെന്ന് ട്രംപ് പറഞ്ഞു.

യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയും യുഎസ് ഗവൺമെന്റ് എഫിഷ്യൻസി (ഡി ഓ ജി ഇ) മേധാവി എലോൺ മസ്കും ഉൾപ്പെടെയുള്ള മറ്റ് ഉദ്യോഗസ്ഥർക്ക് യുഎസ് പ്രസിഡന്റ് മോദിയെ പരിചയപ്പെടുത്തി.

താജ് മഹലിനു മുന്നിൽ വച്ചെടുത്ത ഫോട്ടോ മോദിക്ക് നൽകിക്കൊണ്ട് ഇന്ത്യാ സന്ദർശനവേളയിലെ അവിസ്മരണീയ നിമിഷങ്ങൾ വിലമതിക്കുന്നതായി ട്രംപും വ്യക്തമാക്കി. 'Our Journey Together' (നമ്മൾ ഒന്നിച്ചുള്ള യാത്ര) എന്ന പുസ്തകം സ്വന്തം കയ്യൊപ്പോടെ ട്രംപ് മോദിക്കു സമ്മാനിച്ചു. പ്രധാനമന്ത്രി ഉഭയകക്ഷി ബന്ധത്തിന് ഒരു പുതിയ മുദ്രാവാക്യം നൽകി. പ്രസിഡന്റ് ട്രംപിന്റെ രാഷ്ട്രീയ മുദ്രാവാക്യമായ MAGA യുടെയും അതിന്റെ ഇന്ത്യൻ പതിപ്പായ MIGA (Make India Great Again) യുടെയും സംയോജനമായി മെഗാ പങ്കാളിത്തം. കൂടാതെ നമ്മുടെ ലക്ഷ്യങ്ങൾക്ക് പുതിയ വ്യാപ്തി നൽകുന്നത് ഈ മെഗാ സ്പിരിറ്റാണ്.

2030 ആകുമ്പോഴേക്കും ഇന്ത്യയും യുഎസും തമ്മിലുള്ള വ്യാപാരം 500 ബില്യൺ ഡോളറായി ഉയർത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു

അധികാരമേറ്റ് മൂന്നാഴ്ചയ്ക്കുള്ളിൽ ട്രംപ് മോദിയെ അമേരിക്കയിലേക്ക് ക്ഷണിച്ചു. 2024 നവംബർ മുതൽ ഇരുവരും രണ്ടു തവണ ഫോണിൽ സംസാരിച്ചിരുന്നു. ട്രംപിന്റെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്ത വിദേശകാര്യ മന്ത്രി ജയശങ്കർ സന്ദർശനത്തിനിടെ യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുമായി കൂടിക്കാഴ്ച


നടത്തി. യുഎസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് മൈക്ക് വാൾട്സ്, എലോൺ മസ്ക്, ഇന്ത്യൻ വംശജനായ സംരംഭകൻ വിവേക് രാമസ്വാമി, യുഎസ് ഡയറക്ടർ ഓഫ് നാഷണൽ ഇന്റലിജൻസ് (ഡിഎൻഐ) തുളസി ഗബ്ബാർഡ് എന്നിവരുമായി ഉഭയകക്ഷി ചർച്ചകൾ നടത്തി.



ട്രംപുമായുള്ള ഉഭയകക്ഷി ചർച്ചയ്ക്ക് ശേഷം നടത്തിയ വാർത്താ സമ്മേളനത്തിൽ, അനധികൃത കുടിയേറ്റക്കാരെ ഇന്ത്യ തിരിച്ചെടുക്കുമെന്നും മനുഷ്യക്കടത്തുകാരെ രാജ്യത്തുനിന്ന് തുരത്തുമെന്നും മോദി വ്യക്തമാക്കി. ഇന്ത്യയ്ക്കും അമേരിക്കയ്ക്കും ഈ വിഷയത്തിൽ സമാനമായ നിലപാടാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അനധികൃതമായി അമേരിക്കയിൽ കഴിയുന്ന ഏതൊരു ഇന്ത്യക്കാരനെയും തിരികെ കൊണ്ടുപോകാൻ തയ്യാറാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഈ മാസം 104 അനധികൃത കുടിയേറ്റക്കാരെ അമേരിക്ക സൈനിക വിമാനത്തിൽ ഇന്ത്യയിൽ നിന്ന് അമൃത്സറിലേക്ക് തിരിച്ചയച്ചിരുന്നു. 18,000 അനധികൃത കുടിയേറ്റക്കാരെ തിരിച്ചെടുക്കാൻ ഇന്ത്യ സമ്മതിച്ചതായാണ് റിപ്പോർട്ട്. വലിയ സ്വപ്നങ്ങളും വലിയ വാഗ്ദാനങ്ങളും നൽകി അമേരിക്കയിലെത്തിയ തന്റെ പൗരന്മാരെയോർത്ത് മോദി ഖേദം പ്രകടിപ്പിച്ചതോടൊപ്പം മനുഷ്യക്കടത്തുകാരുടെ ചൂഷണം ചെറുക്കാനാണ് താനും ആഗ്രഹിക്കുന്നതെന്ന് വിശദീകരിച്ചു. ഇന്ത്യയിലെ ദരിദ്രരായ യുവാക്കളാണ് ചൂഷണത്തിന് ഇരയായിരിക്കുന്നത്.

ചൈനയുമായുള്ള അതിർത്തി തർക്കങ്ങൾ അവസാനിപ്പിക്കാൻ മധ്യസ്ഥത വഹിക്കാനുള്ള ട്രംപിന്റെ വാഗ്ദാനം ഇന്ത്യ അതിവേഗം നിരസിച്ചു. അയൽക്കാരുമായി എന്ത് പ്രശ്നങ്ങളുണ്ടെങ്കിലും അത് കൈകാര്യം ചെയ്യുന്നതിന് എല്ലായ്പ്പോഴും ഉഭയകക്ഷി സമീപനമാണ് സ്വീകരിക്കുന്നതെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി പറഞ്ഞു.



ട്രംപിന്റെ എഫ്-35 (യുഎസ് നേതൃത്വത്തിലുള്ള പാശ്ചാത്യ സൈന്യത്തിലെ ഏറ്റവും അത്യാധുനിക യുദ്ധവിമാനങ്ങൾ) ഇന്ത്യക്ക് നൽകാമെന്ന വാഗ്ദാനത്തിലും ഔപചാരികമായ നടപടിക്രമങ്ങൾ ഇതുവരെ ആരംഭിച്ചതായി താൻ കരുതുന്നില്ല എന്നും വിക്രം മിസ്രി കൂട്ടിച്ചേർത്തു.

26/11 മുംബൈ ഭീകരാക്രമണക്കേസിലെ പ്രതി തഹാവുർ റാണയെ ഇന്ത്യയ്ക്ക് കൈമാറുമെന്ന് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വ്യാഴാഴ്ച പ്രഖ്യാപിച്ചു. ഇന്ത്യയിൽ അയാൾ നീതിപീഠത്തെ നേരിടുമെന്ന് ട്രംപ് പറഞ്ഞു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായുള്ള ഉഭയകക്ഷി കൂടിക്കാഴ്ചയ്ക്ക് ശേഷം നടത്തിയ സംയുക്ത പത്രസമ്മേളനത്തിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്.

'ചരിത്രത്തിലെ ഏറ്റവും മികച്ച വ്യാപാര പാതകളിൽ ഒന്ന് നിർമ്മിക്കാൻ സഹായിക്കുന്നതിന് ഒരുമിച്ച് പ്രവർത്തിക്കാൻ ഞങ്ങൾ സമ്മതിച്ചു. ഇത് ഇന്ത്യയിൽ നിന്ന് ഇസ്രായേലിലേക്കും ഇറ്റലിയിലേക്കും തുടർന്ന് യുഎസിലേക്കും ഞങ്ങളുടെ പങ്കാളികളെയും റോഡുകളെയും റെയിൽവേകളെയും കടലിനടിയിലെ കേബിളുകളെയും ബന്ധിപ്പിക്കും. ഇത് ഒരു വലിയ വികസനമാണ്,' അദ്ദേഹം കൂട്ടിച്ചേർത്തു.

റഷ്യ-ഉക്രെയ്ൻ യുദ്ധം പരിഹരിക്കാനുള്ള ട്രംപിന്റെ സംരംഭങ്ങളെ മോദി സ്വാഗതം ചെയ്തു

റഷ്യ-ഉക്രെയ്ൻ സംഘർഷം പരിഹരിക്കുന്നതിന് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് നടത്തുന്ന ശ്രമങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വാഗതം ചെയ്തു. സംഘർഷം ചർച്ചയിൽ പരിഹരിക്കണമെന്ന ഇന്ത്യയുടെ നിലപാട് മോഡി ആവർത്തിച്ചു

ഇന്ത്യയുടെ നിലപാട് നിഷ്പക്ഷമല്ല, മറിച്ച് സമാധാനത്തിന്റെ പക്ഷത്താണെന്നും അദ്ദേഹം ആവർത്തിച്ചു.

റഷ്യയിലെയും ഉക്രെയ്നിലെയും



നേതാക്കളെ താൻ നേരിട്ട് കണ്ടിട്ടുണ്ടെന്നും റഷ്യൻ പ്രസിഡന്റ് പുടിന്റെ സാന്നിധ്യത്തിൽ നടത്തിയ 'ഇത് യുദ്ധതിന്റെ നെ കാലമല്ല' എന്ന തന്റെ പരാമർശം ചൂണ്ടിക്കാട്ടുകയും ചെയ്തു.

'ഇരു രാജ്യങ്ങളും (റഷ്യയും ഉക്രെയ്നും) പങ്കെടുക്കുന്ന ഒരു വേദിയിൽ മാത്രമേ യുദ്ധത്തിനുള്ള പരിഹാരം കണ്ടെത്താൻ കഴിയൂ എന്ന് ഇന്ത്യ വിശ്വസിക്കുന്നു. പ്രസിഡന്റ് ട്രംപിന്റെ ശ്രമങ്ങളെ ഞാൻ പിന്തുണയ്ക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്നു. എത്രയും വേഗം അദ്ദേഹം വിജയിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.'

**എഫ് 35 കച്ചവടം ഇന്ത്യയെ പിഴിയാൻ മാത്രം; രാജ്യത്തോട് യുഎസിനു ബഹുമാനമൊന്നും ഇല്ലെന്നു കോൺഗ്രസ്**

ഇന്ത്യയോട് യാതൊരു ബഹുമാനവും ഇല്ലാത്ത യുഎസ് ബന്ധങ്ങളുടെ പേര് പറഞ്ഞു പരമാവധി മെച്ചം ഊറ്റിയെടുക്കാനാണ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ശ്രമിക്കുന്നതെന്നു പ്രതിപക്ഷ കോൺഗ്രസ് പാർട്ടി വെള്ളിയാഴ്ച്ച ആരോപിച്ചു. ഇന്ത്യക്കു എഫ് 15 പോർ വിമാനങ്ങൾ വിൽക്കുമെന്ന പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ അറിയിപ്പിനോട് പ്രതികരിക്കുകയായിരുന്നു പാർട്ടി.

അനധികൃത കുടിയേറ്റക്കാർ എന്ന പേരിൽ തിരിച്ചയച്ചവരെ യുഎസ് നീചമായാണ് കൈകാര്യം ചെയ്തതെന്ന് പാർട്ടി വക്താവ് താരിഖ് അന്വർ പറഞ്ഞു. ഇന്ത്യക്കാരോട് അവർക്കു മനുഷ്യത്വവുമില്ല, ബഹുമാനവുമില്ല. എന്നാൽ ഉറ്റ ചങ്ങാത്തമാണെന്ന ഭാവത്തിൽ ഇന്ത്യയിൽ നിന്നു പരമാവധി ലാഭം കൊയ്യാനാണു ശ്രമം.

യുഎസിൽ നിന്ന് അനധികൃത കുടിയേറ്റക്കാരെ തിരിച്ചു കൊണ്ടുവരുമെന്ന പ്രധാനമന്ത്രി മോദിയുടെ ഉറപ്പിനെ പരാമർശിച്ചു അദ്ദേഹം പറഞ്ഞു: 'ഏതു രാജ്യത്തും അനധികൃതമായി കടന്നവർക്കു തുടരാൻ അവകാശമില്ല. ഒരു പക്ഷെ മനുഷ്യാവകാശങ്ങളുടെ പ്രാധാന്യം പ്രധാനമന്ത്രിക്ക് അറിയില്ലായിരിക്കും.

'അത് നമ്മുടെ ആഗോള ഉത്തരവാദിത്വത്തിന്റെ ഭാഗമാണ്. എന്നാൽ രാഷ്ട്രീയ ആവശ്യങ്ങൾക്കു വേണ്ടി നമ്മൾ പലപ്പോഴും അവഗണിക്കുന്നു.

ചർച്ചകൾ കൈകാര്യം ചെയ്യാൻ മോദി തന്നെക്കാൾ മെച്ചമാണെന്ന ട്രംപിന്റെ അഭിപ്രായം പരാമർശിച്ചു താരിഖ് പറഞ്ഞു: 'സ്വന്തം പൗരന്മാരെ സംരക്ഷിക്കയും അവരുടെ അന്തസ് ഉയർത്തിപ്പിടിക്കയും ചെയ്യാൻ ശ്രമിക്കാത്ത ഒരാൾക്കു ചർച്ചകളിൽ മികവ് കാട്ടാൻ കഴിയും. സ്വന്തം ജനതയുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന ഒരാളാണ് യഥാർഥത്തിൽ ചർച്ചകളിൽ മികവ് കാട്ടുന്നത്.'




MALABAR
GOLD & DIAMONDS
Heart to Heart
JEWELLERY COLLECTION
#LoveThatNeverFades
OVER
100 DESIGNS
STARTING FROM
USD 240
FREE WATCH
Calvin Klein
ANNE KLEIN
*On purchase of diamond Heart to Heart Jewellery collection
*T&C Apply
Offer valid till 16th February 2025

# ബാബു വർഗീസ് എൻജിനിയറിംഗിലെ വിജയഗാഥ



നോർവീജിയൻ ഇന്ത്യൻ ഹൈക്കമ്മീഷണറിൽ നിന്ന് 'പ്രവാസി രത്ന' അവാർഡ് സ്വീകരിക്കുന്നു. സമീപം ഓസ്ലോ മേയർ.

**മീട്ടു റഹ്മത്ത് കലാം**

ഫ്ലോറിഡ ബോർഡ് ഓഫ് പ്രൊഫഷണൽ എഞ്ചിനീയർസിന്റെ ചെയർമാനായി സേവനമനുഷ്ഠിച്ചിട്ടുള്ള ബാബു വർഗീസ്, ബോർഡിലെ ഒരു ദശാബ്ദത്തിലേറെയുള്ള സേവനത്തിനു ശേഷം വിരമിച്ചു. 108 വർഷത്തെ ചരിത്രത്തിൽ ബോർഡിന്റെ ചെയർമാൻ സ്ഥാനത്ത് എത്തുന്ന ആദ്യ ഇന്ത്യൻ. 16 മണിക്കൂർ ദൈർഘ്യമുള്ള രണ്ടുദിവസം നീളുന്ന പരീക്ഷയിൽ എഞ്ചിനീയറിംഗ് രംഗത്തെ പരിജ്ഞാനം മുഴുവൻ അളന്ന ശേഷമാണ് ഈ സ്ഥാനത്തെത്തുന്നത്. ബോർഡ് മെമ്പറാകുന്ന ആദ്യ മലയാളി. ഇക്കഴിഞ്ഞ ഡിസംബർ വരെ തുടർച്ചയായി പത്തുവർഷം പ്രസ്തുത സ്ഥാനത്ത് സേവനമനുഷ്ഠിച്ചു. റിക് സ്കോട്ട്, റോൺ ഡിസാന്റസ് എന്നീ ഗവർണർമാരാണ് രണ്ടുതവണ നിയമിച്ചത്.

ലോകത്തിലെ ഏറ്റവും ശ്രദ്ധേയമായ ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നാണ് ഫ്ലോറിഡയിലെ മയാമി. അതിനടുത്തുള്ള ഡേവി നഗരസഭയുടെ ഉദ്യാനത്തിലെ ഗാന്ധി സ്ക്വയർ, അമേരിക്കയിലുള്ള ഓരോ ഇന്ത്യക്കാരന്റെയും അഭിമാനമാണ്. നൂറിലധികം രാജ്യത്തെ ജനങ്ങൾ അധിവസിക്കുന്ന ഫ്ലോറിഡയിൽ ഒരു ലക്ഷത്തിലധികം ജനങ്ങളുള്ള ഡേവി നഗരസഭ മഹാത്മജിക്ക് സ്മാരകം പണികഴിപ്പിക്കാൻ സൗജന്യമായി സിറ്റിയുടെ അര ഏക്കർ സ്ഥലം ഇന്ത്യൻ കമ്മ്യൂണിറ്റിക്ക് അനുവദിച്ചപ്പോൾ, അതിന്റെ നിർമ്മാണ ചുമതല ഏല്പിച്ചത് ഒരു മലയാളിയെയാണ്. ആബ്ടെക് എഞ്ചിനീയറിംഗ് ഗ്രൂപ്പ് സാരഥിയായ തൃശൂർ അയ്യന്തോൾ സ്വദേശി ബാബു വർഗീസ് തന്റെ കരിയറിലെ നാഴികക്കല്ലായി ആ നേട്ടം ഹൃദയത്തോട് ചേർക്കുന്നു. 2012 ഒക്ടോബർ 2, ഗാന്ധി ജയന്തി ദിനത്തിൽ ഗാന്ധി സ്ക്വയറിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ച മുൻ ഇന്ത്യൻ പ്രസിഡന്റ് എ.പി.ജെ.അബ്ദുൽ കലാമിന്റെ അഭിനന്ദനവാക്കുകൾ മുന്നോട്ടുള്ള യാത്രയിൽ എന്നും പ്രചോദനമായിട്ടുണ്ടെന്നും അദ്ദേഹം പറയുന്നു. ഫ്ലോറിഡ ബോർഡ് ഓഫ് പ്രൊഫഷണൽ എഞ്ചിനീയർസിന്റെ ചെയർമാനായി സേവനമനുഷ്ഠിച്ചിട്ടുള്ള ബാബു വർഗീസ്, ഇ-മലയാളി മാൻ ഓഫ് ദി ഇയർ അവാർഡ് ,ഗർഷോം അവാർഡ്,പ്രവാസി

> **2012 ഒക്ടോബർ 2, ഗാന്ധി ജയന്തി ദിനത്തിൽ ഗാന്ധി സ്ക്വയറിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ച മുൻ ഇന്ത്യൻ പ്രസിഡന്റ് എ.പി.ജെ.അബ്ദുൽ കലാമിന്റെ അഭിനന്ദനവാക്കുകൾ മുന്നോട്ടുള്ള യാത്രയിൽ എന്നും പ്രചോദനമായിട്ടുണ്ടെന്നും അദ്ദേഹം പറയുന്നു.**



ആബ്ടെക് എഞ്ചിനീയറിംഗ് ഓഫീസിൽ

രത്ന അവാർഡ്(നോർവേ),ഫ്ലവേർസ് ടിവി പുരസ്കാരം എന്നിങ്ങനെ നിരവധി അംഗീകാരങ്ങൾ സ്വന്തമാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ കൂടുതൽ വിശേഷങ്ങളിലേക്ക്...

**ആദ്യകാലജീവിതം?**

തൃശൂർ അയ്യന്തോളാണ് സ്വദേശം. സ്കൂൾ പഠനമൊക്കെ അവിടെ തന്നെയായിരുന്നു.സെന്റ് തോമസ് കോളജിൽ നിന്ന് പ്രീഡിഗ്രി പൂർത്തിയാക്കിയ ശേഷം ഇലക്ട്രിക്കൽ എൻജിനീറിങ്ങിന് കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ചേർന്നു.ഷിപ്പ് ടെക്നോളജിക്ക് കൂടുതൽ സാധ്യതയുണ്ടെന്നറിഞ്ഞ് പിന്നീട് ആ ബ്രാഞ്ചിലേക്ക് തിരിഞ്ഞു. കുസാറ്റും ജർമ്മൻ യൂണിവേഴ്സിറ്റിയും തമ്മിൽ കൊളാബറേറ്റ് ചെയ്ത്,ജർമ്മൻ അധ്യാപകരാണ് ക്ലാസ് എടുത്തിരുന്നത്. ഇന്ത്യയിൽ തന്നെ ആ ബാച്ചിൽ ഷിപ്പ് ടെക്നോളജിക്ക് മുപ്പത് വിദ്യാർത്ഥികളേ ഉണ്ടായിരുന്നുള്ളു.അവസാന സെമസ്റ്ററിൽ തന്നെ ഞങ്ങളിൽ പലരെയും ചില കമ്പനികൾ മോഹിപ്പിക്കുന്ന ശമ്പളം വാഗ്ദാനം ചെയ്ത് ഹയർ ചെയ്തു. നേവൽ ആർക്കിടെക്ചറൽ എൻജിനീയറിംഗിൽ ബിരുദം നേടിയ ശേഷം, ബോംബെയിലെ മസഗോൺ ഡോക്കിന്റെ ഡിസൈൻ ആൻഡ് ഡവലപ്പ്മെന്റ് സെക്ഷനിൽ 9 മാസം ജോലി ചെയ്തു. അതിനിടയിലാണ് അമേരിക്കയിൽ ഫുൾ സ്കോളർഷിപ്പോടെ ഉപരിപഠനത്തിന് അവസരം ഒരുങ്ങിയത്. അങ്ങനെ 1984ൽ ഫ്ലോറിഡയിലെത്തി.



ഡോ. അബ്ദുൽ കലാമുമായുള്ള കൂടിക്കാഴ്ച

**അമേരിക്കയിൽ ഉന്നതപഠനത്തിന് സ്കോളർഷിപ്പ് ലഭിക്കാൻ എന്തൊക്കെ ചെയ്യണമെന്ന് അക്കാലത്ത് ആരാണ് മാർഗ്ഗനിർദ്ദേശം നൽകിയത്?**

മെന്റർ എന്നുപറയാൻ ആരും ഉണ്ടായിരുന്നില്ല. എൺപതുകളുടെ തുടക്കത്തിൽ കേരളത്തിൽ കോട്ടയം പോലുള്ള ചുരുക്കം ജില്ലകളിൽ നിന്നുമാത്രമേ ആളുകൾ അമേരിക്കയിലേക്ക് പോയിരുന്നുള്ളു. തൃശൂർ നിന്നൊന്നും ആരും അങ്ങോട്ട് പോയി തുടങ്ങിയിരുന്നില്ല. അമേരിക്കയിലേക്ക് എത്തപ്പെട്ടത് ഏറെക്കുറെ ആകസ്മികമായിരുന്നു. ബോംബെയിൽ മെച്ചപ്പെട്ട താമസസ്ഥലം ലഭിക്കുന്നതിന് മാത്രമായി ഒരു ജർമ്മൻ കോഴ്സിന് ചേർന്നതാണ് വഴിത്തിരിവായത്. ഐഐടി യിൽ നിന്ന് പഠിച്ചിറങ്ങിയവരായിരുന്നു അവിടെ കൂടു



ഇടത്തുനിന്ന്: മകൻ ജോർജ്, മകൾ ആൻമേരി, ബാബു വർഗീസ്, ഭാര്യ ആശ, ഇളയ മകൻ പോൾ

തൽ.മിക്കവരുടെയും കയ്യിൽ 'ജിആർഇ' എന്നൊരു പുസ്തകം കണ്ടാണ് അതിനെക്കുറിച്ച് അന്വേഷിച്ചത്. എന്റെ സഹമുറിയനായ ഹിന്ദിക്കാരന്റെ പക്കലും ആ പുസ്തകം കണ്ടു.അമേരിക്കയിൽ ഉപരിപഠനത്തിന് പോകുന്നതിന് സ്കോളർഷിപ്പ് പരീക്ഷ എഴുതുന്നതിനെക്കുറിച്ച് അവനിൽ നിന്നാണ് അറിഞ്ഞത്.രണ്ടുമൂന്നു മാസത്തിനുള്ളിൽ അവൻ പരീക്ഷ പാസായി കടൽ കടന്നതുകണ്ടപ്പോൾ ഒന്ന് ശ്രമിച്ചു നോക്കാമെന്ന് എനിക്കും തോന്നി. ഫ്ളോറിഡ അറ്റ്ലാന്റിക് യൂണിവേഴ്സിറ്റിയിൽ (FAU) നിന്നും ഫുൾസ്കോളർഷിപ്പും ടാറ്റാ സ്കോളർഷിപ്പും, ആർ.ഡി. സെത്ന, ടൈം ആൻഡ് ടാലന്റ് സ്കോളർഷിപ്പും ലഭിച്ചു. അങ്ങനെ ഫ്ളോറിഡ അറ്റ്ലാന്റിക് യൂണിവേഴ്സിറ്റിയിൽ ചേർന്നു.

ഫീസ് അടയ്ക്കാനുള്ള പണം നൽകുന്നതിൽ ഒതുങ്ങുന്നതല്ല ടാറ്റയുടെ സ്കോളർഷിപ്പ്. ഓരോ വർഷവും വിവിധ രംഗങ്ങളിലെ വിദ്യാർത്ഥികൾക്ക് അവർ സ്കോളർഷിപ്പ് നൽകും.എഞ്ചിനീയറിങ്ങിൽ ആ വർഷം എനിക്കാണ് ലഭിച്ചത്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് അവർ ഒരു കോക്ക്-ടെയിൽ പാർട്ടി നൽകുകയും അമേരിക്കയിൽ പോകുന്നതിന് മുൻപ് അറിയേണ്ട എല്ലാ കാര്യങ്ങളും പറഞ്ഞു തരികയും ചെയ്തിരുന്നു. ഗൂഗിളിന് മുൻപുള്ള കാലമാണ്. അതുകൊണ്ടു തന്നെ, എനിക്കത് ഏറെ പ്രയോജനം ചെയ്തു.അമേരിക്കയിലേക്കുള്ള എയർ ടിക്കറ്റും ക്യാമ്പസിൽ എത്തുന്നതുവരെയുള്ള എല്ലാക്കാര്യങ്ങളും അവർ തന്നെയാണ് ചെയ്തുതന്നത്.

### കൾച്ചർ ഷോക്ക് അനുഭവപ്പെട്ടിരുന്നോ?

വടക്കേ ഇന്ത്യക്കാർ കുറച്ചുപേർ ഉണ്ടായിരുന്നെങ്കിലും മലയാളിയായി ക്യാമ്പസിൽ മറ്റാരുമില്ലായിരുന്നു. ആദ്യവർഷം കോളജ് ക്യാമ്പസിൽ തന്നെയായിരുന്നു താമസം. കൾച്ചറൽ ഷോക്ക് അനുഭവപ്പെട്ടില്ല.മലയാളികൾ ഇല്ലാതിരുന്നതുകൊണ്ട് സ്വാഭാവികമായും ഹോസ്റ്റലിലെ അമേരിക്കൻ വിദ്യാർത്ഥികളുമായി സൗഹൃദത്തിലായി. അമേരിക്കയുടെ സംസ്കാരം ആഴത്തിൽ മനസ്സിലാക്കാൻ ആ സൗഹൃദങ്ങളാണ് എന്നെ സഹായിച്ചതെന്ന് ഇപ്പോൾ തിരിഞ്ഞുചിന്തിക്കുമ്പോൾ തോന്നുന്നു. ചെറുപ്രായമായിരുന്നതുകൊണ്ടുതന്നെ സാഹചര്യങ്ങളുമായി ഇഴുകിച്ചേരാനും പൊരുത്തപ്പെടാനും പ്രയാസമുണ്ടായിരുന്നില്ല. നമുക്കറിയാത്തൊരു കാര്യം കൂടെയുള്ളവർ പറഞ്ഞുതന്നാലോ കളിപറഞ്ഞാലോ ഒക്കെ ലാഘവത്തോടെ കാണാൻ കഴിഞ്ഞതുകൊണ്ടും മാനസികമായി ക്ലേശങ്ങളൊന്നും അനുഭവപ്പെട്ടിരുന്നില്ല. പൊതുവിൽ അമേരിക്കക്കാർ തുറന്ന മനസ്സും ന്യായബോധമുള്ളവരുമാണ്.ഈ രാജ്യത്തിന്റെ തനിമയും സംസ്ക്കാരവും മൂല്യങ്ങളും കൂടുതൽ മനസ്സിലാക്കുകയും അറിയുകയും ചെയ്യുമ്പോൾ പരസ്പര ബഹുമാനത്തിലേക്കാണ് അത് നമ്മെ കൊണ്ടു ചെന്നെത്തിക്കുന്നത്.

> **പൊതുവിൽ അമേരിക്കക്കാർ തുറന്ന മനസ്സും ന്യായബോധമുള്ളവരുമാണ്.ഈ രാജ്യത്തിന്റെ തനിമയും സംസ്ക്കാരവും മൂല്യങ്ങളും കൂടുതൽ മനസ്സിലാക്കുകയും അറിയുകയും ചെയ്യുമ്പോൾ പരസ്പര ബഹുമാനത്തിലേക്കാണ് അത് നമ്മെ കൊണ്ടു ചെന്നെത്തിക്കുന്നത്.**

### ഷിപ്പ് ഡിസൈൻ ആൻഡ് ഓഷ്യൻ എഞ്ചിനീയറിംഗ് രംഗത്തുനിന്ന് എങ്ങനെ സ്ട്രക്ചറൽ എഞ്ചിനീയറിങ്ങിലേക്ക് തിരിഞ്ഞു?

1985 ൽ ഓഷ്യൻ എഞ്ചിനീയറിംഗ് പ്രോഗ്രാമിൽ മാസ്റ്റേഴ്സ് ഡിഗ്രി ബെസ്റ്റ് ഇന്റർ നാഷ്ണൽ സ്റ്റഡന്റ് സ്കോളർഷിപ്പോടു കൂടി പൂർത്തിയാക്കാൻ കഴിഞ്ഞു. അമേരിക്കയിൽ നേവൽ ആർകിടെക്ച്ചറൽ എഞ്ചിനീയർമാരെ ആവശ്യമുള്ളത് ഡിഫൻസ് രംഗത്താണ്. ആ ജോലി അമേരിക്കൻ പൗരന്മാർക്കേ നല്കിയിരുന്നുള്ളു. ഇന്റർവ്യൂ പാസായിട്ടും അവർക്ക് എന്നെ ജോലിക്കെടുക്കാൻ സാധിക്കാതെ വന്നു. ആഗ്രഹിച്ചതുപോലെ നല്ലൊരു അവസരം ലഭിക്കാതെ, കിട്ടിയ ജോലിയിൽ തൃപ്തിപ്പെട്ട് ഒരുവർഷം കഴിച്ചുകൂട്ടി. എന്റെ മുമ്പിൽ രണ്ടു വഴികളെ ഉണ്ടായുള്ളൂ ഒന്നുകിൽ ഇന്ത്യയിലേക്ക് തിരികെ പോകുക. അല്ലെങ്കിൽ എൻജിനീയറിംഗ് ബ്രാഞ്ചു മാറുക. ഏതായാലും രണ്ടാമത്തെ വഴി ഞാൻ തിരഞ്ഞെടുത്തു.



ഇടത്തുനിന്ന്: ഇപ്പോഴത്തെ സെക്രട്ടറി ഓഫ് സ്റ്റേറ്റ് മാർക്കോ റൂബിയോ, മിസിസ് സ്കോട്ട്, റിക്ക് സ്കോട്ട് (ഫ്ലോറിഡയുടെ മുൻ ഗവർണറും നിലവിലെ യുഎസ് സെനറ്ററും), ജെബ് ബുഷ് (ഫ്ലോറിഡയുടെ മുൻ ഗവർണറും 2016 ലെ പ്രസിഡന്റ് സ്ഥാനാർത്ഥിയും)

തുടർന്ന് പുസ്തകങ്ങളിലൂടെ സ്ട്രക്ച്ചറൽ എൻജിനീയറിംഗ് തനിയെ പഠിച്ച് അമേരിക്കയിൽ ജോലി ചെയ്യാൻ ആവശ്യമായ ലൈസൻസ് കരസ്ഥമാക്കി. മയാമിയിലെ വളരെ വലിയ ആർക്കിടെക്ചറൽ എൻജിനീയറിംഗ് സ്ഥാപനത്തിൽ ജോലി ലഭിച്ചു.

### സ്വന്തമായൊരു സ്ഥാപനം തുടങ്ങാൻ തീരുമാനിച്ചത്?

സുഹൃത്തുക്കൾക്കൊപ്പം സംസാരിച്ചിരിക്കെ യാദൃച്ഛികമായി ഉരുത്തിരിഞ്ഞ ആശയമാണ് സ്വന്തമായി സ്ഥാപനം തുടങ്ങുക എന്നുള്ളത്. എവിടെ എന്നുള്ളതായിരുന്നു മുൻപിൽ ഉണ്ടായിരുന്ന ചോദ്യം.ബിസിനസ് തുടങ്ങുന്നതിന് എപ്പോഴുമൊരു റിസ്കുണ്ട്. രണ്ടുവർഷം പരീക്ഷണാർത്ഥം നടത്തിനോക്കാമെന്നാണ് കരുതിയത്. നാട്ടിലാകുമ്പോൾ താരതമ്യേന കുറഞ്ഞ ചിലവിൽ കാര്യങ്ങൾ നടപ്പാക്കാം. എറണാകുളം ഇൻഫോപാർക്കിൽ ആരംഭിച്ചാൽ സമരം പോലുള്ള പ്രശ്നങ്ങൾ ഉണ്ടാകില്ലെന്നും വൈദ്യുതി ഉൾപ്പെടെ പലതിനും ലാഭമുണ്ടെന്നും പരിചയമുള്ളവർ പറഞ്ഞു. എന്നാൽ, ജനിച്ചുവളർന്ന അയ്യന്തോളിൽ തന്നെ ബിസിനസ് ആരംഭിക്കാമെന്നാണ് ഞാൻ തീരുമാനിച്ചത്. ടാറ്റായുടെ സ്കോളർഷിപ്പിനായി നടത്തിയ അഭിമുഖം നടത്തിയപ്പോൾ, അമേരിക്കയിൽ ഉപരിപഠനാർത്ഥം പോകുന്ന ഞങ്ങളാരും തിരികെ നാട്ടിൽ വരാൻ സാധ്യത ഇല്ലെന്നറിയാമെന്നും അവസരമുണ്ടായാൽ സ്വന്തം നാടിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നും ഓർമ്മപ്പെടുത്തിയിരുന്നു. ആ വാക്കുകൾ എന്റെ ഹൃദയത്തെ ആഴത്തിൽ സ്പർശിച്ചിരിക്കാം. ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ, ഞാനെടുത്ത തീരുമാനങ്ങളിൽ ഏറ്റവും മികച്ച ഒന്നായിരുന്നു അതെന്ന് ഉറപ്പിച്ചുപറയാം.

### ആബ്ടെക് എൻജിനീയറിംഗ് എന്ന സ്ഥാപനം അമേരിക്കയിൽ ഇന്ന് അറിയപ്പെടുന്ന നാമധേയമാണ്, ഈ പേരിലേക്ക് എത്തപ്പെട്ടത് എങ്ങനെയാണ്?

ബിസിനസ് എന്നൊരു സാഹസത്തിന് മുതിർന്നപ്പോൾ ഏറ്റവും കൂടുതൽ പിന്തുണ നൽകിയത് ഭാര്യ ആഷയാണ്. ഞങ്ങളുടെ ഇരുവരുടെയും പേരുചേർത്ത് 'ആഷാ ബാബു ടെക്നൊളജി' എന്ന് തമാശമട്ടിൽ പറഞ്ഞ്, അതിൽ നിന്നാണ് ആബ്ടെക് എന്നുള്ള പേരിലേക്ക് എത്തിച്ചേർന്നത്.അഞ്ച് എഞ്ചിനീയർമാരുമായിട്ടായിരുന്നു തുടങ്ങിയത്. ഇന്ന് ഫ്ളോറിഡായിലും തൃശൂരുമായി നൂറോളം എൻജിനീയർമ്മാർ ഇതിൽ ജോലി ചെയ്യുന്നുണ്ട്. എഞ്ചിനീയറിംഗ് റിപ്പോർട്ട്, ഡ്രോയിംഗുകൾ, കണക്കുകൂട്ടലുകളിലെ കൃത്യത, ഗുണനിലവാരത്തിലെ പൂർണ്ണത, ജോലിക്കാരുടെ സമർപ്പണം, ഈശ്വരാനുഗ്രഹം എല്ലാം ഒത്തുചേർന്നുവന്നതുകൊണ്ടാണ് വിജയം കരഗതമായത്. ഏറ്റെടുത്ത പദ്ധതികൾ വേഗത്തിൽ കാര്യക്ഷമമായി കുറഞ്ഞ ചിലവിൽ പൂർത്തീകരിക്കാൻ സാധിച്ചതുകൊണ്ടാണ് ക്ലയന്റ്സിന്റെ വിശ്വാസം നേടാൻ കഴിഞ്ഞത്. ചെറിയ കമ്പനികളിലും, ഡിസ്നി, യൂണിവേഴ്സൽ പോലുള്ള വൻ കോർപ്പറേറ്റുകളുടെ കാര്യത്തിലും സമീപനം ഒന്നുതന്നെയാണ്. ഓരോ പ്രോജക്ടുകളും പൂർത്തീകരിക്കുമ്പോൾ അതിൽ വന്ന ന്യൂനതകൾ മനസ്സിലാക്കാനും അടുത്ത തവണ അത് പരിഹരിക്കാനും ശ്രദ്ധിക്കാറുണ്ട്. സ്വയം നവീകരിക്കുന്നത് ഈ രംഗത്ത് പ്രധാനമാണ്.

> **കൊടുക്കുംതോറും ഏറിടുന്ന ഒന്നാണ് ധനം എന്നെനിക്ക് അനുഭവപ്പെട്ടിട്ടുണ്ട്. ഒരു ചാരിറ്റി ഓർഗനൈസേഷന് ചെക്ക് എഴുതിക്കൊടുക്കുന്നതിനെക്കുറിച്ചല്ല പറയുന്നത്. ചുറ്റുമുള്ളവരുടെ സങ്കടങ്ങൾ കാണാനും പരിഹരിക്കാനും ശ്രമിക്കാറുണ്ട്.**

### എംപ്ലോയർ എന്ന നിലയിൽ ശ്രദ്ധിക്കുന്ന കാര്യങ്ങൾ?

ആബ്ടെക്കിൽ ജോലി ചെയ്യുന്നവർക്ക് മറ്റു സ്ഥാപനങ്ങളിൽ ഉള്ളവരെ അപേക്ഷിച്ച് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ അവസരം നൽകാറുണ്ട്. അസംബിൾ ചെയ്യുന്നവൻ അതുമാത്രം ചെയ്താൽ

മതി എന്ന് പറയാറില്ല. ഒരുകാര്യം മാത്രം പരിശീലിപ്പിക്കുന്നത് അവർക്ക് മുൻപിൽ പരിമിതി സൃഷ്ടിക്കുന്നതിന് തുല്യമാണ്. എല്ലാ നിലയിലും പ്രാവീണ്യമുള്ളവർ എന്നതുകൊണ്ട് എനിക്കൊപ്പം പ്രവർത്തിക്കുന്നവരെ റാഞ്ചാൻ ഒരുപാടുപേർ ചുറ്റുമുണ്ടെന്നറിയാം. ബോണ്ട് പോലെ യാതൊന്നും ഏർപ്പെടുത്തിയിട്ടില്ല. ഒപ്പം നിൽക്കുന്നവർക്ക് മറ്റൊരിടത്തേക്ക് ചാടാൻ തോന്നാത്ത തരത്തിൽ അവരെ പരിഗണിക്കുക എന്നുള്ളതാണ് ഞാൻ സ്വീകരിക്കുന്ന മാർഗം.

### ജീവിതത്തെ മുന്നോട്ടു നയിക്കുന്ന ഫിലോസഫി?

കൊടുക്കുംതോറും ഏറിടുന്ന ഒന്നാണ് ധനം എന്നെനിക്ക് അനുഭവപ്പെട്ടിട്ടുണ്ട്. ഒരു ചാരിറ്റി ഓർഗനൈസേഷന് ചെക്ക് എഴുതിക്കൊടുക്കുന്നതിനെക്കുറിച്ചല്ല പറയുന്നത്. ചുറ്റുമുള്ളവരുടെ സങ്കടങ്ങൾ കാണാനും പരിഹരിക്കാനും ശ്രമിക്കാറുണ്ട്. വീട്ടിലെ പ്രത്യേക സാഹചര്യങ്ങൾ കാരണം പുറത്തുപോയി ജോലി ചെയ്യാൻ കഴിയാതെ വിഷമിക്കുന്നവർക്ക് അവരുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാവുന്ന തൊഴിൽ നൽകിയിട്ടുണ്ട്. സഹായമായി പണം നൽകുമ്പോൾ ചിലർക്കെങ്കിലും അത് സ്വീകരിക്കാൻ പ്രയാസം തോന്നും. ജോലി ചെയ്ത് സമ്പാദിക്കുമ്പോൾ ലഭിക്കുന്ന സംതൃപ്തി ഒന്നുവേറെയാണ്. അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുന്നത് നമുക്ക് നേരിൽകണ്ട് ആനന്ദിക്കുകയും ചെയ്യാം.

### ഫ്ലോറിഡ ബോർഡ് ഓഫ് പ്രൊഫഷണൽ എഞ്ചിനീയർസിന്റെ ചെയർമാനായി പ്രവർത്തിച്ചിരുന്നല്ലോ?

അതാത് സ്റ്റേറ്റിന്റെ ഗവർണറാണ് ഈ സ്ഥാനത്തേക്കുള്ള നിയമനം നടത്തുന്നത്.1920 കളിലും 30 കളിലും സെന്റ് ഫ്രാൻസിസ് അണക്കെട്ട് തകർന്ന് അഞ്ഞൂറുപേരും ടെക്സാസിൽ ഗ്യാസ് പൊട്ടിത്തെറിച്ച് മുന്നൂറുപേരും മരണപ്പെട്ടതോടെയാണ് ഇങ്ങനെയൊരു ബോർഡ് രൂപീകരിച്ചത്. റോഡ്, പാലം പോലുള്ളവ നിർമ്മാണം പൂർത്തിയായ ശേഷം അതിനെന്ത് സംഭവിച്ചാലും നാട്ടിലേതുപോലെ ഉത്തരവാദിത്വത്തിൽ നിന്ന് നിർമ്മാതാക്കൾക്ക് ഒഴിഞ്ഞുമാറാൻ ഈ ബോർഡിലെ നിയമങ്ങൾ അനുവദിക്കില്ല. 108 വർഷത്തെ ചരിത്രത്തിൽ പ്രസ്തുത ബോർഡിന്റെ ചെയർമാൻ സ്ഥാനത്ത് എത്തുന്ന ആദ്യ ഇന്ത്യൻ എന്നതിൽ അഭിമാനമുണ്ട്. 16 മണിക്കൂർ ദൈർഘ്യമുള്ള രണ്ടുദിവസം നീളുന്ന പരീക്ഷയിൽ എഞ്ചിനീയറിംഗ് രംഗത്തെ പരിജ്ഞാനം മുഴുവൻ അളന്ന ശേഷമാണ് ഈ സ്ഥാനത്തെത്തുന്നത്. ബോർഡ് മെമ്പറാകുന്ന ആദ്യ മലയാളി ഞാനാണ്. ഇക്കഴിഞ്ഞ ഡിസംബർ വരെ തുടർച്ചയായി പത്തുവർഷം പ്രസ്തുത സ്ഥാനത്ത് സേവനമനുഷ്ഠിച്ചു. റിക് സ്കോട്ട്, റോൺ ഡിസാന്റസ് എന്നീ ഗവർണർമാരാണ് എന്നെ രണ്ടുതവണ നിയമിച്ചത്.



യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയോടൊപ്പം

> **108 വർഷത്തെ ചരിത്രത്തിൽ പ്രസ്തുത ബോർഡിന്റെ ചെയർമാൻ സ്ഥാനത്ത് എത്തുന്ന ആദ്യ ഇന്ത്യൻ എന്നതിൽ അഭിമാനമുണ്ട്. 16 മണിക്കൂർ ദൈർഘ്യമുള്ള രണ്ടുദിവസം നീളുന്ന പരീക്ഷയിൽ എഞ്ചിനീയറിംഗ് രംഗത്തെ പരിജ്ഞാനം മുഴുവൻ അളന്ന ശേഷമാണ് ഈ സ്ഥാനത്തെത്തുന്നത്.**

### കരിയറിൽ ഏറ്റവും സംതൃപ്തി നൽകിയ അനുഭവം?

ലോകത്തിലെ ഏറ്റവും ശ്രദ്ധേയമായ ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നാണ് ഫ്ലോറിഡയിലെ മയാമി. അതിനടുത്തുള്ള ഡേവി നഗരസഭയുടെ ഉദ്യാനത്തിലെ 'ഗാന്ധി സ്ക്വയർ',അമേരിക്കയിലുള്ള ഓരോ ഇന്ത്യക്കാരന്റെയും അഭിമാനമാണ്.നൂറിലധികം രാജ്യത്തെ ജനങ്ങൾ അധിവസിക്കുന്ന ഫ്ലോറിഡയിൽ ഒരു ലക്ഷത്തിലധികം ജനങ്ങളുള്ള ഡേവി നഗരസഭ, മഹാത്മജിക്ക് സ്മാരകം പണികഴിപ്പിക്കാൻ സൗജന്യമായി സിറ്റിയുടെ അര ഏക്കർ സ്ഥലമാണ് ഇന്ത്യൻ കമ്മ്യൂണിറ്റിക്ക് അനുവദിച്ചത്. അതിന്റെ നിർമാണച്ചുമതല എന്നെ ഏല്പിച്ചത് ഏറെ സംതൃപ്തി നൽകിയ അനുഭവമാണ്. സ്വാഭാവികമായും മറ്റു ചില രാജ്യക്കാർ ഇതിനെ എതിർത്തു. സിറ്റി ബോർഡിലും മേയറിനരികിലും ചെന്ന് ഗാന്ധിജി ഇന്ത്യയുടെ മാത്രം നേതാവല്ലെന്നും ,ലോകമനസ്സാക്ഷിയുടെ നെറുകയിൽ സമാധാനത്തിന്റെ പ്രതിരൂപമായി ആദരിക്കപ്പെടുന്ന മഹാത്മാവാണെന്ന് ബോധ്യപ്പെടുത്തുകയും രൂപകൽപന മുതൽ നിർമ്മാണം വരെ എല്ലാക്കാര്യങ്ങളും അതീവ ശ്രദ്ധയോടെ നിർവ്വഹിക്കാൻ സാധിച്ചതും കരിയറിലെ മഹാഭാഗ്യമായി കരുതുന്നു. വെറുമൊരു ഡിസൈൻ ആൻഡ് കൺസ്ട്രക്ഷൻ കോൺട്രാക്ട് ആയിട്ടല്ല ഞാനത് കണ്ടത്. ഇന്ത്യക്കാർക്ക് അഭിമാനിക്കാവുന്ന ഒന്നായി ഗാന്ധി സ്ക്വയർ വർത്തിക്കണമെന്ന നിർബന്ധബുദ്ധികൊണ്ടുകൂടിയാണ്, ഏറ്റവും മികച്ച രീതിയിൽ അത് പൂർത്തീകരിക്കാൻ കഴിഞ്ഞത്. ഇന്ത്യയിൽ നിന്ന് ഏത് രാഷ്ട്രീയ പ്രമുഖർ വന്നാലും ഗാന്ധി സ്ക്വയർ സന്ദർശിക്കും.

### കുടുംബം?

ഭാര്യ ആഷയും മൂന്നുമക്കളും അടങ്ങുന്ന സന്തുഷ്ട കുടുംബം. മൂത്തമകൻ ജോർജ്ജ് യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയിയിൽ നിന്ന് എഞ്ചിനീയറിങ്ങിൽ മാസ്റ്റേഴ്സ് നേടിയ ശേഷം ഒരു കമ്പനിയിൽ അഞ്ചുവർഷം ജോലി ചെയ്തു. മകൾ ആൻ മറിയും എഞ്ചിനീയറായി രണ്ടു വർഷം മറ്റൊരു സ്ഥാപനത്തിൽ ജോലി ചെയ്തു. മറ്റു സ്ഥാപനങ്ങളിലെ കൾച്ചർ മനസ്സിലാക്കാൻ വേണ്ടി ഞാൻ തന്നെയാണ് അങ്ങനൊരു നിർദ്ദേശം വച്ചത്. ആറു മാസം മുൻപ് രണ്ടുപേരും ആബ്ടെക്കിനു വേണ്ടി പ്രവർത്തിച്ചുതുടങ്ങി.ഇളയമകൻ പോൾ കോളജ് വിദ്യാർത്ഥിയാണ്.



Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# പാലാ രൂപതാ ഭൂമിയിലെ ശിവലിംഗ വിവാദവും നിലയ്ക്കൽ പ്രക്ഷോഭത്തിന്റെ ഓർമകളും

**എ.എസ് ശ്രീകുമാർ**

പാലാ ബിഷപ്പ് ഹൗസിന്റെ കീഴിലുള്ള ഭൂമിയിൽ ശിവലിംഗം കണ്ടെത്തിയെന്ന അവകാശവാദത്തിന് പിന്നാലെ വിശ്വ ഹിന്ദു പരിഷത്ത് അടക്കമുള്ള ഹിന്ദുത്വ സംഘടനകൾ രംഗത്തെത്തിയതോടെ സംഭവം വിവാദമാവുകയാണ്. അരമനയ്ക്ക് സമീപം കൊട്ടാരമറ്റത്ത് ആർ.വി സ്ക്വയറിന് സമീപത്തുള്ള പാലാ രൂപതയുടെ 1.35 ഏക്കർ ഭൂമി കപ്പ കൃഷിക്കായി ജെ.സി.ബി ഉപയോഗിച്ച് മൺകൂന ഉണ്ടാക്കുന്നതിനായി ആഴത്തിൽ മാന്തിയപ്പോഴാണ് ശിലാവസ്തുക്കൾ കണ്ടെത്തിയത്. ഇത് ശിവലിംഗവും പാർവതി വിഗ്രഹവുമാണെന്നും വിഗ്രഹത്തിന് നൂറ്റാണ്ടുകൾ പഴക്കമുണ്ടെന്നും സ്ഥലം സന്ദർശിച്ച വെള്ളാപ്പാട് ഭഗവതി ക്ഷേത്രം മേൽശാന്തി പ്രദീപ് നമ്പൂതിരി പറഞ്ഞു.

തുടർന്ന് വിശ്വഹിന്ദുപരിഷത്ത് ജില്ല ഭാരവാഹി മോഹനൻ പനയ്ക്കൽ ഉൾപ്പെടെയുള്ള നേതാക്കൾ ഇവിടം സന്ദർശിച്ചു. ക്ഷേത്രത്തിന് വടക്കുപടിഞ്ഞാറ് മാറിയാണ് ഈ സ്ഥലം. നൂറ്റാണ്ടുകൾക്ക് മുമ്പ് ഈ പ്രദേശത്ത് ക്ഷേത്രമുണ്ടായിരുന്നതായാണ് ക്ഷേത്രഭാരവാഹികൾ പറയുന്നത്. തുടർന്ന് ക്ഷേത്രഭാരവാഹികളുടെ നേതൃത്വത്തിൽ പ്രദേശത്ത് പ്രത്യേക പൂജയും പ്രാർത്ഥനകളും നടത്തുകയായിരുന്നു. ശിവലിംഗത്തിന് പുറമെ ശില, കൽവിളക്ക് എന്നിവയാണ് കണ്ടെത്തിയത്. സംഭവമറിഞ്ഞ് നിരവധി പേർ സ്ഥലത്തേക്ക് എത്തുന്നുണ്ട്.



**നെഞ്ചിനുള്ളിലെ ദൈവത്തെ ഞാൻ കണ്ണു തുറന്ന് കാണുമെന്ന ഭയത്താലാവാം അവർ എന്നോട് കല്ലിനെ പ്രാർത്ഥിക്കാൻ പറഞ്ഞത്**

മുമ്പ് പാലാ രൂപതയുടെ മാർ സ്ലീവാ ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട സാമ്പത്തിക ആവശ്യങ്ങളുടെ ഭാഗമായി വില്പന നടത്താൻ ആലോചിച്ചിരുന്ന വസ്തുവകകളിൽ ഒന്നാണത്രേ ഈ സ്ഥലം. കൂത്താപ്പാടി ഇല്ലം വകയായിരുന്ന ഭൂമി, ഇല്ലം ക്ഷയിച്ചതോടെ ചില കുടുംബങ്ങൾ പാട്ടത്തിനെടുത്തെന്നും അവർ പിന്നീട് കൈയേറ്റം നടത്തുകയും ചെയ്തു എന്നും പറയപ്പെടുന്നു. പലതവണ കൈമറിഞ്ഞ ഈ ഭൂമി വെട്ടത്ത് കുടുംബക്കാരിൽ നിന്നാണ് പാല അരമന വാങ്ങിയത്. 10 വർഷത്തിന് മുൻപ് ഇവിടെ റബറായിരുന്നു. പിന്നീടാണ് കപ്പ കൃഷി ആരംഭിച്ചത്.

അതേസമയം, ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് നിലവിൽ തർക്കങ്ങളൊന്നുമില്ലെന്ന് പൊലീസും റവന്യൂ അധികൃതരും അറിയിച്ചു. ദേവപ്രശ്നം ഉൾപ്പെടെ ആചാരപരമായ കർമ്മങ്ങൾക്ക് വെള്ളാപ്പാട്ട് ക്ഷേത്രം ഭാരവാഹികൾ പാലാ അരമനയെ സമീപിക്കുകയും ചെയ്തു. ഹൈന്ദവ ആചാര പ്രകാരം വിഗ്രഹം മാറ്റിസ്ഥാപിക്കുന്നതിന് സഹായം ചെയ്യുമെന്ന് പാല അരമന വ്യക്തമാക്കിയിട്ടുണ്ട്.

വർഷങ്ങൾക്ക് മുൻപ് ഇവിടെ ക്ഷേത്രമുണ്ടായിരുന്നതായി പറഞ്ഞുകേട്ടിട്ടുണ്ടെന്ന് വെള്ളാപ്പാട് ക്ഷേത്ര കമ്മിറ്റിയംഗം പറഞ്ഞയുന്നു. ആറ് മാസം മുൻപ്

**വിവിധ ആവശ്യങ്ങൾക്കായി മണ്ണ് മാന്തുമ്പോൾ കേരളത്തിന്റെ പലഭാഗത്തുനിന്നും ശിലാ വസ്തുക്കളും വിഗ്രഹങ്ങളും കുരിശുമൊക്കെ കണ്ടെത്തിയിട്ടുണ്ട്. അപ്പോഴൊക്കെ വർഗീയ വാദികളും രാഷ്ട്രീയക്കാരും തൽപര കക്ഷികളുമൊക്കെ മുതലെടുപ്പുമായി രംഗത്തുവരാറുമുണ്ട്. അത്തരത്തിൽ കേരളത്തിന്റെ മുഖമുദ്രയായ മതമൈത്രിക്ക് ഏറ്റ കളങ്കമായിരുന്നു നിലയ്ക്കൽ പ്രക്ഷോഭം. കേരളത്തിലെ ഹിന്ദു-ക്രിസ്ത്യൻ ഏറ്റുമുട്ടലിന്റെ കത്തുന്ന ചരിത്രമാണ് നിലയ്ക്കൽ പ്രക്ഷോഭത്തിന്റെ കറുത്ത അധ്യായങ്ങളിൽ എഴുതപ്പെട്ടിട്ടുള്ളത്.**

വെള്ളാപ്പാട് ക്ഷേത്രത്തിൽ താംബൂല പ്രശ്നം നടന്നപ്പോൾ ഈ ക്ഷേത്രത്തിനെക്കുറിച്ച് പ്രതിപാദിച്ചിരുന്നു. അധികം താമസിക്കാതെ ഇവിടെ ഒരു മാറ്റം സംഭവിക്കുമെന്ന് താംബൂല പ്രശ്നത്തിന് നേതൃത്വം നൽകിയ ജ്യോതിഷി ചോറോട് ശ്രീനാഥ് പണിക്കർ പറഞ്ഞിരുന്നതായും കമ്മിറ്റിയംഗം വ്യക്തമാക്കി. വിഗ്രഹം കണ്ടെടുത്ത സ്ഥലത്ത് നൂറ്റാണ്ടുകൾക്ക് മുമ്പ് 'തണ്ടളത്ത് തേവർ' എന്നറിയപ്പെട്ടിരുന്ന ക്ഷേത്രവും ആരാധനയും നടന്നിരുന്നതായാണ് ഇവർ അവകാശപ്പെടുന്നത്.

ഇവിടെ ബലിക്കല്ലും പീഠവും കിണറും ഉണ്ടായിരുന്നതായി കാരണവന്മാർ പറഞ്ഞു കേട്ടിട്ടുള്ളതായി സമീപവാസികളും പറയുന്നു. ഇപ്പോൾ ഉള്ള താമസക്കാരുടെ മുത്തച്ഛന്റെ ചെറുപ്പത്തിൽ ക്ഷേത്രം ഉണ്ടായിരുന്നു എന്നും 'തേവർ പുരയിടം' എന്നാണ് അറിയപ്പെട്ടിരുന്നതെന്നും അവർ ചൂണ്ടിക്കാട്ടുന്നു. ഇല്ലം ക്ഷയിച്ചതോടെ ക്ഷേത്രം അന്യാധീനപ്പെടുകയായിരുന്നു. സമീപത്തുള്ള എല്ലാവർക്കും നേരത്തെ ഇവിടെയൊരു ക്ഷേത്രമുണ്ടായിരുന്നതായി അറിയാമെന്നും അത് നാമാവശേഷമായ രീതിയിലായിരുന്നു എന്നും വെള്ളാപ്പാട് ക്ഷേത്ര ഭാരവാഹികൾ വിശദീകരിക്കുന്നു.

അതേസമയം, പാലാ രൂപത വക ഭൂമിയിൽ നിന്നും ശിവലിംഗം കണ്ടെടുത്ത സംഭവത്തിൽ രാഷ്ട്രീയ മുതലെടുപ്പിന് ശ്രമം നടക്കുന്നത് വിശ്വാസികൾക്കിടയിലും വൈദികർക്കിടയിലും അമർഷത്തിന് കാരണമായിട്ടുണ്ട്. പാലാ രൂപത ചർച്ച ചെയ്യുകയോ വിശദീകരിക്കുകയോ ചെയ്യാത്ത കാര്യങ്ങൾ ബി.ജെ.പി നേതാവുമായി മാറിയ പി.സി ജോർജ് സമൂഹ മാധ്യമങ്ങളിൽ പങ്കുവച്ചതാണ് വിവാദമായി. ബി.ജെ.പി അനുകൂല ക്രിസ്ത്യൻ തീവ്ര വിഭാഗമായ കാസയും രംഗത്ത് വന്നതാണ് വിശ്വാസികൾക്കിടയിൽ സംശയങ്ങൾക്കും പ്രതിഷേധത്തിനും കാരണമായിരിക്കുന്നത്.

ശിവലിംഗം കണ്ടെടുത്ത ഭൂമിയുമായി ബന്ധപ്പെട്ട് പാലാരൂപത വിട്ടുവീഴ്ചയ്ക്ക് തയ്യാറാണെന്ന രീതിയിൽ പി.സി ജോർജ് പ്രതികരിച്ചതാണ് വിവാദമായത്. പാലാ രൂപത ചർച്ച ചെയ്യുകയോ ഔദ്യോഗികമായി വിശദീകരിക്കുകയോ ചെയ്യാത്ത കാര്യങ്ങൾ രൂപതാധികാരികൾ സമ്മതിച്ചതായാണ് പി.സി പോസ്റ്റിട്ടത്. ഇരു സമുദായങ്ങളുമായി സംസാരിച്ച് ഇരുകൂട്ടർക്കും പ്രശ്നങ്ങൾ ഇല്ലാത്തവിധം പരിഹാരം കണ്ടെത്തുന്നതിനും അതിനായുള്ള നിലപാടുകൾ സ്വീകരിക്കുന്നതിലും വിശ്വാസികൾക്ക് എതിർപ്പുണ്ടാകില്ലെന്നും ഇക്കാര്യങ്ങൾ പറയാൻ പി.സി ജോർജിനെ തങ്ങളാരും ചുമതലപ്പെടുത്തിയിട്ടില്ലെന്നും വൈദികരും അൽമായ നേതാക്കളും വ്യക്തമാക്കി.

വിവിധ ആവശ്യങ്ങൾക്കായി മണ്ണ് മാന്തുമ്പോൾ കേരളത്തിന്റെ പലഭാഗത്തുനിന്നും ശിലാ വസ്തുക്കളും വിഗ്രഹങ്ങളും കുരിശുമൊക്കെ കണ്ടെത്തിയിട്ടുണ്ട്. അപ്പോഴൊക്കെ വർഗീയ വാദികളും രാഷ്ട്രീയക്കാരും തൽപര കക്ഷികളുമൊക്കെ മുതലെടുപ്പുമായി രംഗത്തുവരാറുമുണ്ട്. അത്തരത്തിൽ കേരളത്തിന്റെ മുഖമുദ്രയായ മതമൈത്രിക്ക് ഏറ്റ കളങ്കമായിരുന്നു നിലയ്ക്കൽ പ്രക്ഷോഭം. കേരളത്തിലെ ഹിന്ദു-ക്രിസ്ത്യൻ ഏറ്റുമുട്ടലിന്റെ കത്തുന്ന ചരിത്രമാണ് നിലയ്ക്കൽ പ്രക്ഷോഭത്തിന്റെ കറുത്ത അധ്യായങ്ങളിൽ എഴുതപ്പെട്ടിട്ടുള്ളത്.

983 മാർച്ച് 29-ന് നിലക്കൽ മഹാദേവ ക്ഷേത്രത്തിൽ നിന്ന് 200 മീറ്റർ അകലെ കേരള ഫാമിംഗ് കോർപ്പറേഷന്റെ സ്വകാര്യ ഭൂമിയിൽ ഒരു കൽക്കുരിശ് കണ്ടെത്തിയതോടെയാണ് സംഭവങ്ങളുടെ തുടക്കം. അടുത്ത ദിവസം, പമ്പാവാലി പള്ളിയുടെ വികാരിയായ ഫാ. മാത്യു അന്ത്യാകുളവും അനുയായികളും കുരിശ് കണ്ടെത്തിയ സ്ഥലത്ത് ഒരു താൽക്കാലിക ഷെഡ്ഡ് സ്ഥാപിക്കുകയും പ്രാർത്ഥനകൾ ആരംഭിക്കുകയും ചെയ്തു. നൂറ്റാണ്ടുകൾക്ക് മുമ്പ് അവിടെ സെന്റ് തോമസ് നിർമ്മിച്ച ഒരു പള്ളിയുടേതാണ് ആ കുരിശ് എന്നായിരുന്നു കത്തോലിക്കാ വിശ്വാസികളുടെ വാദം.

18 മലകൾ ചേർന്ന അയ്യപ്പന്റെ പൂങ്കാവനമാണെന്നാണ് ഹിന്ദുക്കൾ കണക്കാക്കുന്ന പ്രദേശമാണിത്. നിലക്കൽ ക്ഷേത്രത്തിനു സമീപം പള്ളി പണിയണമെന്ന കത്തോലിക്കരുടെ ആവശ്യം ഹൈന്ദവ കൂട്ടായ്മ എതിർത്തു. അഖില കേരള കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നിലയ്ക്കൽ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് പള്ളിക്കു വേണ്ടിയുള്ള സമൂഹ ആവശ്യവും ഉയർത്തി. 1983 മേയ് 19-ന് മുഖ്യമന്ത്രി കരുണാകരന്റെ നേതൃത്വത്തിലുള്ള സർക്കാർ നിലയ്ക്കലിൽ പള്ളി പണിയാനായി ഒരു ഹെക്ടർ ഭൂമി സഭയ്ക്ക് അനുവദിച്ചു. സർക്കാർ തീരുമാനത്തിൽ ഞെട്ടിപ്പോയ ഹിന്ദു സമൂഹം, പള്ളി പണിയാൻ അനുവദിക്കുന്നതിൽ നിന്ന് സർക്കാരിനെ തടയാൻ പ്രകടനങ്ങൾക്ക് ആഹ്വാനം ചെയ്തു.

രണ്ടായിരത്തിലധികം വരുന്ന ഹിന്ദുക്കൾ പ്രകടനം നടത്തുകയും പോലീസ് നടപടിയിൽ പലർക്കും പരിക്കേല്‍ക്കുകയും ചെയ്തു. കേരളമാകമാനം പ്രതിഷേധമുണ്ടായി. പലയിടത്തും പ്രതിഷേധം അക്രമാസക്തമാവുകയും പൊതുമുതൽ നശിപ്പിക്കപ്പെടുകയും ചെയ്തു. രണ്ട് ക്രിസ്ത്യൻ പള്ളികൾക്കെതിരേ ബോംബാക്രമണവുമുണ്ടായി. സ്വാമി സത്യാനന്ദ സരസ്വതി, കുമ്മനം രാജശേഖരൻ, ശിശുപാൽ ജി എന്നിവരുടെ നേതൃത്വത്തിൽ ഹിന്ദു സംഘടനകൾ സംയുക്തമായി നിലയ്ക്കലിൽ പള്ളി പണിയുന്നതിനെതിരായ പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിച്ചു.

ജൂലൈ 21-ന് വടവട്ടൂരിൽ വിവിധ സഭകളിൽപ്പെട്ട 21 ബിഷപ്പുമാർ ഒത്തുചേരുകയും അന്തരീക്ഷം ശാന്തമാകുന്നതുവരെ പള്ളിയുടെ നിർമ്മാണം നീട്ടിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തു. ജൂലൈ 23-ന് സത്യാനന്ദ സരസ്വതി ഈ തീരുമാനത്തെ സ്വാഗതം ചെയ്തു. ആഗസ്റ്റ് 19-ന് 15 ബിഷപ്പുമാരടങ്ങിയ സബ് കമ്മിറ്റി പണിയാനുദ്ദേശിക്കുന്ന പള്ളിയുടെ സ്ഥാനം മഹദേവർ ക്ഷേത്രത്തിൽ നിന്ന് നാല് കിലോമീറ്റർ ദൂരെ, ആങ്ങമൂഴി ഉൾവനത്തിൽ തേവർ മലയുടെ താഴ് വരയിൽ നിരപ്പായ സ്ഥലത്തേയ്ക്ക് മാറ്റാമെന്ന് തീരുമാനിച്ചു. മാറ്റിപ്പണിഞ്ഞ പള്ളിയുടെ സിൽവർ ജൂബിലി 2011-ൽ ആഘോഷിക്കപ്പെട്ടു. കുരിശ് ആദ്യം കണ്ടെത്തിയ സ്ഥലം ഇപ്പോൾ ശബരിമലയിലേക്കുള്ള തീർത്ഥാടകരുടെ വാഹന പാർക്കിങ്ങിന്റെ ഭാഗമാണ്.


KALYAN
JEWELLERS
This Valentine's Day
Celebrate love with
Something Truly Special
DISCOVER
OUR STUNNING GOLD AND
DIAMOND COLLECTIONS
&
Enjoy FLAT
10%OFF
ON VALENTINE'S DAY
COLLECTIONS
T&C apply. Limited period offer.
USA - 1337-1339, OAK TREE ROAD, ISLINE, NJ. PH: +17323794395
WWW.KALYANJEWELLERS.NET I FOLLOW US ON

# വയനാട് ദുരന്തബാധിതർക്ക് സഹായ ഹസ്തവുമായി കേരള സെന്റർ



വയനാട്/ന്യു യോർക്ക്: അമേരിക്കൻ മലയാളികളുടെ അഭിമാനമായ കേരള സെന്റർ വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിനിരയാവർക്കു വേണ്ടി സമാഹരിച്ച 15 ലക്ഷം രൂപ പ്രസിഡന്റ് അലക്സ് എസ്തപ്പാന്റെ നേതൃത്വത്തിൽ വയനാട്ടിൽ നടന്ന ചടങ്ങിൽ കൈമാറി.

മേപ്പാടി പഞ്ചായത്ത് കുടുംബ ശ്രീ ഹാളിൽ ജനുവരി 30 നു നടന്ന പരിപാടി പഞ്ചായത്ത് പ്രസിഡന്റ് കെ. ബാബു ഉദ്ഘാടനം ചെയ്തു. 30 കുടുംബങ്ങൾക്കാണ് ധനസഹായം നൽകിയത്. ഒരു കുടുംബത്തിന് 50,000 രൂപ വീതം വിതരണം ചെയ്തു. അപകടത്തിൽ പെട്ട് ചികിത്സയിൽ കഴിയുന്നവർക്കും കാൻസർ ബാധിതരും ഡയാലിസിസ് ചെയ്യുന്നവരുമടക്കം കഷ്ടപ്പെടുന്നവരെ കണ്ടെത്തിയാണ് സഹായധനം നൽകിയത്. അർഹരായവർക്ക് നേരിട്ട് ധനസഹായം എത്തിക്കണമെന്ന കേരള സെന്റർ ബോർഡിന്റെ തീരുമാനപ്രകാരമാണ് തുക നേരിട്ട് വിതരണം ചെയ്തത്.



കാക്കവയലിൽ പ്രവർത്തിക്കുന്ന നീതിവേദിയുമായി ചേർന്നാണ് സഹായ വിതരണം. ചൂരൽമല ആക്ഷൻ കമ്മിറ്റിയും അർഹരായവരെ തെരഞ്ഞെടുക്കുവാൻ സഹായിച്ചു.

അലക്സ് എസ്തപ്പാനു പുറമെ കേരള സെന്റർ ബോർഡ് മെമ്പർമാരായ മാത്യു വാഴപ്പള്ളി, തോമസ് തോമസ് പാലത്തറ, മെമ്പർമാരായ ഏലമ്മ മാത്യു, ലിസ ജോൺ, വിൻസി എസ്തപ്പാൻ എന്നിവർ തുക വിതരണം ചെയ്തു.

പഞ്ചായത്ത് വൈസ് പ്രസിഡന്റ് രാധാ രാമസ്വാമി അധ്യക്ഷത വഹിച്ചു. അലക്സ് എസ്തപ്പാൻ, തോമസ് പാലത്തറ, നീതിവേദി പ്രസിഡന്റ് അഡ്വ. സ്റ്റീഫൻ മാത്യു, വി. നാസർ, രാജു മേപ്പാടി,

ചൂരൽമല ആക്ഷൻ കമ്മിറ്റി പ്രതിനിധി മനോജ്, നീതിവേദി ഡയറക്ടർ ഫ്ലയിസി ജോസ് തുടങ്ങിയവർ സംസാരിച്ചു.

വയനാട് ദുരന്തബാധിതരെ സഹായിക്കുവാൻ മുന്നോട്ടുവന്ന എല്ലാവർക്കും, പ്രത്യേകിച്ച് കേരള സെന്റർ ഗ്രാൻഡ് പേട്രനും ഫിലാന്ത്രോഫിസ്റ്റുമായ ശ്രീധർ മേനോനും പ്രസിഡന്റ് അലക്സ് എസ് തപ്പാൻ നന്ദിയും കടപ്പാടും അറിയിച്ചു













Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave, New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road, Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# തപസ്യ ആർട്ട്സ് അവതരിപ്പിക്കുന്ന 'ക്രോസ്സ് ബെൽറ്റ്' – ഒരു അതുല്യ നാടകാനുഭവം!




മലയാള നാടക ലോകത്തിൻറെ കുലപതി എൻ. എൻ. പിള്ളയുടെ അതുല്യമായ തൂലികയിൽ പിറന്ന 'ക്രോസ്സ് ബെൽറ്റ്' എന്ന സാമൂഹ്യ നാടകം വീണ്ടും ജീവൻ തേടുന്നു. കാലിഫോർണിയയിലെ സാൻ ഫ്രാൻസിസ്കോ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കലാ-സാംസ്കാരിക സംഘടനയായ തപസ്യ ആർട്ട്സ് ആണ് ഈ മഹത്തായ നാടകത്തിന്റെ പുതുമയാർന്ന അവതരണത്തിന് വേദിയൊരുക്കുന്നത്.

1967-ൽ ആദ്യമായി അരങ്ങേറി, അന്നത്തെ സാമൂഹിക സാഹചര്യങ്ങളെ നിയതമായി കോർത്തിണക്കിയ ഈ നാടകത്തിൽ, ആധുനികതയുടെ വെല്ലുവിളികൾക്കിടയിൽ മനുഷ്യജീവിതം ഏറ്റുവാങ്ങുന്ന കടുത്ത യാഥാർത്ഥ്യങ്ങൾ ദൃശ്യവൽക്കരിക്കപ്പെടുന്നു. എൻ. എൻ. പിള്ളയുടെ ആഴമേറിയ ചിന്തയും വാചാലമായ അവതരണശൈലിയും ഇതിനെ മലയാള നാടക ലോകത്തിലെ ഒരു അനശ്വര കൃതിയായി മാറ്റിയിരുന്നു. ഇന്നും അതിന് പ്രസക്തിയേറെയാണ്.

മലയാള നാടകങ്ങളുടെ പാരമ്പര്യവും സൗന്ദര്യവും സംരക്ഷിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യാൻ പ്രതിജ്ഞാബദ്ധമായ തപസ്യ ആർട്ട്സ്, 'ക്രോസ്സ് ബെൽറ്റ്' നാടകത്തിന്റെ നവീകരിച്ച അവതരണത്തിലൂടെ മലയാളി മനസ്സുകളെ ആകർഷിക്കാനൊരുങ്ങുകയാണ്. ഇതിനകം പലനാടകങ്ങളിലായി വേഷമിട്ട പരിചയസമ്പന്നരായ കലാകാരന്മാർക്കൊപ്പം യുവ അഭിനേതാക്കളും അണിനിരക്കുന്ന ഈ നാടകാവതരണം, അതിന്റെ ദൃശ്യവിസ്മയങ്ങളാൽ നാടകപ്രേമികൾക്ക് മനോഹരമായ ഒരു കലാനുഭവം സമ്മാനിക്കും.

കാലിഫോർണിയയിൽ ഫ്രിമോണ്ടിനടുത്ത് ഹേവാർഡ് പെർഫോർമിങ്ങ് അർട്ട്സ് സെന്ററിൽ 2025 ഫെബ്രുവരി മാസം 22ന് വൈകിട്ട് 5 മണിക്ക് അരങ്ങിലെത്തുന്ന




ഈ നാടകം സംവിധാനം ചെയ്യുന്നത് അനിൽ നായർ ആണ്. ശ്രീജിത്ത് ശ്രീധരൻ കലാ സംവിധാനവും ഗാനരചന ബിന്ദു ടിജിയും ബിനു ബാലകൃഷണൻ സംഗീത സംവിധാനവും നിർവ്വഹിക്കുന്നു. അരുൺ പിള്ള ചമയം, വസ്ത്രാലങ്കാരം, രംഗസജ്ജീകരണം എന്നിവയും കിരൺ കരുണാകരൻ കലാസജ്ജീകരണവും അനിൽ റാവു, ഹരിശങ്കർ നായർ എന്നിവർ സംവിധാന സഹായവും നൽകുന്നു.

പ്രകാശസജ്ജീകരണം ഒരുക്കുന്നത് പാർവ്വതി കിരൺ ആണ്. അഭിനേതാക്കളായി മധു മുകുന്ദൻ, ഉമേഷ് നരേന്ദ്രൻ, ബിന്ദു ടിജി, സന്ധ്യ സുരേഷ്, ടീന ചെറുവേലിൽ, അനിൽ നായർ, ലാഫിയ സെബാസ്റ്റിൻ, സജീവ് പിള്ള, മഹേഷ് ജയകുമാർ, സുകു കൂനന്റവിട, രാജേഷ് കൊണങ്ങാംപറമ്പത്ത് എന്നിവർ രംഗത്തെത്തുന്നു.

നാടകകലാ സ്നേഹികൾക്കായി ഒരുക്കുന്ന ഈ അപൂർവാവസരത്തിന് സാക്ഷികളാകാൻ തപസ്യ ആർട്ട്സ് കാലിഫോർണിയയിലെ മലയാളി സമൂഹത്തെ സന്തോഷപൂർവ്വം ക്ഷണിക്കുന്നുവെന്ന് സംഘടനയുടെ ഭാരവാഹികൾ അറിയിച്ചു. മലയാള നാടകത്തിന്റെ മഹത്വം പുനർനിർവചിക്കുന്ന ഈ അവതരണം തികച്ചും ആസ്വാദ്യകരമായ ഒരു അനുഭവമായി മാറുമെന്ന് സംഘാടകർ പ്രതീക്ഷിക്കുന്നു.



# ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ 12 – ാമത് ചീട്ടുകളി മത്സരം ഒരുക്കങ്ങൾ പൂർത്തിയായി

## മാർച്ച് 8 ശനിയാഴ്ച ചിക്കാഗോ ക്നാനായ സെന്ററിൽ

ചിക്കാഗോ സോഷ്യൽ ക്ലബ്ബ് അണിയിച്ചൊരുക്കുന്ന 12-ാമത് നാഷണൽ ചീട്ടുകളി മത്സരം 2025 മാർച്ച് 8 ശനിയാഴ്ച രാവിലെ 10 മണി മുതൽ ചിക്കാഗോ ക്നാനായ സെന്ററിൽ (1800 E., Oaktom Street, Deplaines IL 60018) വച്ചാണ് മത്സരം നടത്തുന്നത്.

ഈ വാശിയേറിയ മത്സരത്തിൽ 28 (ലേലം) ഒന്നാം സമ്മാനം സെന്റ് മേരീസ് പെട്രോളിയം സ്പോൺസർ ചെയ്യുന്ന 1501 ഡോളറും കെ. കെ. ചാണ്ടി കൂവക്കാട്ടിൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും, രണ്ടാം സമ്മാനം Maharaja Foods, Niles & Royal Grocers, Mt. Prospect സ്പോൺസർ ചെയ്യുന്ന 751 ഡോളറും എവർറോളിംഗ് ട്രോഫിയും, മൂന്നാം സമ്മാനം സജി മുല്ലപ്പള്ളി സ്പോൺസർ ചെയ്യുന്ന 501 ഡോളറും എവർറോളിംഗ് ട്രോഫിയും, നാലം സമ്മാനം ജോയി നെല്ലാമറ്റം സ്പോൺസർ ചെയ്യുന്ന 251 ഡോളറും ട്രോഫിയുമാണ്.

റമ്മി മത്സരത്തിൽ ഒന്നാം സമ്മാനം ബിജു പൂത്തുറയിൽ സ്പോൺസർ ചെയ്യുന്ന 1501 ഡോളറും മാത്യു പൂത്തുറയിൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും, രണ്ടാം സമ്മാനം കുരുവിള ഇടുക്കുതറ സ്പോൺസർ ചെയ്യുന്ന 751 ഡോളറും ട്രോഫിയും, മൂന്നാം സമ്മാനം ക്ലിയർ ടാക്സ് കൺസൾട്ടിംഗ് സ്പോൺസർ ചെയ്യുന്ന 501 ഡോളറും ട്രോഫിയും, നാലാം സമ്മാനം സൈമൺ ചക്കാലപ്പടവിൽ സ്പോൺസർ ചെയ്യുന്ന 251 ഡോളറും ട്രോഫിയുമാണ്. ഭാരവാഹികളായ റൊണാൾഡ് പൂക്കുമ്പേൽ (പ്രസിഡന്റ്), സണ്ണി ഇണ്ടിക്കുഴി (വൈസ് പ്രസിഡന്റ്), രാജു മാനുങ്കൽ (സെക്രട്ടറി), ബിജോയ്




കാപ്പൻ (ട്രഷറർ), തോമസ് പുത്തേത്ത് (ജോയിന്റ് സെക്രട്ടറി) എന്നിവരും ചീട്ടുകളി കോ-ഓർഡിനേറ്റേഴ്സായ സിബി കദളിമറ്റം, ബെന്നി മച്ചാനിക്കൽ, സാബു ഇലവുങ്കൽ, ലൂക്കാച്ചൻ പൂഴിക്കുന്നേൽ എന്നിവരും, അലക്സ് പടിഞ്ഞാറേലിന്റെ നേതൃത്വത്തിലുള്ള ജഡ്ജിംഗ് പാനലും, ടെക്നിക്കൽ കോർഡിനേറ്റർമാരായി മനോജ് വഞ്ചിയിൽ, അഭിലാഷ് നെല്ലാമറ്റം എന്നിവരും തയ്യാറായിക്കഴിഞ്ഞു. ഈ വാശിയേറിയ മത്സരത്തിലേക്ക് നോർത്ത് അമേരിക്കയിലെ എല്ലാ മലയാളി ചീട്ടുകളി പ്രേമികളെയും ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ മെമ്പേഴ്സിന്റെ പേരിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ടൂർണമെന്റ് കമ്മിറ്റിയും സ്വാഗതം ചെയ്യുന്നു.

മാത്യു തട്ടാമറ്റം

**For More Information**

Ronald Pookumbel (President)
+1 (630) 935-9655

Sunny Indikkuzhy (Vice President)
+1 (630) 674-7869

Raju Manunkal (Secretary)
+1 (847) 942-5162

Bijoy Kappen (Treasurer)
+1 (630) 656-7336

Thomas Puthethu (Joint Secretary)
+1 (847) 361-2659

Sibi kadalimattom
+1 (847) 338-8265

Sabu elavunkal
+1 (847) 208-8894

# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Yrs Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning

Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning

401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products

Short-term and Long-term Disability Insurance
Health Insurance*

### Group Health insurance

Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication

Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection

Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# സജി എം. പോത്തൻ ഫൊക്കാന ബിസിനസ്സ് ഡിറക്ടറിയുടെ ചെയർമാൻ



**ശ്രീകുമാർ ഉണ്ണിത്താൻ**

ഫൊക്കാനയുടെ ഫിനാൻസ് ഡയറക്ടർ ആയ സജി എം. പോത്തനെ ഫൊക്കാന ബിസിനസ്സ് ഡിറക്ടറിയുടെ ചെയർമാൻ കുടി ആയി നിയമിച്ചതായി ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

ഫൊക്കാനയുടെ ലോക മലയാളീ ബിസിനസ് ഡയറക്ടറിയുടെ പ്രവർത്തനങ്ങൾ വളരെ വേഗം പുരോഗമിക്കുന്നു. മലയാളികളായ വ്യവസായികളുടെ ഡയറക്ടറി ഉണ്ടാകേണ്ടത് ഈ കാലഘട്ടത്തിൽ ഏറ്റവും അനിവാര്യമാണ് എന്ന തിരിച്ചറിവിൽ ആണ് ഫൊക്കാന ഇങ്ങനെ ഒരു ഡയറക്ടറി പ്രസിദ്ധികരിക്കാൻ മുന്നോട്ട് വരുന്നത്. ഇന്ന് മലയാളികൾ ബിസിനസ് രംഗത്ത് വളരെ മുന്നേറുന്ന ഒരു കാലമാണ്. മെഡിക്കൽ രംഗത്തും , ഐ ടി രംഗത്തും തുടങ്ങി മിക്ക മേഘലകളിലും മലയാളികളുടെ ആദിപത്യം കൂടി വരികയാണ് അതുപോലെ ബിസിനസ് രംഗങ്ങളിലും മലയാളികൾ വെണ്ണികൊടി പറിക്കുന്ന ഒരു കാലഘട്ടത്തിലൂടെ ആണ് നാം കടന്നു പോകുന്നത്. ഇന്ന് ടെക്നോളജി, ലോകത്തുള്ള മനുഷ്യരെ ഒരു കുടകിഴിൽ കൊണ്ടുവരുന്ന കാലത്തു മലയാളീ ബിസിനസ്കാരുടെ ഒരു എകികരണവും ആവശ്യമാണ്.

പ്രവാസികളായ അനേകം ആളുകൾ ലോകത്തിൻറെ പല രാജ്യങ്ങളിലായി പലതരത്തിലുള്ള ബിസിനസ് ചെയ്യുന്നുണ്ട്. ഇങ്ങനെ ബിസിനസ് ചെയ്യുന്നവരുടെ വിവരങ്ങൾ ഒരു ബുക്ക് ആയി പ്രസിദ്ധികരിക്കുകയും (ഹാർഡ്കോപ്പിയും ഠീളഋ കോപ്പിയയും) ചെയ്യുബോൾ , അത് മറ്റു മലയാളികളായ പുതിയ സംരംഭകർക്കെ അവരിൽ നിന്നും വിദഗ്ധ ഉപദേശങ്ങളും അഭിപ്രായങ്ങളും നേടുന്നതിനും സാധിക്കും. അതുപോലെ നല്ല ഒരു നെറ്റ്‌വർക്കിങ് സംവിധാനം ഉണ്ടായാൽ പല ബിസിനസുകൾക്കും പരസ്പരം സഹായിക്കാനും സഹകരിക്കാനും സാധിക്കും. ഇങ്ങനെയുള്ള സഹകരണത്തിലൂടെ അവരുടെ ബിസിനസുകൾ വിപുലീകരിക്കാനും കഴിയും, അങ്ങനെ ലോകമലയാളികളുടെ ബിസിനസ്സ് സംരംഭങ്ങൾ ഒരു നെറ്റ് വർക്കിങ്ങിലൂടെ ഏകോപിപ്പിക്കുക എന്നത് കൂടിയാണ് ഫൊക്കാന ആഗ്രഹിക്കുന്നത്.

ഡയറക്ടറിയിൽ പ്രസിദ്ധീകരിക്കുവാൻ ആയി വ്യവസായ സംരംഭകരായ ആളുകൾ തങ്ങളുടെ ബിസിനസിന്റെ വിവരങ്ങൾ ,ബിസിനസ് കാർഡ് മുതൽ ഫുൾ പേജ് വരെ കൊടുക്കാവുന്നതാണ്.

ലോകമാകമാനമുള്ള ചെറുതും വലുതുമായ മലയാളീ ബിസിനസ്സ് സംരംഭങ്ങളെ പ്രൊമോട്ട് ചെയ്യുക എന്നത് ഫൊക്കാനയുടെ ഇപ്പോഴത്തെ ഭരണ സമിതിയുടെ പ്രക്യപിത ലക്ഷ്യങ്ങളിൽ ഒന്നാണ്. നമ്മുടെ ചെറിയ സഹായവും സഹകരണവും ഉണ്ടെങ്കിൽ നമ്മുടെ മലയാളികളുടെ പല ബിസിനെസ്സുകളും വലിയ വിജയത്തിൽ എത്തിയ്ക്കാൻ നമുക്ക് കഴിയും.

2022 –2024 ൽ ഫൊക്കാന ട്രസ്റ്റീ ബോർഡ് ചെയർ ആയി പ്രവർത്തിച്ച സജി എം പോത്തൻ 20 വർഷമായി ഫൊക്കാനയുടെ സജീവ പ്രവർത്തകനായി എല്ലാ കാര്യങ്ങളിലും അൽമാർത്ഥമായി പ്രവർത്തിച്ചു വരുന്ന വക്തിയാണ് . ഫൊക്കാന ട്രസ്റ്റീ ബോർഡ് ബോർഡ് സെക്രട്ടറി, നാഷണൽ കമ്മിറ്റി അംഗം, ഫൊക്കാന കൺവെൻഷന്റെ ബാങ്ക്റ്റ് കമ്മിറ്റി കോർഡിനേറ്റർ തുടങ്ങി ഫൊക്കാനയയുടെ മിക്ക കൺവെൻഷനുകളുടെയും നേതൃത്വത്തിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം മികച്ച സംഘാടകരിൽ ഒരാളാണ്.

കഴിഞ്ഞ രണ്ടു വര്ഷമായി ഹഡ്സൺ വാലി അസോസിയേഷന്റെ പ്രസിഡന്റ് ആയി പ്രവർത്തിച്ചു വരുന്ന സജി കഴിഞ്ഞ 20 വർഷമായി ഈ സംഘടനയിൽ പ്രവർത്തിച്ചു വരുന്നു , ഈ സംഘടനയുടെ സെക്രട്ടറി ആയി മുന്ന് വർഷവും പ്രവർത്തിച്ച സജി ഈ സംഘടനയുടെ മിക്ക സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട് .

അമേരിക്കൻ ഓർത്തഡോക്സ് സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസനത്തിന്റെ നാല് കൗൺസിൽമാരിൽ ഒരാളായും പ്രവർത്തിച്ചിട്ടുള്ള സജി പോത്തൻ ഡയോസിസിന്റെ ഫാമിലി കോണ്ഫറന്സുകളുടെ വിവിധ പദവികൾ അലങ്കരിച്ചിട്ടുണ്ട്.

സഭയുടെ കോളേജ് യൂത്ത് വിഭാഗമായ മാർ ഗ്രീഗോറിയോസ് ക്രിസ്ത്യൻ സ്റ്റുഡന്റസ് മൂവ്മെന്റിന്റെ (എം.ജി.സി.എസ്.എം.) അലുമ്നി അസോ അസോസിയേഷൻ സ്ഥാപകരിൽ ഒരാളാണ്. റോക്ക്ലാന്റ് കൗണ്ടിയിലെ 11 ക്രിസ്ത്യൻ പള്ളികളുടെ സംയുക്ത സംഘടനയായ ജോയിന്റ് കൗൺസിൽ ഓഫ് ചർച്ചസ് ഇൻ റോക്ലാൻഡ് സജീവ പ്രവർത്തകൻ കൂടിയ സജി ഇ. പോത്തൻ ഈ സംഘടന വിജയകരമായി നടത്തിവരുന്ന രക്തദാന ക്യാമ്പുകളുടെ തുടക്കം സജി സെക്രട്ടറിആയിരുന്ന സമായാത്തണ് തുടങ്ങിയത്. .

സഫോൺ സെന്റ് മേരിസ് ഓർത്തഡോസ് ചർച്ചിന്റെ പ്രധാന പ്രവർത്തകനും പല സ്ഥാനാമനങ്ങളും വഹിച്ചിട്ടുള്ള സജി എം പോത്തൻ, 2024 ൽ സജിയുടെ നേതൃത്വത്തിൽ നടത്തിയ ഓട്ടിസ്റ്റിക് സെൽഫ് അഡ്വക്കസി നെറ്റ്വർക്കിന് (ASAN) വേണ്ടി 5K ക്ളാസിക്ക് ഓട്ടം/നടത്തം എന്ന പരിപാടിയിൽ എണ്ണൂറോളം യുവതിയുവാക്കളെ പങ്കെടുപ്പിച്ച് പ്രസ്തുത സംഘടനയ്ക്കു വേണ്ടി 20,000 ഡോളർ സമാഹരിക്കാൻ കഴിഞ്ഞത് ഒരു വലിയ നേട്ടമായി കണക്കാക്കപ്പെടുന്നു. സജി പോത്തൻ ആയിരുന്നു 2024 ലെ കൺവീനർ ആയി പ്രവർത്തിച്ചത്. ജോയിന്റ് കൗൺസിൽ ഓഫ് ചർച്ചസ് ഇൻ റോക്കലാന്റിന്റെ രജതജൂബിലി സുവനീർ കൺവീനർ ആയും പ്രവർത്തിച്ചിട്ടുണ്ട്.

ഒരു പ്രമുഖ ഹോസ്പിറ്റലിൽ റേഡിയോളജി വിഭാഗത്തിൽ പ്രവർത്തിക്കുന്നു സജി ഭാര്യ:റബേക്ക (ഡോക്ടർ ഇൻ നേഴ്സ് പ്രാക്ടീഷണർ). മക്കളെ മക്കൾ:നെവിൻ പോത്തൻ, സെറ പോത്തൻ എന്നിവരോടൊപ്പം റോക്ലാൻഡ് കൗണ്ടിയിൽ ആണ് താമസം.


# ATTORNEY AT LAW
# VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208


GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
QUARTZ SLABS
Hundreds of colors in stock
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com


LAWSON
travel
Explore
THE WORLD
WITH US
PLAN YOUR VACATIONS NOW!
214-631-2458
www.LawsonTravel.com

# കയർബോർഡ് മേലാളൻമാർ പീഡിപ്പിച്ചൊടുക്കിയ ജോളിയെന്ന കാൻസർ അതിജീവിത




**എ.എസ് ശ്രീകുമാർ**

''എനിക്കു പേടിയാണ്. ചെയർമാനോട് സംസാരിക്കാൻ എനിക്കു ധൈര്യമില്ല. തൊഴിൽ സ്ഥലത്ത് പീഡനം നേരിടേണ്ടി വന്നയാളാണ് ഞാൻ. എന്റെ ജീവിതത്തിനും ആരോഗ്യത്തിനും അത് ഭീഷണിയായി. അതു കൊണ്ടു ഞാൻ നിങ്ങളോട് കരുണയ്ക്കായി യാചിക്കുകയാണ്. എന്റെ വിഷമം മനസ്സിലാക്കി, ഇതിൽ നിന്നു കരകയറാൻ എനിക്കു കുറച്ചു സമയം തരൂ...'' ജീവിതം വഴിമുട്ടിയപ്പോൾ കയർ ബോർഡ് ഓഫീസിലെ ജീവനക്കാരി ജോളി മധു നിസ്സഹായതയോടെ ഇംഗ്ലീഷിൽ എഴുതിയ പാതി കത്ത് തുടങ്ങുന്നത് ഇങ്ങനെയാണ്.

കത്ത് പൂർത്തിയാക്കുന്നതിന് മുമ്പ് ജോളി ബോധരഹിതയായി നിലത്ത് വീണു. തലച്ചോറിലെ രക്തസ്രാവത്തെത്തുടർന്ന് ചികിത്സയിലിരിക്കെ, ഒരാഴ്ചയോളം വെന്റിലേറ്ററിൽ കിടന്ന അവർ ഒടുവിൽ മരണത്തിന് കീഴടങ്ങുകയും ചെയ്തു. പരസ്യമായി മാപ്പു പറയണമെന്ന മേലുദ്യോഗസ്ഥ പ്രമാണിയുടെ നിർദേശത്തെ തുടർന്ന്, കയർ ബോർഡ് സെക്രട്ടറിക്കു നൽകാനായി ജോളി എഴുതിയ കത്ത് പുറത്തായത് കഴിഞ്ഞ ദിവസമാണ്. കത്തിന് പുറമെ ജോളിയുടെ ശബ്ദരേഖയും കുടുംബം പുറത്തുവിട്ടിട്ടുണ്ട്. അഴിമതിക്ക് കൂട്ടുനിൽക്കാത്തതിനാൽ പ്രതികാര നടപടി നേരിടേണ്ടി വന്നെന്നാണ് ശബ്ദസന്ദേശത്തിലെ ജോളിയുടെ വെളിപ്പെടുത്തൽ. മേലുദ്യോഗസ്ഥനായ ജിതിൻ ശുക്ലയ്ക്ക് തന്നോട് പ്രതികാരമുണ്ടെന്നും, അഴിമതിക്ക് കൂട്ടുനിൽക്കാത്തതുകൊണ്ടാണ് തന്നെ ഉപദ്രവിക്കുന്നതെന്നും ജോളി ഓഡിയോ ക്ലിപ്പിൽ പറയുന്നുണ്ട്.

കേന്ദ്ര സർക്കാർ സ്ഥാപനമായ കയർ ബോർഡിന്റെ കൊച്ചി ഹെഡ് ഓഫീസിൽ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലെ ഉദ്യാഗസ്ഥയായിരുന്നു ജോളി മധു. പരസ്യമായി മാപ്പുപറയാനുള്ള മേലധികാരിയുടെ ഇണ്ടാസ് കിട്ടത്തക്കവിധം ജോളി ചെയ്ത കുറ്റം എന്താണ്..? തന്റെ ഓഫീസിൽ നിരന്തരം നടക്കുന്ന കൊടിയ അഴിമതിക്കെതിരെ ശബ്ദിച്ചതാണ് മേലാള മാന്യൻമാരെ അലോസരപ്പെടുത്തിയത്. തുടർന്ന് വൈരാഗ്യ ബുദ്ധിയോടെ അവർ ജോളിയെ മാനസികമായി പീഡിപ്പിക്കാൻ തുടങ്ങി. കാൻസർ അതിജീവിതയും വിധവയുമായ ജോളി കൊച്ചിയിലെ സ്ഥാപനത്തിൽ നിരന്തരം മാനസിക പീഡനത്തിന് ഇരയായെന്നാണ് കുടുംബത്തിന്റെ ആരോപണം.

കയർ ബോർഡ് ഓഫീസ് ചെയർമാൻ വിപുൽ ഗോയൽ, മുൻ സെക്രട്ടറി

**കേരളത്തിലെ സമസ്ത മേഖലകളിലും വലിയ തോതിൽ അഴിമതി നടക്കുന്നുണ്ട്. അതിനെതിരെ പ്രതികരിക്കുന്നവർക്ക് നീതി ലഭിക്കുന്നില്ലെന്നതാണ് ദുഖകരമായ യാഥാർത്ഥ്യം. ജോളി മധു സത്യസന്ധയായ ഒരു ഉദ്യോഗസ്ഥയായതുകൊണ്ടാണ് തന്റെ കൺമുന്നിൽ നടമാടുന്ന അരുതായ്കകളെ അവർ ഭയമില്ലാതെ തുറന്നെതിർത്തത്.**



ജിതേന്ദ്ര ശുക്ല, അഡ്മിനിസ്ട്രേറ്റീവ് ഹെഡ് പ്രസാദ് കുമാർ, അബ്രഹാം സിയു എന്നിവർക്കെതിരെയായിരുന്നു ആരോപണം. അഴിമതിക്കെതിരെ പ്രതികരിച്ചതിനാണ് തനിക്കെതിരെ പ്രതികാരനടപടി സ്വീകരിച്ചതെന്ന് ജോളിയുടെ പരാതിയിൽ പറയുന്നു. എന്നാൽ തൊഴിൽ പീഡനത്തിനെതിരെ ജോളി നൽകിയ പരാതികളെല്ലാം അവഗണിക്കപ്പെട്ടു. കേന്ദ്ര സഹമന്ത്രി ശോഭ കരന്തലജയെ നേരിൽ കണ്ട് പരാതി നൽകിയിരുന്നു. ദേശീയ മനുഷ്യാവകാശ കമ്മീഷനും മുഖം തിരിച്ചു. പി.എം പോർട്ടലിലും പരാതി നൽകിയിരുന്നു. മെഡിക്കൽ ലീവിന് ശമ്പളം നൽകിയില്ല, മെഡിക്കൽ റിപ്പോർട്ട് അവഗണിച്ച് ആന്ധ്രയിലേക്ക് സ്ഥലം മാറ്റി, ഏഴ് മാസമായി തൊഴിൽ പീഡനം തുടരുകയായിരുന്നു.





ജോളി മരിച്ചത് തൊഴിൽ പീഡനത്തെ തുടർന്നാണെന്ന ബന്ധുക്കളുടെ ആരോപണത്തിന് പിന്നാലെ അന്വേഷണത്തിന് കേന്ദ്ര മന്ത്രാലയം ഉത്തരവിട്ടിരുന്നു. തൊഴിൽ പീഡനത്തിൽ ജോളി മധുവിന്റെ ബന്ധുക്കൾ ചീഫ് സെക്രട്ടറിക്കും കൊച്ചി സിറ്റി പൊലീസ് കമ്മീഷണർക്കും നൽകിയ പരാതി വിശദമായി പരിശോധിച്ച ശേഷം നടപടിയെടുക്കുമെന്നാണ് സിറ്റി പൊലീസ് കമ്മീഷണർ പറയുന്നത്. അതേസമയം ജോളി മധുവിനെ മേലുദ്യോഗസ്ഥർ നിരന്തരം മാനസിക പീഡനത്തിന് ഇരയാക്കിയിരുന്നെന്ന കുടുംബത്തിന്റെ ആരോപണം ശരിയെന്ന് വ്യക്തമാക്കുന്ന കൂടുതൽ തെളിവുകൾ പുറത്തായി. ജോളിയെ ചട്ടവിരുദ്ധമായാണ് ട്രാൻസ്ഫർ ചെയ്തതെന്ന് വ്യക്തമാക്കി കയർബോഡിലെ ഒരു മുൻ ഉദ്യോഗസ്ഥൻ രംഗത്തെത്തി.

2024 ഓഗസ്റ്റ് 19-നാണ് ജോളിയെ ആന്ധ്രാപ്രദേശിലുള്ള രാജമൻട്രിയിലേക്ക് ട്രാൻസ്ഫർ ചെയ്തുകൊണ്ടുള്ള ഉത്തരവ് വന്നത്. തുടർന്ന് താൻ ക്യാൻസർ അതിജീവതയാണെന്നും 2016 മുതൽ ചികിത്സ തുടങ്ങിയ തനിക്ക് ആജീവനാന്തം ചികിത്സ വേണ്ട സാഹചര്യമാണുള്ളതെന്നും സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെ ചേർത്ത് സ്ഥലംമാറ്റത്തിൽ നിന്നും തന്നെ ഒഴിവാക്കണമെന്ന് ജോളി അപേക്ഷ നൽകിയിരുന്നു. മെഡിക്കൽ ലീവിനും അപേക്ഷിച്ചിരുന്നു. എന്നാൽ ക്യാൻസറോ ഹൃദ്രോഗമോ പോലെയുള്ള രോഗങ്ങൾ ഉള്ളവരെ സ്ഥലം മാറ്റരുതെന്നാണ് കയർബോർഡിന്റെ ബൈലോ അനുശാസിക്കുന്നത്. അതനുസരിക്കാതെയാണ് ജോളിയെ സ്ഥലം മാറ്റാൻ ഉത്തരവ് നൽകിയത്. സെപ്റ്റംബർ 14 മുതൽ ജോളിയുടെ ശമ്പളവും തടഞ്ഞുവച്ചു. ജോളിയെ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചതോടെ തടഞ്ഞുവച്ചിരുന്ന അഞ്ചുമാസത്തെ ശമ്പളവും അക്കൗണ്ടിലെത്തി. സംഭവിക്കാൻ പാടില്ലാത്തതാണ് സംഭവിച്ചതെന്ന് കയർബോർഡ് മുൻ ചെയർമാൻ കുപ്പുറാമു ദുരൈ പാണ്ടി. സത്യസന്ധ്യയായ ഉദ്യോഗസ്ഥയായിരുന്നു ജോളി മധുവെന്നും മുൻ ചെയർമാൻ പറഞ്ഞു.

കേരളത്തിലെ സമസ്ത മേഖലകളിലും വലിയ തോതിൽ അഴിമതി നടക്കുന്നുണ്ട്. അതിനെതിരെ പ്രതികരിക്കുന്നവർക്ക് നീതി ലഭിക്കുന്നില്ലെന്നതാണ് ദുഖകരമായ യാഥാർത്ഥ്യം. ജോളി മധു സത്യസന്ധയായ ഒരു ഉദ്യോഗസ്ഥയായതുകൊണ്ടാണ് തന്റെ കൺമുന്നിൽ നടമാടുന്ന അരുതായ്കകളെ അവർ ഭയമില്ലാതെ തുറന്നെതിർത്തത്. ഇങ്ങനെ പ്രതികരിക്കുന്നവർ കാലാകാലങ്ങളിൽ മേലുദ്യോഗസ്ഥരുടെ പീഡനങ്ങൾക്കിരയായി ജീവിതം തന്നെ അവസാനിപ്പിച്ച നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇവിടെ ജോളി മധു ആത്മഹത്യ ചെയ്തതല്ല, മാനസികമായി തളർത്തി അവരെ മരണത്തിലേയ്ക്ക് തള്ളിവിടുകയായിരുന്നു. ആ അർത്ഥത്തിൽ ഇത് ക്രൂരമായ കൊലപാതകം തന്നെയാണ്...മാപ്പർഹിക്കാത്ത നരഹത്യയ്ക്ക് കാരണക്കാരായവരെ എന്ത് ശിക്ഷ നൽകിയാണ് നീതിപീഠം ന്യായീകരിക്കുക..



# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

StateFarm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL



TOTAL MEDICAL 360
Discover a New You at TOTAL MEDICAL 360 LLC.
Uncover a new version of yourself at TOTAL MEDICAL 360.
Our integrated approach to health and beauty blends advanced medical practices to reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

# മരിച്ചിട്ടില്ല



(രാജു മൈലപ്രാ)

രാത്രിയുടെ ഏതോ യാമത്തിൽ ഞാൻ ഉറക്കമുണർന്നു. പതിയെ കണ്ണു തുറക്കുവാൻ ഒരു ശ്രമം നടത്തി. ആദ്യ ഉദ്യമം പൂർണ്ണമായി വിജയിച്ചോ എന്നു നിശ്ചയമില്ല.

ഉറക്കത്തിൽ കാറ്റു പോയിക്കാണുമോ എന്നൊരു ചെറിയ സംശയം എന്നെ അലട്ടി. അങ്ങനെയെങ്കിൽ ഞാൻ നരകത്തിലോ സ്വർഗ്ഗത്തിലോ ആയിരിക്കും.

ജന്മംകൊണ്ട് സത്യക്രിസ്ത്യാനിയായ ഞാൻ, പത്തു കല്പനകളിൽ പലതും ലംഘിച്ചിട്ടുള്ളതുകൊണ്ട്, നേരിട്ട് സ്വർഗ്ഗത്തിലെത്തുന്നകാര്യം സംശയമാണ്.

'നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം' എന്നാണല്ലോ തിരുവചനം.

ചെറുപ്പത്തിന്റെ ചാപല്യത്തിൽ, എന്റെ അയൽക്കാരിയായ കുഞ്ഞമ്മിണിയെ, എന്നെപ്പോലെ തന്നെ സ്നേഹിക്കുവാൻ ഞാനൊരു ശ്രമം നടത്തി.

'അക്കരെ ഇക്കരെ നിന്നാൽ എങ്ങിനെ ആശ തീരും.....

ഒന്നുകിൽ ആൺകിളി അക്കരയ്ക്ക്

അല്ലെങ്കിൽ പെൺകിളി ഇക്കരയ്ക്ക്.....'

തികച്ചും അപ്രതീക്ഷിതമായിരുന്നു അടുത്ത സംഭവം. കുഞ്ഞമ്മിണിയുടെ തടിമാടൻ ആങ്ങളെ കുഞ്ഞപ്പൻ, പുലിമുരുകനെപ്പോലെ ചീറിക്കൊണ്ട് 'നിന്റെ ആശ ഞാനിന്നു തീർക്കാമെടാ പട്ടീ...' എന്ന് ആക്രോശിച്ചു കൊണ്ട് എന്റെ നേരേ ചീറിയടുത്തു. അടുത്ത നിമിഷം അവന്റെ കാരിരുമ്പ് കരങ്ങൾ കൊണ്ട് എന്റെ കരണം പുകക്കുമെന്നുള്ള പേടികൊണ്ട് എന്റെ സപ്തനാടികളും തകർന്നുപോയി.

കുഞ്ഞപ്പൻ തന്റെ ഉരുക്കുമുഷ്ടികൊണ്ട് എന്റെ കൈയ്യിൽ കടന്നുപിടിച്ചു. അവന്റെ കണ്ണുകളിൽ നിന്നും തീ പാറുന്നുണ്ടായിരുന്നു.

'നിന്റെ അപ്പനെ ഓർത്ത് ഇന്നു ഞാൻ നിന്നെ തല്ലുന്നില്ല. ഇനി നീ ആരുടെയെങ്കിലും ആശ തീർക്കാൻ ഇറങ്ങിയാൽ നിന്റെ കിടുങ്ങാമണി ഞാൻ ചവിട്ടിപ്പൊട്ടിക്കും'.

ആ ഒരു സംഭവത്തോടുകൂടി അയൽക്കാരെ സ്നേഹിക്കുന്ന പരിപാടി ഞാൻ നിർത്തി.

ജീവിതത്തിൽ ഒരിക്കലെങ്കിലും മോഷണം നടത്താത്തവരോ, കള്ളം പറയാത്തവരോ ആയി ആരും കാണുകയില്ല. ഈ വകുപ്പുകളിലും ഞാൻ എന്റേതായ കടമ നിർവഹിച്ചിട്ടുണ്ട്.

കല്പനകളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് 'അന്യന്റെ ഭാര്യയെ മോഹിക്കരുത്' എന്നത്.

എത്ര പ്രേമിച്ച് കല്യാണം കഴിച്ചവരാണെങ്കിൽ തന്നെയും, കാലം കഴിയുമ്പോൾ, മറ്റവന്റെ ഭാര്യ തന്റെ ഭാര്യയേക്കാൾ സുന്ദരിയാണെന്നൊരു തോന്നലുണ്ടാകും.

'സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ട് അവളോട് വ്യഭിചാരം ചെയ്തുപോയി'- എന്ന് മത്തായിയുടെ സുവിശേഷത്തിൽ പറയുന്നു.

അങ്ങിനെയെങ്കിൽ വ്യഭിചാരം ചെയ്യരുത് എന്ന കല്പനയും ലംഘിച്ചിരിക്കാനാണ് സാധ്യത. (സ്ത്രീകൾക്ക് ഈ നിയമം ബാധകമല്ലെന്ന് തോന്നുന്നു)

വിവാഹ വാർഷിക വേളയിലും, ഭാര്യയുടെ ജന്മദിനത്തിലും അവരെ വാനോളം പുകഴ്ത്തി ഫേസ്ബുക്ക് പോസ്റ്റിടുന്ന ചില വേട്ടാവളിയന്മാരുണ്ട്.

'എന്റെ കരളേ! നീ എന്റെ ജീവിതത്തിൽ കടന്നുവന്ന നിമിഷം മുതൽ എന്റെ ജന്മം സഫലമായി. എന്റെ എല്ലാ ഉയർച്ചയ്ക്കും കാരണം എന്റെ പൊന്നാണ്. നിന്റെ സൗന്ദര്യം എന്നെ മത്തുപിടിപ്പിക്കുന്നു. ഇനി ഒരായിരം ജന്മങ്ങൾ കഴിഞ്ഞാലും നീ തന്നെ എന്റെ ജീവിതപങ്കാളിയാകണമെന്നാണ് എന്റെ പ്രാർത്ഥന.'

ഇത്തരം ഒരു കമന്റ് നിങ്ങളുടെ ഭർത്താവ് ഫേസ്ബുക്കിൽ പോസ്റ്റു ചെയ്തിട്ടുണ്ടെങ്കിൽ ഉറപ്പിച്ചോളൂ, അയാൾക്ക് പരസ്ത്രീ ബന്ധമുണ്ട്.

അങ്ങിനെ പല കല്പനകളും അറിഞ്ഞോ അറിയാതെയോ ലംഘിച്ചിട്ടുള്ള ഞാൻ എത്തപ്പെട്ടിരിക്കുന്നത് സ്വർഗ്ഗത്തിലല്ല എന്നുറപ്പ്.

സ്വർഗത്തിലായിരുന്നെങ്കിൽ, മാലാഖമാരുടെ സ്വർഗ്ഗീയ സംഗീതത്തിന്റെ അലയടികൾ കേൾക്കാമായിരുന്നു.

നരകത്തിലാകാനും സാധ്യതയില്ല. അവിടെ അടിപൊളി സെറ്റപ്പാണെന്നാണ് കേട്ടിട്ടുള്ളത്. കള്ളിന് കള്ള്, കഞ്ചാവിന് കഞ്ചാവ്, ഈജിപ്ഷ്യൻ സുന്ദരികളുടെ ബെല്ലി ഡാൻസ്.....

കുറഞ്ഞപക്ഷം കുഞ്ഞാടുകളെ തമ്മിൽ തല്ലിക്കുന്ന ഒന്നു രണ്ട് ബിഷപ്പുമാരെങ്കിലും കാണേണ്ടതാണ്.

അപ്പോൾ സ്വർഗ്ഗത്തിലും നരകത്തിലും എത്തിയിട്ടില്ല. ഒരുപക്ഷെ ഞാൻ മരിച്ചുപോയെന്നുള്ളത് വെറും തോന്നലായിരിക്കും.

പതുക്കെ കൈകാലുകൾ അനക്കി നോക്കി. ചെറിയ ചലനമുണ്ട്. മരിച്ചിട്ടില്ല. കണ്ണു തുറന്നു. മുറിയിൽ ചെറിയ വെളിച്ചമുണ്ട്.


ചെറുപ്പത്തിൽ ഉണർന്നാൽ ഉടൻ, രാത്രിയിൽ അഴിഞ്ഞുപോയ ഉടുത്തിരുന്ന കൈലി തപ്പിയെടുക്കുന്നതായിരുന്നു ആദ്യത്തെ പരിപാടി.

പ്രായമായതിൽ പിന്നെ, ഉറക്കത്തിൽ തട്ടിപ്പോയില്ലെന്ന് ഉറപ്പുവരുത്തുവാൻ വേണ്ടി, ഉണരുമ്പോൾ കൈ കാലുകൾ അനക്കി നോക്കുന്നതാണ് ആദ്യം ചെയ്യുന്നത്. പിന്നീടാണ് കണ്ണുതുറന്നു ചുറ്റും നോക്കുന്നത്.

അതുകൊണ്ട് രാവിലെ ഉണരുമ്പോൾ, കൈ കാലുകൾ ഒന്ന് നിവർത്തി കുടഞ്ഞ്, കണ്ണ് നല്ലതുപോലെ തുറന്ന്, തലേന്നു രാത്രിയിൽ കിടന്നിട്ടുള്ളിടത്തു തന്നെയാണ് കിടക്കുന്നതെന്ന് ഉറപ്പു വരുത്തി, മരിച്ചിട്ടില്ല എന്ന പൂർണ്ണ ബോധ്യം വന്നതിനുശേഷം മാത്രമേ എഴുന്നേൽക്കാവൂ.

എഴുന്നേറ്റതിനുശേഷം അഞ്ചുമിനിറ്റ് നേരം ബെഡ്ഡിൽ തന്നെ ഇരിക്കണം. പിന്നീട് മാത്രമേ എഴുന്നേറ്റു നടക്കാവൂ.

അങ്ങിനെ ആയുസ്സിന്, ആരോഗ്യത്തോടെ ഒരു ദിവസം കൂടി അനുവദിച്ച് നൽകിയ, ആ അദൃശ്യ ശക്തിക്ക് നന്ദി പറഞ്ഞുകൊണ്ട് നമുക്കീ ദിവസം തുടങ്ങാം. !


LIVE
Television Channels
Streaming of Events
'VOD' Video On Demand
Movies | Shows | Photos
Event Tickets
MediaAppUSA
One App for All Media Outlets
amazon fireTV
Amazon fireTV
ROKU
ROKU TV
tv
Apple TV
Google TV
GoogleTV
Samsung
SMART TV
Samsung TV
LG
Life's Good
LGTV
Panasonic
Panasonic
VIZIO
VIZIO TV
iPhone
Android
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
Download
'MediaAppUSA'

# ഡിട്രോയിറ്റ് കേരള ക്ലബ്ബിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു







**അലൻ ചെന്നിത്തല**

മിഷിഗൺ: 1975-ൽ സ്ഥാപിതമായ മിഷിഗണിലെ ആദ്യ ഇന്ത്യൻ കലാ സാംസ്കാരിക സംഘടനയായ ഡിട്രോയിറ്റ് കേരള ക്ലബ്ബിന്റെ ഒരു വർഷം നീണ്ടുനിൽക്കുന്ന സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. സെന്റ് തോമസ് ഓർത്ത്ഡോക്സ് ചർച്ച് ഓഡിറ്റോറിയത്തിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ മിഷിഗണിലെ എല്ലാ സാമൂഹിക സാംസ്കാരിക സാമുദായിക സംഘടനകളുടെ പ്രതിനിധികൾ പങ്കെടുത്തു. ഇന്ത്യൻ പ്രവാസി സമൂഹത്തിന് അഞ്ച് പതിറ്റാണ്ട് ഈ പ്രസ്ഥാനം നൽകിയ സേവനങ്ങളെ എല്ലാ സംഘടന പ്രതിനിധികളും പ്രശംസിച്ചു അതോടൊപ്പം സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് എല്ലാവിധ ആശംസകളും നേർന്നു. മുപ്പതിലധികം വർഷമായി സാമൂഹ്യ പ്രവർത്തകയും പ്രവാസി ഇന്ത്യക്കാരുടെ പ്രതീക്ഷയുമായ ഹേമ രാച്ച്മലേ മുഖ്യാതിഥി ആയിരുന്നു.

സുവർണ്ണ ജൂബിലി വർഷത്തിൽ സാമൂഹ്യ പ്രതിബദ്ധതയുള്ള നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടപ്പാക്കും. കേരളത്തിന്റെ തനതായ സാംസ്കാരിക മൂല്യങ്ങളും പാരമ്പര്യവും വിളിച്ചോതുന്ന വർണ്ണാഭമായ പരിപാടികളാണ്



ഒരു വർഷം നീണ്ടുനിൽക്കുന്ന സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് നടക്കുന്ന ആദ്യ പരുപാടി കേരളത്തിൽ നിന്നുള്ള കലാകാരന്മാരെ ഉൾപ്പെടുത്തിയുള്ള മെഗാ ഷോ മെയ് 10 ശനിയാഴ്ച വൈകിട്ട് 6 മണി മുതൽ ഫിറ്റസ്ജെറാൾഡ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടും. കേരള ക്ലബ്ബിന്റെ സുവർണ്ണ ജൂബിലി വർഷത്തെ ആഘോഷങ്ങൾക്കും പ്രവർത്തനങ്ങൾക്കും ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നതായി ഭാരവാഹികൾ അറിയിച്ചു.





# ഫ്ലോറൽ പാർക്ക് സെന്റ് ഗ്രിഗോറിയോസ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷന് മികച്ച തുടക്കം



-ഉമ്മൻ കാപ്പിൽ

ഫ്ലോറൽ പാർക്ക് (ന്യൂയോർക്ക്): നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി & യൂത്ത് കോൺഫറൻസ് കമ്മിറ്റിയെ പ്രതിനിധീകരിക്കുന്ന ഒരു സംഘം ഫെബ്രുവരി 9 ഞായറാഴ്ച, ഫ്ലോറൽ പാർക്ക് ചെറി ലെയ്നിലുള്ള സെന്റ് ഗ്രിഗോറിയോസ് പള്ളി സന്ദർശിച്ചു.







വികാരി ഫാ. ഗ്രിഗറി വർഗീസ് കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾക്ക് സ്വാഗതം ആശംസിക്കുകയും ഭദ്രാസനത്തിന്റെ ഏറ്റവും വലിയ ആത്മീയ സമ്മേളനമായ ഫാമിലി & യൂത്ത് കോൺഫറൻസിനെ പിന്തുണയ്ക്കാനും അതിൽ പങ്കെടുക്കാനും എല്ലാവരെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ജെയ്സൺ തോമസ് (ഫാമിലി & യൂത്ത് കോൺഫറൻസ് സെക്രട്ടറി), ജോൺ താമരവേലിൽ (ട്രഷറർ), ഡോ. സിനി മാത്യു (മെഡിക്കൽ), പ്രേംസി ജോൺ (ഫിനാൻസ്), ജോനാഥൻ മത്തായി (എന്റർടൈൻമെന്റ്), ഡോ. ഷെറിൻ എബ്രഹാം (സുവനീർ), ഫിയോണ ജോൺ (എന്റർടൈൻമെന്റ്), അജു എബ്രഹാം (ഫിനാൻസ്) തുടങ്ങിയവർ കോൺഫറൻസ് ടീമിൽ ഉണ്ടായിരുന്നു. ഇടവകയിൽ നിന്ന് കെൻസ് ആദായി (ഇടവക സെക്രട്ടറി), മാത്യു മാത്തൻ & ബിജു മത്തായി (ട്രസ്റ്റീമാർ), എബി മാത്യു (ഭദ്രാസന അസംബ്ലി അംഗം), ഗീവർഗീസ് കെ. എബ്രഹാം & തോമസ് ചാക്കോ (മലങ്കര അസോസിയേഷൻ പ്രതിനിധികൾ) എന്നിവരും വേദിയിൽ പങ്കുചേർന്നു.

ജോൺ താമരവേലിൽ ടീം അംഗങ്ങളെ പരിചയപ്പെടുത്തി. കോൺഫറൻസിന്റെ സ്ഥലം, തീയതി, പ്രാസംഗികർ തുടങ്ങിയ വിവരങ്ങൾ ജെയ്സൺ തോമസ് പങ്കുവച്ചു. ജോൺ താമരവേലിൽ രജിസ്ട്രേഷൻ പ്രക്രിയയെക്കുറിച്ച് സംസാരിച്ചു.

സമ്മേളനത്തിന്റെ സ്മരണയ്ക്കായി പ്രസിദ്ധീകരിക്കുന്ന സുവനീറിൽ ലേഖനങ്ങൾ, കവിതകൾ പരസ്യങ്ങൾ ആശംസകൾ തുടങ്ങിയവ ഉൾപ്പെടുത്താനുള്ള അവസരത്തെപ്പറ്റി അജു എബ്രഹാം വിശദീകരിച്ചു.

സ്പോൺസർഷിപ്പ് അവസരങ്ങളെയും അതിന്റെ നേട്ടങ്ങളെയും കുറിച്ച് ജോനാഥൻ മത്തായി സംസാരിച്ചു.

കോൺഫറൻസിന്റെ രണ്ടാം ദിവസം നടക്കുന്ന സ്പോർട്സ് & ഗെയിംസ്, ടാലന്റ് നൈറ്റ് എന്നിവയിൽ പങ്കെടുക്കാൻ ഡോ. സിനി മാത്യു ഓർമ്മിപ്പിച്ചു. മുൻ കാല കോൺഫറൻസുകളിൽ ലഭിച്ച സ്മരണകൾ ഷെറിനും ഫിയോണയും പങ്കുവച്ചത് ഹൃദ്യമായി. ഓൺലൈൻ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള വിശദമായ വിവരങ്ങൾ നൽകുന്ന കോൺഫറൻസ് വെബ്സൈറ്റിനെക്കുറിച്ച് ജെയ്സൺ തോമസ് സംസാരിച്ചു.






ഇടവകയെ പ്രതിനിധീകരിച്ച്, ട്രസ്റ്റികൾ സുവനീറിനുള്ള സംഭാവന കൈമാറി. പ്രേംസി ജോൺ ഡയമണ്ട് ലെവൽ സ്പോൺസർഷിപ്പിലൂടെ പിന്തുണ വാഗ്ദാനം ചെയ്തു. ഫാ. ഗ്രിഗറി വർഗീസ്, ഗീവർഗീസ് മത്തായി, വർഗീസ് പോത്താനിക്കാട്, സന്തോഷ് മത്തായി എന്നിവർ കോൺഫറൻസിൽ പങ്കെടുക്കുന്നതിനായി രജിസ്ട്രേഷൻ ഫോമുകൾ സമർപ്പിച്ചു.

ആത്മീയ ഉത്ഥാനത്തിനായി രജിസ്റ്റർ ചെയ്യാനും കോൺഫറൻസിൽ പങ്കെടുക്കാനും ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിച്ച ഫാ. ഗ്രിഗറി വർഗീസ് കോൺഫറൻസ് ടീമിൻറെ ഉദ്യമങ്ങൾക്ക് ആശംസകൾ നേർന്നു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട്ട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ. ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി, റവ. ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ) , ഫാ. ജോൺ (ജോഷ) വർഗീസ്, (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ - നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യ പ്രാസംഗികർ. 'നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെനിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു''(ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pilgrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

രജിസ്ട്രേഷനും വിശദാംശങ്ങൾക്കും www.fycnead.org സന്ദർശിക്കുക.

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914-806-4595), ജെയ്സൺ തോമസ്, കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917.612.8832), ജോൺ താമരവേലിൽ, കോൺഫറൻസ് ട്രഷറർ) (ഫോൺ: 917.533.3566) എന്നിവരുമായി ബന്ധപ്പെടുക.











# കേരളത്തിൽ കോൺഗ്രസ് നേതാക്കൾ ഒരുമിച്ചു മുമ്പോട്ട് പോകണം

ചാരുംമൂട് ജോസ്

എത്ര പാഠങ്ങൾ പഠിച്ചാലും, എത്ര വര്ഷം അധികാരമില്ലാതെ അലഞ്ഞു നടന്നാലും കോൺഗ്രസ് നേതാക്കൾ നിലപാട് മാറ്റില്ലെന്ന് ദുസ്ഥിതി തുടരുന്നു. ഗ്രൂപ്പ് കളിച്ച് തമ്മിൽ വലിയവൻ ആരാണെന്നു വരുത്തി തീർക്കാൻ അവർ നിരന്തരം ശ്രമിക്കുന്ന കാഴ്ച്ച കണ്ടു സാധാരണ കോൺഗ്രസ് അനുഭാവികൾ പോലും ഇവരെ വെറുക്കാൻ തുടങ്ങി.

മകൻ ചത്താലും മരുമകളുടെ ദുഃഖം കാണാൻ ആഗ്രഹിക്കുന്ന അമ്മായിഅമ്മയെപ്പോലെ കോൺഗ്രസിലെ ഭൂരിപക്ഷ നേതാക്കന്മാരും അധപ്പതിച്ചുപോയി .

കേരളത്തിൽ ഇത്ര മോശം ഏകാധിപത്യ ഭരണം ഉണ്ടായിട്ടും അണികൾ കൂടുതലും അസ്വസ്ഥരായിരുന്നിട്ടും അവർക്ക് മാറ്റമില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അച്ചടക്കം ഇക്കൂട്ടർ കണ്ടു പഠിക്കേണ്ടതാണ്

ചുവർ ഉണ്ടെങ്കിലേ ചിത്രം വരയ്ക്കാൻ പറ്റൂ എന്ന തിരിച്ചറിവ് എപ്പോഴാണ് ഇനി ഉണ്ടാവുന്നത്.? കേരളത്തിലെ കോൺഗ്രസിനെ ഇല്ലാതാക്കാൻ കേന്ദ്ര സർക്കാർ പിണറായിയെ വളരെ കൃത്യമായി ഉപയോഗിക്കുമ്പോൾ ഇതിനെ നേരിടാൻ നേതാക്കൾ ഗ്രൂപ്പ് ചിന്ത മാറ്റിവച്ചിട്ടു ഒന്നിച്ചു പ്രവർത്തിക്കാൻ സമയം അതിക്രമിച്ചിരിക്കുന്നു





വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിലേക്കു വേണ്ട പ്രവർത്തനം യുദ്ധകാല അടിസ്ഥാനത്തിൽ നടക്കണം. ബൂത്ത് തലങ്ങളിൽ രണ്ടോ മൂന്നോ പേര് വീതം വരുന്ന സ്‌ക്വാഡുകളിയി പ്രവർത്തകരെ നിയോഗിക്കുക. വോട്ടർമാർ കൃത്യമായി വോട്ടു രേഖപ്പെടുത്തുന്നത് വരെ ഉള്ള ഉത്തരവാദിത്വം അവർക്കു മാത്രം നൽകുക . അങ്ങനെ കേരളം മുഴുവൻ സ്‌ക്വാഡുകൾ സജ്ജമാക്കുക .വെള്ളേം വെള്ളേം ഇട്ടുള്ള ആൾക്കൂട്ടം ഒന്നിനും പ്രതിവിധി ആകില്ല. ആദ്യം സ്വന്തമായി ഒന്ന് താന്നു കൊടുക്കുക .തന്നെക്കാൾ അവൻ മോശം എന്ന് വിചാരിക്കാതിക്കുക .

കേന്ദ്രത്തിലും കേരളത്തിലും കോൺഗ്രസ് പാർട്ടി വീണ്ടും അധികാരത്തിൽ വരണമെന്നാഗ്രഹിക്കുന്നവർ ഈ മഹാ രാജ്യത്തിൽ കുറെ ആൾക്കാരുണ്ട് . അവരെ വീണ്ടും നിരാശപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ ഇനിയും ഇടപെടരുത് . ജനം പാർട്ടിയെ പൂർണമായി വെറുക്കാൻ ഇട വരുത്തരുത് .

കേരളത്തിൽ കോൺഗ്രസിലെ ചെറുപ്പക്കാർ , സ്ത്രീകൾ എന്നിവർ ഇനിയും അവഗണിക്കപ്പെടാൻ ഇടയാകരുത്. മുതിർന്ന നേതാക്കൾ പിന്നിൽ നിന്ന് പ്രവർത്തിക്കുക .മരണം വരെ അധികാരം നിലനിർത്തണം എന്ന് ശഠിക്കരുതു .

ഡോ. ശശി തരൂരിനെ മുൻനിർത്തി ഇനി പ്രവർത്തനം നടത്തിയാൽ കേരളത്തിൽ അത്ഭുതം നടക്കും. പാർട്ടി ജാതി ഭേദമില്ലാതെ സകല ചെറുപ്പക്കാരും പിന്നിൽ അണിയണിയായി നിരക്കും .

കേരളം കോൺഗ്രസ് തൂത്തു വാരും .കമ്മ്യൂണിസ്റ്റ് പാർട്ടിയെ തുരത്തി ഓടിക്കാം. ആദർശമുള്ള മാത്യു കുഴൽനാടനെയും മുന്പന്തിയിലേക്കു കൊണ്ടുവരൂ .എല്ലാ മണ്ഡലങ്ങളും തിരിച്ചു പിടിക്കാം .മുഖ്യ മന്ത്രി ആരാകണമെന്നു പിന്നീട് കൂട്ടായി തീരുമാനം എടുക്കാം .എല്ലാവരും ഒന്നിച്ചിരുന്നു ചടുലതയോടെ ആലോചിച്ചു ചെയ്യാം .അതല്ലാതെ എല്ലാവരും വരിയായി ചെന്ന് ഹൈക്കമാണ്ടിന്റെ വാതിൽ കാത്തു നിൽക്കേണ്ട ആവശ്യം ഒന്നുമില്ല.

നാണം ആകുന്നില്ലേ പ്രായപൂർത്തി ആയ നേതാക്കൾ ഏത്തമിടാൻ ഡൽഹിക്കു പറക്കുന്നത്? ഇത് എത്രയും വേഗം അവസാനിപ്പിച്ച് അന്തസ്സ് വീണ്ടെടുക്കുക

ഇവിടെ കൊച്ചു കേരളത്തിൽ ഒന്നിച്ചു ഗ്രൂപ്പുകളി അവസാനിപ്പിച്ച് കൂട്ടായി ചിട്ടയോടെ അച്ചടക്കത്തോടെ

പാർട്ടിയെ നയിക്കൂ .വിജയം സുനിശ്ചിതം .

എല്ലാവർക്കും ആശംസകളും നേരുന്നു

ജയ് ഹിന്ദ് ജയ് കോൺഗ്രസ് പാർട്ടി

# കെ ഹോംസ് പ്രവാസികളുടെ വയറ്റത്തടിക്കും; പാർട്ടിക്കാർ കയറി നിരങ്ങും

**(എബി മക്കപ്പുഴ)**

ഡാളസ്: 2025 – 26 വർഷത്തേക്കുള്ള സംസ്ഥാന ബജറ്റിൽ ധനമന്ത്രി കെഎൻ ബാലഗോപാൽ പ്രഖ്യാപിച്ച പ്രധാന പദ്ധതികളിൽ ഒന്നായ കെ ഹോം വിവാദമാകുന്നു.

ടൂറിസം രംഗത്ത് ഉണർവേകാനുള്ള പുതിയ പദ്ധതിയ്ക്ക് അടച്ചിട്ടിരിക്കുന്ന വീടുകൾ തെരഞ്ഞെടുക്കുന്ന രീതി വീട്ടുടമകൾ വലിയ ഭീതിയോടു കൂടിയാണ് കാണുന്നത്.

ജീവിതത്തിന്റെ നല്ല നാളുകൾ രാത്രിയെ പകലാക്കി ഓവർടൈം ചെയ്തു ജീവിത സുഖങ്ങളൊക്കെ വെട്ടി ചുരുക്കി നാട്ടിൽ എത്തുമ്പോൾ, ഒന്ന് തല ചയിക്കുവാൻ വേണ്ടി പണിതു സ്വപ്ന ലോകത്തു കഴിയുന്ന പ്രവാസി മലയാളികളെ സംബന്ധിച്ചടത്തോളം ഇത് ഇരുട്ടടിപോലെ ആണ്.

നിലവിൽ സംസ്ഥാനത്ത് 15 ലക്ഷത്തോളം വീടുകൾ ആൾപ്പാർപ്പില്ലാതെ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നാണ് സർക്കാർ കണക്ക്.

ഇതിൽ ഒന്ന് എന്റേതാണ്. ടൗണിന്റെ ഹൃദയ ഭാഗത്തു നിലകൊള്ളുന്ന എന്റെ വീട്. എനിക്കൊരു സ്വപ്നം ഉണ്ട്. റിട്ടയർമെന്റ് കാലം നാട്ടിലുള്ള എന്റെ വീട്ടിൽ താമസിക്കണമെന്നു കെ ഹോംസ് ഏറ്റെടുത്താൽ എന്റെ ജീവിത സ്വപ്നങ്ങളൊക്കെ വെള്ളത്തിൽ വരച്ചത് പോലെ ആകും.

പ്രവാസികൾക്ക് സർക്കാർ വരുമാനം ഉണ്ടാക്കി കൊടുക്കേണ്ട ആവശ്യം ഇല്ല. പ്രവാസികളുടെ വീടിനും സ്വത്തിനും സംരക്ഷണം നൽകുകയാണ് വേണ്ടത്.

താമസക്കാരില്ലാത്ത വീടുകളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി ടൂറിസത്തിനായി ഉപയോഗിക്കുന്ന പദ്ധതിയാണ് കെ ഹോംസ് എന്ന് പറയുമ്പോൾ പ്രയോജനം വീടുടമസ്ഥനോ അതോ പാർട്ടി പ്രവർത്തകർക്കോ?

പ്രവാസികളുടെ ക്ഷേമം ഒന്നും പ്രതീക്ഷിക്കണ്ട. കെ ഹോംസ് നിലവിൽ വന്നാൽ പ്രവാസികളുടെ വര്ഷങ്ങളുടെ വിയർപ്പു കൊണ്ട് പണിതുയർത്തിയ വീടുകളുടെ ഇടത്തരക്കാരുടെ പാർട്ടിപ്രവർത്തകരുടെ കൈവശം ആകുമെന്നതിൽ ഒട്ടും സംശയം വേണ്ട.

ആരാധനാലയം പോലെ കത്ത് സൂക്ഷിച്ചു നാട്ടിലെ ജീവിതം സ്വപ്നം കാണുന്ന പ്രവാസികളുടെ വീടുകൾ ആഭാസരുടെ വിളയാട്ട കേന്ദ്രമായി മാറും. ഡ്രഗ് മഫിയാ വിരുതരുടെ, സാമൂഹ്യ വിരുദ്ധരുടെ, അനാശാസ്യ പ്രവർത്തനങ്ങളുടെ സുരക്ഷിതമായ ഇടത്താവളമായി മാറ്റപ്പെടും.

കലക്ക വെള്ളത്തിൽ മീൻ പിടിക്കുന്ന സംവിധാനമാണ് ഇപ്പോൾ സർക്കാർ ചെയ്തു കൊണ്ടരിക്കുന്ന വരുമാന മാർഗം. സർക്കാർ ഖജനാവ് കാലിയാക്കി സ്വന്തം കീശയുടെ വലുപ്പം കൂട്ടികൊണ്ടിരിക്കുന്ന ഭരണാധികാരികൾക്ക് ഇപ്പോഴത്തെ നോട്ടം പ്രവാസികളുടെ വീടുകളിലേക്കാണ്.

സഹകരണ ബാങ്കുകളിലൂടെ കോടികൾ അടിച്ചു മാറ്റി സമൂഹ മദ്ധ്യേ വി ഐ പികളായി കഴിയുന്നവർക്കെതിരെ ഒരു ചെറു വിരൽ പോലും ആനക്കുവാൻ കഴിവില്ലാത്ത സർക്കാർ ഇനിയുള്ള കാലം പ്രവാസിളുടെ സ്വത്തിലേക്കാണ് ശ്രദ്ധ.






Now baking 4 exciting flavors
HOTCAKEUSA
Premium Plum Fruit & Nut Cake
Plum Cakes Freshly Made in USA
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727

# നൈതികത ഉള്ളൊരു മനസ്സിന് എത്രകാലം നിശ്ശബ്ദമായിരിക്കുവാൻ പറ്റും





**രതീദേവി , ഷിക്കാഗോ**

ആർഷഭാരത സംസ്കാരത്തിൽ വിശ്വപൗരൻ എന്ന വിശേഷണത്തിന് ഏറെ പ്രധാന്യമുള്ള കാലഘട്ടമാണിന്ന്. സമകാലിക സംഭവങ്ങൾ വിലയിരുത്തുമ്പോൾ അമേരിക്കയിൽ നിന്നുള്ള അനധികൃത കുടിയേറ്റക്കാരെ കണ്ടെത്തി ചങ്ങലയുമിട്ട് ഇൻഡ്യയിലേക്ക് കയറ്റി അയച്ച സംഭവം വേദനിപ്പിക്കുന്നു . നാം ഒരിക്കലും കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത ഈ ഹതഭാഗ്യർക്കെതിരായി ഇന്ത്യയിലെയും കേരളത്തിലെയും ചില ഓൺലൈൻ മാധ്യമങ്ങളും സോഷ്യൽ മിഡിയകളിലും നടത്തുന്ന ഈ ചിത്രവധം അസഹനീയമാണ്.

അമേരിക്കൻ നയങ്ങളെ ഞാൻ വിമർശിക്കുവാൻ വേണ്ടിയല്ല ഈ കുറിപ്പ്. അത് വിമർശനാതീതവുമല്ല. അമേരിക്കയിൽ കുടിയേറാൻ സാഹചര്യ? കിട്ടിയാൽ മിക്കവരും അതിനു ശ്രമിക്കും . ഇങ്ങനെ കുടിയേറാൻ ശ്രമിച്ചവരെ, കൊടും ക്രിമിനലുകളും ഭീകരവാദികളുമായിട്ടാണ് ഇവർ പ്രചരിപ്പിക്കുന്നത്.

അറസ്റ്റ് ചെയ്തു മടക്കിയയച്ചവരിൽ ചിലർ നിയമപരമായി കുടിയേറ്റത്തിനുള്ള എല്ലാപ്രക്രിയകളു? നടത്തി ഗ്രീൻ കാർഡ് കിട്ടാൻ കാത്തിരിക്കുന്നവരാണ്.

ഗ്രീൻ കാർഡിന്റെ മുഴുവൻ പ്രക്രിയയ്ക്കും 1 മുതൽ 10 വര്ഷം വരെ സമയ മെടുക്കും.

അഭയാർത്ഥി വിസയിൽ വന്നവർ ,ജോലി വിസയിൽ വന്നവർ .ഇതിൽ ഡോക്ടർമാർ, എൻഞ്ചിനിയർമാർ , അധ്യാപകർ , തുടങ്ങിയവർ , കൂടാതെ സ്റ്റുഡൻസ് വിസയിൽ വന്ന് പഠന? അവസാനിച്ചതിനുശേഷ? മറ്റൊരു യൂണിവേഴ്സിറ്റിയിൽ അപ്ളൈ ചെയ്ത് കാത്തിരിക്കുന്നവർ. മറ്റ് ചിലർ അമേരികയിൽ എങ്ങനെയോ വന്നു – ഒരു വർഷങ്ങൾ മുതൽ 10 വരെ കഠിനാദ്ധ്വാനം ചെയ്തു നികുതി അടച്ചതിനു ശേഷമാണ് അവർ ഗ്രീൻ കാർഡിന് അപേക്ഷിച്ചത് . വർഷങ്ങളുടെ കാത്തിരിപ്പിന് ശേഷം ഗ്രീൻ കാർഡ് കൈയിൽ കിട്ടാൻ ദിവസങ്ങൾ ബാക്കി നിൽകുമ്പോഴാണ് പലരെയും ചങ്ങലക്കിട്ട് തിരിച്ചയത് .

ഇവിടെ അമേരികയിൽ നൂറുകണക്കിനു ഇന്ത്യക്കാരുടെ മലയാളികൾ ഉൾപ്പെടെയുള്ളവരുടെ അച്ഛനമ്മമാർ , സഹോദരങ്ങൾ ഗ്രീൻ കാർഡ് അപ്ലൈ ചെയ്തവർ ഇപ്പോഴും അമേരിക്കയിലുണ്ട് . ആരെങ്കിലും ചൂണ്ടി കാണിച്ചാൽ , ചങ്ങലയിൽ ഇട്ടു കുറ്റവാളികളെപ്പോലെ ഇവരെയും കയറ്റി അയക്കും . അല്ലെങ്കിൽ ഇവരെ ഗ്വാണ്ടാനാമോ പോലുള്ള ഇന്റർ നാഷണൽ കുറ്റവാളികളും ഭീകരവാദികളും നിറഞ്ഞു ജയിലുകളിൽ ഈ സാധുക്കളെ അടക്കുമെന്നു കേൾക്കുന്നതു തന്നെ ഭീതിയാണ്. വേലിചാടി വന്നവർക്കു വേണ്ടിയല്ല ഞാനിതു എഴുതിയത്.

നിയമവിരുദ്ധമായി താമസിക്കുന്നവരെ കയററി അയ്ക്കന്നതിൽ തെറ്റ് ഇല്ല . പക്ഷേ,അതിനു മുൻപ് പല നിയമ ക്രമങ്ങളുണ്ട്, ഉടമ്പടികളുണ്ട്. അതിലൊന്നാണ് അവരെ കേൾക്കുക എന്നുള്ള അന്താരാഷ്ട്ര നിയമം . ഉദാഹരണം ഒരു മാസത്തിനകം ഗ്രീൻ കാർഡ് കിട്ടുമെന്ന് ഉറപ്പുള്ളവർ ആ രേഖ കാണിച്ചാൽ അതുവരെ നില്ക്കുവാനുള്ള അനുമതിയും സാവകാശവും കൊടുക്കുക .

കുടുംബ സമേതം താമസിക്കുമ്പോൾ ഭക്ഷണം വാങ്ങുവാൻ പോകുന്ന ഗൃഹനാഥനെ അറസ്റ്റ് ചെയ്തു കൊണ്ടുപോകുന്നു . കാത്തിരിക്കുന്ന ഭാര്യയുടെയും മക്കളുടെയും ഭീതി .

വർഷങ്ങളായി അമേരികയിൽ താമസിച്ചവരെ അവരുടെ അത്യാവശ്യ സാധനങ്ങൾ പോലും എടുക്കാൻ കഴിയാതെ ഉടുതുണി മാത്രമായി മടക്കിയയ്ക്കുന്നു . ഇത് സാമുഹ്യവും സാംസ്കാരികവും , സാമ്പത്തികവും മന:ശാസ്ത്രപരവുമായ ഒട്ടനവധി പ്രശ്നങ്ങൾ സൃഷ്ടിക്കും .

ഈ ധൃതി വേണ്ടായിരുന്നു . എന്റെ അഭിപ്രായത്തിൽ 'ആറു മാസത്തിനകം അനധികൃതകുടിയേറ്റക്കാർ അമേരിക്ക വിട്ട് പോകണമെന്ന് പ്രഖ്യാപിക്കുക' അപ്പോൾ കുറെയേറെ ആൾക്കാർ അവരുടെ സാമഗ്രികൾ പെറുക്കി കെട്ടി അമേരിക്ക വിടുമായിരുന്നു .

നമുക്ക് ഒരു കാര്യം ചെയ്യുവാൻ കഴിയും

ഫൊക്കാന , ഫോമ പോലെയുള്ള സാമൂഹ്യ സാംസ്കാരിയ സംഘടനകൾ, കൂടാതെ പ്രവാസികളുടെ ക്ഷേമം ലക്ഷ്യം വച്ചു പ്രവർത്തിക്കുന്ന കേരളത്തിലെ നോർക്ക , ലോക കേരളസഭ പോലുയുള്ള സംഘടനകൾക്ക് അമേരിക്കയിൽ അപ്പീൽ കൊടുക്കുവാൻ കഴിയും. വ്യക്തികൾക്കും അപ്പീൽ കൊടുക്കുവാൻ കഴിയും.

ഗ്രീൻ കാർഡ് ,പലതരം വിസകൾ , വർക്കിങ് പെർമിറ്റ് തുടങ്ങിയവയ്ക്ക് അപേക്ഷിച്ച് കാത്തിരിക്കുന്നവർക്ക് അന്താരാഷ്ട്ര നിയമം പരിപാലിക്കണമെന്ന് നമുക്ക് അപ്പീൽ നല്കാം . ഇതിൽ ദേശ വിരുദ്ധത ഒന്നുമില്ല .

അമേരിക്കൻ ജനാധിപത്യ വ്യവസ്ഥയിൽ ഇത് അനുവദനീയമാണ്. ഉദാ:ട്രാൻസ് ജന്റേഴ്സിന്റെ അവകാശങ്ങൾ അമേരിക്കൻ പ്രസിഡന്റ് നിരോധിച്ചുകൊണ്ട് ഒപ്പു വച്ചപ്പോൾ അമേരിക്കയിലെ 14 സ്റ്റേറ്റ് ഇതിനെതിരെ അപ്പീൽ ഫയൽ ചെയ്തു. കൂടാതെ മൂന്ന് ഡോക്ടർമാരും ട്രാൻസ് വിരുദ്ധ ഉത്തരവിനെ വെല്ലുവിളിച്ച് വ്യക്തിപരമായി വെള്ളിയാഴ്ച കേസ് ഫയൽ ചെയ്തു.

ആധുനിക കാലത്ത് ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന നമ്മൾക്ക് സഹജീവികളെകളോടെ എന്തിനാണ് ഇത്ര വെറുപ്പും വിദ്വേഷവും? വിശിഷ്യാ , ഇന്ത്യക്കാരായ നമുക്ക് ഇന്ത്യക്കാരെ ചങ്ങലക്കിട്ട് തിരികെ കൊണ്ട് വിട്ടു എന്നു കേൾക്കുമ്പോൾ ഇന്ത്യയിൽ ഉള്ളവർ ആഹ്ളാദിക്കുന്നു, എന്തൊരു വിരോധാഭാസം.

ഇതിൽ ഗ്രീൻ കാർഡിനു അപേക്ഷിച്ച് കാത്തിരുന്ന ഡോക്ടർമാർ , അധ്യാപകർ , നഴ്സ്മാർ തുടങ്ങിയവരുമുണ്ട്. ലോകത്തിലെ ഏറ്റവും വലിയ ജനസംഖ്യപ്പെരുപ്പമുള്ള രാജ്യമാണ് ഇന്ത്യ. കുടിയേറ്റം എന്നത് അനിവാര്യമായിരിക്കുന്നു. നിയമപരമായി അത് നടക്കട്ടെ.

അനധികൃത കുടിയേറ്റക്കാരെയും കൊണ്ട് പുറപ്പെട്ട അമേരിക്കൻ സൈന്യ വിമാനം കൊളംബിയൻ പൗരന്മാരെ കൊണ്ട് അവിടെ ഇറങ്ങിയപ്പോൾ ആ രാജ്യം തിരിച്ചയച്ചു. യാത്രാവിമാനത്തിൽ കൈയ്യിലോ കാലിലോ ചങ്ങല ഇല്ലാതെ മടങ്ങി എത്തിയ അവരെ സ്വീകരിച്ചു അവിടത്തെ പ്രസിഡന്റ് ഗുസ്താവോ പെഡ്രോ. 'കുടിയേറ്റക്കാർ ക്രിമനലുകൾ അല്ലായെന്ന് ' ഉച്ചത്തിൽ പറഞ്ഞാണ് അവരെ സ്വീകരിച്ചത്. നഗ്നശിരസുമായി നിരാലംബരായി വന്നിറങ്ങിയ ആ കുടിയേറ്റക്കാരിൽ ഈ വാക്കുകൾ എത്രമേൽ ആത്മവിശ്വാസമാണ് ഉണ്ടാക്കിയതെന്ന് നമുക്കൂഹിക്കാം!

ഇന്ത്യയിൽ ജനിച്ച എന്നിൽ ഇന്ത്യയെന്നത് ഒരു വികാരമാണ് . ഗുജറാത്തികളെന്നോ, മലയാളികളെന്നോ എനിക്കില്ല. അവരെ പരിഹസിക്കുവാൻ എനിക് കഴിയില്ല

മാനവികതയിൽ വിശ്വസിക്കുന്ന എഴുത്തുകാരി എന്ന നിലയിലു? ഒരു മനുഷ്യാവകാശ പ്രവർത്തകനിലയിലു? ഇത്രയെങ്കിലു? എഴുതിയില്ലെങ്കിൽ എന്നിലെ നൈതികതയോട് പൊരുത്തപ്പെടാൻ എനിക്കു കഴിയില്ല.

**നമുക്ക് ഒരു കാര്യം ചെയ്യുവാൻ കഴിയും. ഫൊക്കാന , ഫോമ പോലെയുള്ള സാമൂഹ്യ സാംസ്കാരിയ സംഘടനകൾ, കൂടാതെ പ്രവാസികളുടെ ക്ഷേമം ലക്ഷ്യം വച്ചു പ്രവർത്തിക്കുന്ന കേരളത്തിലെ നോർക്ക , ലോക കേരളസഭ പോലുയുള്ള സംഘടനകൾക്ക് അമേരിക്കയിൽ അപ്പീൽ കൊടുക്കുവാൻ കഴിയും. വ്യക്തികൾക്കും അപ്പീൽ കൊടുക്കുവാൻ കഴിയും.**

**ഗ്രീൻ കാർഡ് ,പലതരം വിസകൾ , വർക്കിങ് പെർമിറ്റ് തുടങ്ങിയവയ്ക്ക് അപേക്ഷിച്ച് കാത്തിരിക്കുന്നവർക്ക് അന്താരാഷ്ട്ര നിയമം പരിപാലിക്കണമെന്ന് നമുക്ക് അപ്പീൽ നല്കാം . ഇതിൽ ദേശവിരുദ്ധത ഒന്നുമില്ല .**



# ഫൊക്കാന കേരളാ കൺവെൻഷൻ ഓഗസ്റ്റ് ഒന്ന്, രണ്ട്, മൂന്ന് തീയതികളിൽ കുമരകത്ത്

**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂ യോർക്ക് : ഫൊക്കാന കേരളാ കൺവെൻഷൻ ഓഗസ്റ്റ് ഒന്ന് , രണ്ട് , മൂന്ന് തീയതികളിൽ കോട്ടയത്തെ കുമരകത്തുള്ള ഗോകുലം ഗ്രാന്റ് ഫൈവ് സ്റ്റാർ റിസോർട്ടിൽ നടത്തും. ഇത് ആദ്യമായാണ് ഫൊക്കാന കേരളാ കൺവെൻഷൻ ഒരു ഫൈവ് സ്റ്റാർ റിസോർട്ടിൽ നടത്തുന്നത് എന്ന് പ്രസിഡന്റ് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.

കുമരകം ഗോകുലം ഗ്രാന്റ് റിസോർട്ട് കേരളത്തിലെ തന്നെ ഫൈവ് സ്റ്റാർ നിലവാരമുള്ള ചുരുക്കം ചില റിസോർട്ടുകളിൽ ഒന്നാണ്. അടുത്തിടെ പണികഴിഞ്ഞ ഈ റിസോർട്ട് ലോകത്തിലെ തന്നെ ഏറ്റവും മുന്നിൽ നിൽക്കുന്ന റിസോർട്ടുകളിൽ ഒന്ന് കൂടിയാണ്. ആഗസ്റ്റ് ഒന്നും, രണ്ടും തീയതികളിൽ റിസോട്ടിൽ വെച്ചും മൂന്നാം ദിവസം മുന്നൂറിൽ അധികം ആളുകൾക്ക് ഇരിക്കാവുന്ന ബോട്ടിൽ വെച്ചുമാണ് കേരളാ കൺവെൻഷൻ .

വേമ്പനാട്ടു കായലിനോടു ചേർന്നു കാഴ്ചകൾ കണ്ടു തലചായ്ക്കാൻ വശ്യസുന്ദരമായ ഒരിടമാണ് ഗോകുലം ഗ്രാന്റ് റിസോർട്ട്. സമുദ്രനിരപ്പിനേക്കാൾ താഴ്ന്നു സ്ഥിതി ചെയ്യുന്ന ഭാഗമായതിനാൽ കുമരകത്തെ കേരളത്തിന്റെ നെതർലന്റ്സ് എന്നാണ് അറിയപ്പെടുന്നത്. കുമരകത്തിന്റെ സഞ്ചാര ലോകത്തേക്ക് എത്തി തിരിച്ചു പോകുന്നവർക്ക് പറയാൻ നിരവധി നിരവധി കഥകളുണ്ടാകും. ആസ്വദിക്കാൻ പ്രകൃതി തന്നെയൊരുക്കുന്ന നിരവധി കാഴ്ചകളാണ് നമ്മളെ കുമരകത്ത് കാത്തിരിക്കുന്നത് .

കായൽ കാഴ്ചയും,പ്രകൃതി , നാടൻ വിഭവങ്ങളും, അടിപൊളി താമസവുമായി കുമരകത്തെ സഞ്ചാരികളുടെ ഇഷ്ടഡെസ്റ്റിനേഷനുകളിലൊന്നാണ് ഗോകുലം ഗ്രാന്റ് റിസോർട്ട് . കായൽപ്പരപ്പിലൂടെ മതിയാവോളം കറങ്ങാനും പ്രകൃതിയുടെ പച്ചപ്പ് ആസ്വദിക്കുവാനും തനതു രുചിയറിയുവാനും വിദേശികളും സ്വദേശികളുമായ ആയിരക്കണക്കിന് യാത്രികരാണ് ഇവിടേക്ക് അന്തിയുറങ്ങാൻ എത്തിച്ചേരുന്നത്. റിസോർട്ടു രീതിയിലുള്ള താസമ സൗകര്യവും , തനിനാടൻ ഭക്ഷണശാലകളും ഉൾപ്പടെ ഒരു സഞ്ചാരിക്ക് വേണ്ടതെല്ലാം ഒരുക്കുന്ന ഗോകുലം ഗ്രാന്റ് റിസോർട്ട് സഞ്ചാരികളുടെ സ്വർഗഭൂമി എന്നു തന്നെ പറയാം.

വാട്ടർ ലഗൂൺ , സ്വിമ്മിങ് പൂൾ ,ഇൻഡോർ , ഔട്ട് ഡോർ ഗെയിംസ് , ഈവെനിംഗ് ക്രൂസ് , ബാമ്പൂ റാഫ്റ്റിങ്, ഫിഷിങ് , സ്പാ തുടങ്ങി നിരവധി എന്റർടൈമെന്റ് അടങ്ങിയതാണ് ഈ റിസോർട്ട് .

കുമരകത്തേക്ക് വന്നുപോകുന്ന സഞ്ചാരികൾ പറയുന്ന ഒരു കാര്യമുണ്ട് 'ഭൂമിയിൽ ഒരു സ്വർഗമുണ്ടെകിൽ അത് ഇവിടെയാണ്'. അത്ര മനോഹരമാണ് കുമാരകവും ഗോകുലം ഗ്രാന്റ് റിസോർട്ടും. അതുകൊണ്ട് തന്നെയാണ് ഫൊക്കാന കേരളാ കൺവെൻഷൻ കുമരകത്ത് നടത്താൻ തീരുമാനിച്ചത്. ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി , സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ , ട്രഷർ ജോയി ചാക്കപ്പൻ, അഡി. ജോയിന്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ള , അഡി. ജോയിന്റ് ട്രഷർ മില്ലി ഫിലിപ്പ് , ട്രസ്റ്റീ ബോർഡ് മെമ്പർ തോമസ് തോമസ് , കോമളൻ പിള്ള തുടങ്ങി ഫൊക്കാനയുടെ ഒരു ടീം ഇവിടം സന്ദർശിക്കുകയും അവരും എക്സിക്യൂട്ടീവ് കമ്മിറ്റിയും ഒരേ സ്വരത്തിൽ ഇവിടം മതിയെന്നു തീരുമാനിക്കുകയും ആയിരുന്നു

സമഗ്രമായ അവധിക്കാല അനുഭവങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ. ആധുനിക കാലത്ത് റിസോർട്ടുകൾ വിശാലമായ വിനോദസഞ്ചാരം വാഗ്ദാനം ചെയ്യാനുള്ള കഴിവാണ് റിസോർട്ടുകളെ പ്രിയങ്കരമാകുന്നത്.

വൈവിധ്യമാർന്ന സഞ്ചാരികളെ ആരോഗ്യത്തിനും വിശ്രമത്തിനും ഊന്നൽ നൽകി പ്രവർത്തിക്കുന്ന . ഗോകുലം ഗ്രാന്റ് റിസോർട്ട് ആഡംബരവും സൗകര്യവും സമന്വയിപ്പിക്കുന്നു ഒന്നാണ്. അത്കൊണ്ടാണ് ഈ റിസോർട്ട് തന്നെ തെരഞ്ഞെടുക്കാൻ കാരണമെന്ന് കേരളാ കൺവെൻഷൻ ചെയർ ജോയി ഇട്ടൻ അഭിപ്രായപ്പെട്ടു.

ഫൊക്കാന കേരളാ കൺവെൻഷൻ തനതായ രീതിയിൽ നടത്തുപോഴും അത് അമേരിക്കൻ മലയാളികളുടെ ഒരു വെക്കേഷൻ പാക്കേജ് എന്ന രീതിയിൽ ആണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഇതിൽ പങ്കെടുക്കുന്നവർക്ക് എല്ലാം മറന്നു മൂന്ന് ദിവസം ആഘോഷമാക്കാനാണ് ഫൊക്കാന കമ്മിറ്റി ശ്രമിക്കുന്നത്. ആദ്യത്തെ രണ്ട് ദിവസത്തെ പരിപാടികൾ റിസോർട്ടിൽ നടത്തുബോൾ മൂന്നാം ദിവസം ഫുൾ ഡേ ബോട്ടിലെ ആണ് കൺവെൻഷൻ ക്രമീകരിച്ചിരിക്കുന്നത്. ഈ ബോട്ടുയാത്ര എല്ലാ പ്രായത്തിൽ ഉള്ളവർക്കും സന്തോഷകരമാക്കാൻ വേണ്ടിയുള്ള കലാപരിപാടികളും ചിട്ടപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിലെ മുഖ്യ മന്ത്രി , ഗവർണർ , മന്ത്രിമാർ , കേന്ദ്രരത്തിലെ മന്ത്രിമാർ , കേന്ദ്ര പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി , എം , പി മാർ , എം .എൽ .എമാർ , സാമൂഹ്യ പ്രവർത്തകർ , സിനിമ

താരങ്ങൾ തുടങ്ങി നിരവധി പ്രമുഖർ പങ്കെടുക്കുന്ന ഈ കൺവെൻഷൻ ഫൊക്കാനയുടെ ചരിത്രത്തിൽ ഇന്നേവരെ കണ്ടിട്ടില്ലാത്ത ഒരു കൺവെൻഷൻ ആയിരിക്കും എന്ന കാര്യത്തിൽ സംശയം ഇല്ല. ഇവിടെ നമ്മളോടൊപ്പം ഇവരെല്ലാം ഈ കൺവെൻഷനിൽ നമ്മളിൽ ഒരാളായി കാണും.

കുമരകം ഗോകുലം ഗ്രാന്റ് റിസോർട്ടിലെ മിക്ക റൂമുകളും ഇപ്പോൾ തന്നെ ഫൊക്കാന കേരളാ കൺവെൻഷന് വേണ്ടി പലരും തന്നെ ബുക്ക് ചെയ്തിരിക്കുന്നതിനാൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന നിങ്ങളും റൂമുകൾ ബുക്ക് ചെയ്യുവാൻ എത്രയും ബന്ധപ്പെടേണം എന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിക്കുന്നു.

ഇവിടെത്തെ റൂമുകൾ ബുക്കിങ് കഴിഞ്ഞാൽ അടുത്തുള്ള റിസോർട്ടുകളിൽ മാത്രമേ റൂമുകൾ കിട്ടുകയുള്ളു. അതുകൊണ്ടു എത്രയും പെട്ടെന്ന് തന്നെ നിങ്ങളുടെ റൂമുകളും ബുക്ക് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.




USA - CANADA TOUR
MAY-JUNE 2025
STAR ENTERTAINMENT
PRESENTS
cine Star Nite 2025
www.starentertainment.world
CONTACT: JOSEPH IDICULA 201-421-5303
JAMES GEORGE 973-985-8432 | BOBBY VARGHESE 201-669-1477

# കേന്ദ്രം സൃഷ്ടിച്ച കാർമേഘങ്ങൾ നീക്കി വികസനത്തിന്റെ പുതിയ ആകാശംതൊട്ട് രണ്ടാം പിണറായി സർക്കാരിന്റെ അഞ്ചാം ബജറ്റ്



**ജോസ് കാടാപുറം:**

പ്രതിസന്ധികളെയെല്ലാം ബദൽമാർഗങ്ങളിലൂടെ മറികടന്ന് അതിവേഗ വളർച്ചയുടെ മറ്റൊരു ഘട്ടത്തിലേക്കുള്ള മാറ്റം.... മനുഷ്യവിഭവശേഷി വർധിപ്പിക്കാൻ നടത്തിയ നിക്ഷേപമാണ് ഇതിൽ പ്രധാനം. ആരോഗ്യം, വിദ്യാഭ്യാസം, ഊർജം, അടിസ്ഥാന സൗകര്യ വികസനം, വ്യവസായം, ക്ഷേമപ്രവർത്തനം എന്നിവയിലെല്ലാമുള്ള അടിത്തറ ഭദ്രമാക്കി സമഗ്രവികസനത്തിന്റെ പുതിയ വഴി തുറക്കുകയാണ് സർക്കാർ.

ഓഖി, പ്രളയം, കോവിഡ്, ഉരുൾപൊട്ടൽ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളെ നേരിട്ടാണ് കേരളം ഇത്രയും വികസിച്ചത്. തനത് നികുതിവരുമാനം വർധിപ്പിച്ചും അനാവശ്യ ചെലവ് ഒഴിവാക്കിയും മറ്റു ചെലവ് മുൻഗണനാക്രമത്തിൽ നിർവഹിച്ചുമാണ് വളർച്ച. 2020–21ൽ സംസ്ഥാനത്തിന്റെ തനത് നികുതിവരുമാനം 47,660 കോടിയായിരുന്നെങ്കിൽ ഇപ്പോൾ 81,000 കോടിയിലെത്തി.

1,52,352 കോടി രൂപ റവന്യൂ വരവും 1,79,476 കോടി രൂപ റവന്യൂ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റ്.

. എഫക്ടീവ് മൂലധന ചെലവ് 26,968 കോടി രൂപ

റവന്യൂ കമ്മി 27,125 കോ ടി രൂപ (സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പോദന്യത്തിൻറെ 1.9 ശതമാനം )

. ധന്യക്കമ്മി 45,039 കോടി (ആഭ്യന്തര ഉല്പാദനത്തിന്റെ 3.16 ശതമാനം )

. റവന്യൂ വരുമാന ത്തിൽ 19422 കോടി രൂപയുടെ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

. തനതു നികുതി വരുമാനത്തിൽ 9888 കോടി രൂപയുടെയും നികുതിയേതര വരുമാനത്തിൽ 1240കോടി രൂപയുയുടെയും വർദ്ധനവ് ലക്ഷ്യമിടുന്നു ..

. വയനാട് പുരധിവാസത്തിനു 750 കോടി രൂപയുടെ പദ്ധതി

ലൈഫ് മിഷിൻ ഗ്രാമീണ മേഖലയിൽ 1 ലക്ഷം പുതുവീടുകൾ നിർമിക്കും കൂടാതെ 19 വലിയ ഫ്ലാറ്റുകളും (മൽസ്യത്തൊളിലാളികൾക്ക് നിർമിച്ചു നൽകിയപോലെ)ലൈഫ് മിഷന് 1160 കോടി, 5.5 ലക്ഷം വീടുകൾ പൂർത്തിയാക്കും..നാളികേര പദ്ധതിക്ക് 100 കോടി രൂപ

നെൽകൃഷി വികസനത്തിനു 150 കോടി രൂപ

നോർക്ക റൂട്സിനു 150 കോടി ലോക കേരള കേന്ദ്രങ്ങൾ തുടങ്ങും

ജനജീവിതത്തെ ഞെരുക്കാതെ വിഭവസമാഹരണം നടത്തുന്നു. വിഭവസമാഹണത്തിനായി പുതിയ മേഖലകൾ കണ്ടെത്തി. അർഹതപ്പെട്ടത് കേന്ദ്രം തരാതിരിക്കുന്ന സാഹചര്യത്തിലും ജനജീവിതവും നാടിന്റെ വികസനവും ഉപേക്ഷിക്കപ്പെടില്ല ..എന്ന് ഉറപ്പാക്കുന്നുണ്ട് ഈ ബജറ്റ്.അതും കേന്ദ്ര സർക്കാരിന്റെ ഞെക്കി പിഴിയലുകൾക്കിടയിൽ കൂടിയും പല പ്രതിസന്ധികളും പരിമിതികളും നേരിട്ടു പിണറായി സർക്കാരിന്റെ അവസാന മുഴുവൻ ബഡ്ജറ്റ് അവതരിപ്പിച്ച ബാലഗോപാലന് അഭിനന്ദനങ്ങൾ

ഏകദിന ക്രിക്കറ്റിൽ ആദ്യ വിക്കറ്റുകൾ പെട്ടെന്ന് വീണ ശേഷം സമയമെടുത്തു വലിയ പാർട്ണർഷിപ് കെട്ടിപ്പടുത്ത ശേഷം അടിച്ചു കയറുന്ന രീതി ഉണ്ടല്ലോ, അത് കാണുന്ന ഫീൽ ആണ് ധനമന്ത്രി ഇപ്പൊ അവതരിപ്പിച്ച ബഡ്ജറ്റ് കാണുമ്പോൾ

ധാരാളം വികസന പദ്ധതികൾ, ഇടതു സർക്കാരിന്റെ സ്വപ്ന പദ്ധതികൾക്കെല്ലാം വലിയ തുകകൾ, ചെയ്തു തീർക്കേണ്ടതൊക്കെ ചെയ്തു തീർത്തും കേന്ദ്ര സർക്കാർ വഴി മുടക്കികൾ ആയി ഇടാൻ ശ്രമിച്ച പ്രതിസന്ധികൾ മറികടന്നും സൂപ്പർ സ്കോറിലേക്ക് പോകുന്ന ബഡ്ജറ്റ്. ധനമന്ത്രിയെയും ടീമിനെയും സർക്കാരിനെയും എത്ര അഭിനന്ദിച്ചാലും മതിയാകില്ല.. റോഡുകൾക്കും പാലങ്ങൾക്കും 3061 കോടി

ജലപാതയ്ക്ക് 500 കോടി..

വിഴിഞ്ഞം കൊല്ലം പുനലൂർ വ്യാവസായിക ഇടനാഴിക്ക് 1000 കോടി

കെ എസ് ആർ ടി സി ക്ക് 6965 കോടി ആരോഗ്യ മേഖലയ്ക്ക് ആകെ നൽകുന്നത് 10431 കോടി. തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം 15980 കോടി

ഇടതു സർക്കാർ നൽകിയ വാഗ്ദാനങ്ങൾ എല്ലാം പൂർത്തിയാക്കാൻ സാധിക്കുന്ന ബഡ്ജറ്റാണ് ഇത്തവണത്തേത്. ചെയ്യേണ്ടുന്ന പുതിയ പദ്ധതികൾക്കും ചെയ്തു തീർക്കാൻ ഉണ്ടായിരുന്നവയ്ക്കും തുക കണ്ടെത്താൻ സാധിച്ചിട്ടുണ്ട്.

ഇതെല്ലാം ചെയ്തതും ധനകമ്മിയും റവന്യൂ കമ്മിയും കുറച്ചു കൊണ്ടാണ് എന്നതാണ് പ്രശസനീയം. ധനകമ്മി 2.9% ആയി കുറഞ്ഞു. കഴിഞ്ഞ വർഷം ഇത് 3.5% ആയിരുന്നു. കോവിഡ് കാലത്ത് 4% ത്തിനും മുകളിൽ പോയിരുന്നു. അതായത് കടമെടുക്കൽ ഗണ്യമായി കുറയ്ക്കാനും സാധിച്ചു.



ഡി എ കുടിശ്ശിക പെൻഷനുമായി ചേർക്കും, സർവീസ് പെൻഷൻ കുടിശ്ശിക കൊടുത്ത് തീർക്കും. ശമ്പള കുടിശിക രണ്ടു ഗഡുക്കൾ കൂടി കൊടുത്തു തീർക്കും

ഇത് മുൻപും പറഞ്ഞിട്ടുള്ളതാണ്. കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുകയാണ്. കാരണം നമ്മുടെ വരുമാനം ഉയരുകയാണ്. പെൻഷനും ശമ്പളവും അത്രയ്ക്ക് ഉയരുന്നില്ല. ഇപ്പൊ കടവും പലിശയും കൂടി പിടിച്ചു നിർത്തിയിട്ടുണ്ട്. എന്നാൽ തനത് വരുമാനം ഇത്തവണ 50% വർധിച്ചു. കേരളത്തിന്റെ സാമ്പത്തിക വളർച്ച 10.5% ആണ്! 50000 കോടിയാണ് നമുക്ക് അധികമായി ഈ വർഷം ചിലവഴിക്കാൻ സാധിക്കുന്നത്

കേന്ദ്രത്തിന്റെ കടുത്ത അവഗണയ്ക്കും പ്രതിസന്ധി നിർമ്മിക്കലിനും മുന്നിൽ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് കുതിച്ചു ചാട്ടം നൽകിയ, ധനസ്ഥിതി മെച്ചപ്പെടുത്തിയ, സർക്കാരിന്റെ സ്വപ്ന പദ്ധതികൾ യാഥാർഥ്യമാക്കാൻ സഹായിച്ച ഏറ്റവും മികച്ച അഞ്ചു വർഷങ്ങൾ തന്നെയാണ് ധനവകുപ്പ് തന്നത്. ശ്രമകരമായ ഒരു പോരാട്ടത്തിൽ ഗംഭീരമായി വിജയിച്ചു വരുന്ന സന്തോഷവും അഭിമാനവും ധനമന്ത്രി ബാലഗോപാലിനും ടീമിനും രണ്ടാം പിണറായി സർക്കാരിനും അഭിനന്ദനം...

മുഴുവൻ ജില്ലാ/ജനറൽ ആശുപത്രികളിലും താലൂക്ക് ആസ്ഥാന ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനമായി മാറാൻ കേരളം. ഇതിനൊപ്പം എറണാകുളം, തൃശൂർ, കണ്ണൂർ മെഡിക്കൽ കോളേജുകളിലും കൽപ്പറ്റ ജനറൽ ആശുപത്രിയിലും ...പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലും സ്ട്രോക്ക് യൂണിറ്റുകളും സ്ഥാപിക്കും. ..ഇതോടെ എല്ലാ ജില്ലാതല ആശുപത്രികളിലും സ്ട്രോക്ക് യൂണിറ്റ് സൗകര്യമുണ്ടാകുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനമാകും കേരളം.ആരോഗ്യ വകുപ്പിന് കീഴിൽ നിലവിലുള്ള 105 ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്കായി 13.98 കോടി രൂപ വകയിരുത്തി.പൊതുവിദ്യാഭ്യാസ മേഖലയ്ക്കും ഉന്നത വിദ്യാഭ്യസ മേഖലക്കും സമഗ്രമായ പാക്കേജുകൾ, 4 വർഷ ബിരുദ പഠനം തുടങ്ങിയതോടെ അന്താരഷ്ട്ര അക്രെഡിയേഷൻ നേടി കേരളം..

ലോകത്തുള്ള മാധ്യമ പ്രവർത്തകർ അവനവന്റെ നാട് നന്നാകണം എന്നാഗ്രഹിക്കുന്നവരും അതിനുതുകന്ന വാർത്തകൾ അഭിമാനത്തോടെ റിപ്പോർട്ട് ചെയ്യുന്നവരും ആണ് .എന്നാൽ മലയാള മാപ്രകൾ എന്തെങ്കിലും തകർച്ചയുടെയും പാളിച്ചയുടെയും വാർത്തകൾക്കു വേണ്ടി ദാഹിക്കുന്നവരാണ് ..സ്വന്തം നാട് നന്നാവുന്ന വാർത്തകൾ മുക്കിയത് പൊക്കി കൊണ്ടുവരുന്നവർ പലപ്പോഴും ദേശിയ മാധ്യമങ്ങളാണ് ..

പാഴ്വാക്കുകൾ പറയില്ല, പറയുന്നത് ചെയ്യും, അതിനി കേരളത്തിലെ പ്രതിപക്ഷവും മീഡിയയും അല്ല കേന്ദ്ര സർക്കാരും സംവിധാനങ്ങളും തന്നെ വഴിമുടക്കാൻ നോക്കി മുന്നിൽ നിന്നാലും. അതും കൂടിയാണ് ജന പക്ഷ ഇടതു ബദൽ!

ബഡ്ജറ്റിന് പുറത്തുള്ള ഒരു കാര്യം ഇവിടെ പറയാതിരിക്കാൻ വയ്യ പൗരത്വ ഭേദഗതി നിയമത്തിനെതിരേ സുപ്രീംകോടതിയിൽ കേസ് കൊടുത്ത ഇന്ത്യയിലെ ഒരേ ഒരു സംസ്ഥാനം പിണറായി ഭരിക്കുന്ന കേരളമാണ് .

കേരളത്തിന്റെ അവകാശങ്ങൾ തടഞ്ഞു വെച്ചപ്പോൾ സർക്കാർ കേന്ദ്രത്തിനെതിരെ സുപ്രീംകോടതിയിൽ പോയി. സുപ്രീംകോടതി കേരളത്തിൻറെ വാദങ്ങൾ അംഗീകരിച്ചു .കേസ് പിൻവലിച്ചാൽ സഹായിക്കാം എന്നായി കേന്ദ്രം .അത് വേണ്ട കേസിലൂടെ തന്നെ നൽകിയാൽ മതി എന്ന് കേരളവും നിലപാടെടുത്തു. ഇങ്ങനെ ധീരമായ നിലപാട് എടുക്കാൻ പിണറായി സർക്കാരിന് എങ്ങനെ സാധിക്കുന്നു ?

ഇന്ത്യയിലെ വേറൊരു മുഖ്യമന്ത്രിക്കും എന്തുകൊണ്ട് ഇത് സാധിക്കുന്നില്ല . കേരളത്തിലെ ഏതെങ്കിലും ഒരു മന്ത്രിക്കെതിരെ കേസ് എടുക്കാൻ ഇഡിക്ക് എന്തുകൊണ്ട് സാധിക്കുന്നില്ല ?

അതിൻറെ കാരണം മുഖ്യമന്ത്രി പലതവണ പറഞ്ഞിട്ടുണ്ട് .മടിയിൽ കനമുള്ളവനേ വഴിയിൽ പേടിക്കേണ്ടതുള്ളൂ എന്ന് .

ചിന്താശക്തിയുള്ള ഏതൊരു മനുഷ്യനും മനസ്സിലാക്കാവുന്ന കാര്യങ്ങളാണ് ഇവ . കേരളത്തിലെ മാധ്യമങ്ങളും വലതുമുന്നണിയും അവരെ പിന്താങ്ങുന്നവരും സംഘ്പരിവാറും എത്ര കുപ്രചരണങ്ങൾ നടത്തിയാലും സത്യത്തെ മറച്ചുപിടിക്കാൻ സാധിക്കില്ല.സ്വർണ്ണ കള്ളക്കടത്തിൽ കണ്ടില്ലേ പ്രതികൾ എല്ലാം സ്വപ്ന സുരേഷും അവരെ പിന്താങ്ങിയ ബിജെപികാരും.. വാളയാർ കേസ് കണ്ടില്ലേ പ്രതികളായവരെ പൊക്കി കൊണ്ട് നടന്ന കോൺഗ്രെസ്സ്കാരുടെയും മാപ്രാകളുടെയും പൊടിപോലുമില്ല ഇപ്പോൾ ..കേരളത്തിൽ നിന്ന് കേന്ദ്രം ഒരു വർഷം ഊറ്റിക്കൊണ്ട് പോകുന്ന ഏടാ മാത്രം ഒന്നര ലക്ഷം കോടി വരും. ഇൻകം ടാക്സ് വേറെ.

തിരിച്ച് കേന്ദ്രം കേരളത്തിന് എത്ര തരുന്നുണ്ട്? ഓരോ മലയാളിയും ചോദിക്കേണ്ട ചോദ്യമാണ്.

പ്രധാന മന്ത്രിയോടും കേന്ദ്ര ധന മന്ത്രിയോടും മാത്രമല്ല പാർലമെന്റിൽ പോയി പഴം വിഴുങ്ങി ഇരിക്കുന്ന (ഡോക്ടർ ജോൺ ബ്രിട്ടാസും ഇടതു എംപി മാരും ഒഴികെ) കേരളത്തിൽ നിന്നുള്ള ഓരോ എംപി യോടും ചോദിക്കണം.

കേരളം ഇന്ത്യയുടെ ഭാഗമല്ലേ എന്ന്?? അല്ലെങ്കിൽ കേരളം എന്തിനു നികുതി നൽകണം.....???



# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902**, TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C

SPRJ55189

# മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തിക സാഹചര്യത്തിൽ അവസരങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താം?





അജു വാരിക്കാട്

ഒരു ഫൈനാൻഷ്യൽ പ്രൊഫഷണൽ എന്ന നിലയിലും ഒരു റിട്ടയർമെൻറ് പ്ലാനിങ് സ്പെഷലിസ്റ്റ് എന്ന നിലയിലും, എന്റെ ലക്ഷ്യം, വ്യക്തികളെ അവരുടെ ആസ്തികൾ ഒപ്റ്റിമൈസ് ചെയ്യാൻ സഹായിക്കുക, നികുതികൾ കുറയ്ക്കുക, സാമ്പത്തിക, നയ മാറ്റങ്ങളെ അടിസ്ഥാനമാക്കി അവസരങ്ങൾ മുതലാക്കുവാൻ സഹായിക്കുക എന്നതാണ്. രാഷ്ട്രീയ സാഹചര്യങ്ങൾ നോക്കാതെ തന്നെ, സാമ്പത്തിക നയങ്ങൾ സാമ്പത്തിക വിപണികളെയും വ്യക്തിഗത സമ്പത്തിനെയും എങ്ങനെ സ്വാധീനിക്കുമെന്ന് മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

ഒരു പുതിയ ഭരണകൂടം വരുമ്പോൾ പ്രത്യേകിച്ച് ഇപ്പോൾ ട്രംപ് പ്രസിഡണ്ടായി ഇരിക്കുമ്പോൾ, കാര്യമായ സാമ്പത്തിക അവസരങ്ങളിലേക്ക് നയിച്ചേക്കാവുന്ന ചില നയ മാറ്റങ്ങൾ നമുക്ക് പ്രതീക്ഷിക്കാം. ചരിത്രപരമായി, റിപ്പബ്ലിക്കൻ ഭരണകൂടങ്ങൾ നികുതി ഇളവുകൾ, നിയന്ത്രണങ്ങൾ നീക്കൽ, ബിസിനസുകൾക്കുള്ള പ്രോത്സാഹനങ്ങൾ എന്നിവയിലൂടെ സാമ്പത്തിക വളർച്ചയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. മുൻ സ്റ്റോക്ക് മാർക്കറ്റ് പ്രതികരണങ്ങൾ തെളിയിക്കുന്നത് പോലെ, ഈ നടപടികൾ പലപ്പോഴും വിപണി വളർച്ചയെ ഉത്തേജിപ്പിക്കുന്നു. ഈ അവസരങ്ങളിൽ പ്രവർത്തിക്കുവാൻ തയ്യാറാകുന്നതിന് സാമ്പത്തിക ലിക്വിഡിറ്റി ആവശ്യമാണ് – ശരിയായ സമയത്ത് നിക്ഷേപിക്കാൻ ആക്സസ് ചെയ്യാവുന്ന ഫണ്ടുകൾ ഉണ്ടായിരിക്കണം.

**ലിക്വിഡിറ്റി എന്തുകൊണ്ട് പ്രധാനമാണ്**

പല നിക്ഷേപകരുടെയും പണം കഞ്ഞഅകൾ, 401(k)കൾ പോലുള്ള നികുതി മാറ്റിവച്ച അക്കൗണ്ടുകളിൽ കെട്ടിവച്ചിരിക്കുന്നു, അവ ഏർലി വിഡ്രോവൽ ചെയ്യുമ്പോൾ ടാക്സ് കൊടുക്കേണ്ടതിനൊപ്പം ഫൈനും അടക്കേണ്ടി വരുന്നു. ചിലർ അവരുടെ ഫണ്ടുകൾ റിയൽ എസ്റ്റേറ്റിൽ പൂട്ടിയിരിക്കുന്നു, ഇത്തരം അസറ്റുകൾ ലിക്വിഡേറ്റ് ചെയ്യാൻ സമയവും പരിശ്രമവും ആവശ്യമാണ്. സാമ്പത്തിക വിജയം പലപ്പോഴും വിലപ്പെട്ട അവസരങ്ങൾ ഉണ്ടാകുമ്പോൾ മൂലധനം വേഗത്തിൽ ആക്സസ് ചെയ്യാനുള്ള കഴിവിനെ ആശ്രയിച്ചിരിക്കുന്നു.

ലിക്വിഡിറ്റി – ആവശ്യമുള്ളപ്പോൾ നിങ്ങളുടെ ഫണ്ടുകൾ എത്ര എളുപ്പത്തിൽ ആക്സസ് ചെയ്യാൻ കഴിയും?

സുരക്ഷ – വിപണിയിലെ ചാഞ്ചാട്ടത്തിൽ നിന്ന് നിങ്ങളുടെ പ്രധാന നിക്ഷേപം എത്രത്തോളം സംരക്ഷിക്കപ്പെട്ടിരിക്കുന്നു?

റിട്ടേൺ നിരക്ക് – പണപ്പെരുപ്പത്തെ മറികടക്കുന്ന വേഗതയിൽ നിങ്ങളുടെ നിക്ഷേപം വളരുന്നുണ്ടോ?

നികുതി നേട്ടങ്ങൾ – അമിതമായ നികുതി ഭാരങ്ങളില്ലാതെ നിങ്ങളുടെ പണം എത്രത്തോളം കാര്യക്ഷമമായി വളരുന്നു?

**നമ്മൾ മലയാളികൾക്കിടയിൽ അത്ര അറിയപ്പെടാത്തതും എന്നാൽ വളരെ ഫലപ്രദവുമായ ഒരു തന്ത്രം ശരിയായി ഡിസൈൻ ചെയ്തു മാക്സിമം ഫണ്ട് ചെയ്തിട്ടുള്ള ഇൻഡെക്സ്ഡ് യൂണിവേഴ്സൽ ലൈഫ് (IUL) ഇൻഷുറൻസ് പോളിസി പ്രയോജനപ്പെടുത്തുക എന്നതാണ്. ഈ സമീപനം ലികിഡിറ്റി, സുരക്ഷ, മത്സരാധിഷ്ഠിത വരുമാനം, നികുതി ആനുകൂല്യങ്ങൾ എന്നിവയുടെ സന്തുലിതാവസ്ഥ വാഗ്ദാനം ചെയ്യുന്ന**




**സാമ്പത്തികചടുലതയ്ക്കുള്ള നിക്ഷേപ തന്ത്രങ്ങൾ**

ലഭ്യമായ വിവിധ നിക്ഷേപ മാർഗങ്ങളിൽ, ചിലത് മറ്റുള്ളവയേക്കാൾ ഉയർന്ന ലികിഡിറ്റിയും സാമ്പത്തിക സുരക്ഷയും വാഗ്ദാനം ചെയ്യുന്നു. ഓഹരികൾ, റിയൽ എസ്റ്റേറ്റ്, മ്യൂചൽ ഫണ്ടുകൾ തുടങ്ങിയ പല പരമ്പരാഗത ഓപ്ഷനുകളും സാമ്പത്തിക വിവേകത്തിന്റെ നാല് പരീക്ഷണങ്ങളിലും വിജയിക്കുന്നില്ല. ശരിയായ സാഹചര്യങ്ങളിൽ ഇവ ലാഭകരമാകുമെങ്കിലും, ഉയർന്നുവരുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ലികിഡിറ്റിയും നികുതി കാര്യക്ഷമതയും അവ എല്ലായ്പ്പോഴും നൽകണമെന്നില്ല.

നമ്മൾ മലയാളികൾക്കിടയിൽ അത്ര അറിയപ്പെടാത്തതും എന്നാൽ വളരെ ഫലപ്രദവുമായ ഒരു തന്ത്രം ശരിയായി ഡിസൈൻ ചെയ്തു മാക്സിമം ഫണ്ട് ചെയ്തിട്ടുള്ള ഇൻഡെക്സ്ഡ് യൂണിവേഴ്സൽ ലൈഫ് (IUL) ഇൻഷുറൻസ് പോളിസി പ്രയോജനപ്പെടുത്തുക എന്നതാണ്. ഈ സമീപനം ലികിഡിറ്റി, സുരക്ഷ, മത്സരാധിഷ്ഠിത വരുമാനം, നികുതി ആനുകൂല്യങ്ങൾ എന്നിവയുടെ സന്തുലിതാവസ്ഥ വാഗ്ദാനം ചെയ്യുന്നു. ശരിയായി രൂപകൽപ്പന ചെയ്യുമ്പോൾ, ഒരു IUL പോളിസി, പരമ്പരാഗത റിട്ടയർമെൻറ് അക്കൗണ്ടുകളിൽ നിന്ന് വ്യത്യസ്തമായി, പിഴകളില്ലാതെ നികുതി രഹിത ഫണ്ടുകൾ ആക്സസ് ചെയ്യുവാൻ സഹായിക്കും ഒപ്പം സ്റ്റോക്ക് മാർക്കറ്റിന്റെ മാന്ദ്യങ്ങളിൽ നിന്ന് നിങ്ങളുടെ പ്രിൻസിപ്പൽ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കിക്കൊണ്ട് സുരക്ഷ നൽകുകയും ചെയ്യുന്നു.

ശരിയായി ഡിസൈൻ ചെയ്യുന്ന ഒരു കഡഘല പോളിസി നഷ്ട സാധ്യതകൾ പരിമിതപ്പെടുത്തുന്നതിനൊപ്പം ഉയർന്ന സാധ്യത നൽകുന്ന ഇൻഡെക്സിംഗ് തന്ത്രങ്ങളിലൂടെ മത്സരാധിഷ്ഠിത വരുമാനം നേടുവാനും സഹായിക്കുന്നു. അതുകൊണ്ടുതന്നെ ഇത്തരം പ്ലാനുകൾ വഴി നിലവിലുള്ള കണ്ടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നികുതി രഹിത വളർച്ച ആസ്വദിക്കുവാൻ സഹായിക്കുന്നു, ഇത് ഗണ്യമായ സാമ്പത്തിക കാര്യക്ഷമത വാഗ്ദാനം ചെയ്യുന്നു.



**അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് IUL നൽകുന്ന ലികിഡിറ്റി എങ്ങനെ ഉപയോഗപ്പെടുത്താം?**

സമ്പന്നരായ വ്യക്തികളും വിദഗ്ദ്ധരായ നിക്ഷേപകരും സാമ്പത്തിക പ്രവണതകൾ മുതലെടുക്കുന്നതിന് ഒരു സാമ്പത്തിക അടിത്തറയായി IUL-കളെ ഉപയോഗിക്കുന്നു. ലികിഡിറ്റി നിലനിർത്തുന്നതിലൂടെ, റിയൽ എസ്റ്റേറ്റ് വാങ്ങിക്കുന്നതിനും, ബിസിനസ് വിപുലീകരിക്കുന്നതിനും അല്ലെങ്കിൽ മറ്റ് അവസരങ്ങളിൽ നിക്ഷേപിക്കുന്നതിനും കഴിയും. ആക്സസ് ചെയ്യാൻ സമയമെടുക്കുന്നതോ നികുതികൾക്കും പിഴകൾക്കും വിധേയമാകുന്നതോ ആയ പരമ്പരാഗത നിക്ഷേപ വാഹനങ്ങളിൽ നിന്ന് വ്യത്യസ്തമായി, ഒരു IUL നിക്ഷേപകർക്ക് അനുകൂലമായ ലികിഡിറ്റി നൽകുന്നു.

സാമ്പത്തിക സാഹചര്യങ്ങൾ മാറുമ്പോൾ, നന്നായി ഡിസൈൻ ചെയ്യുന്ന ഒരു സാമ്പത്തിക പ്ലാറ്റ്ഫോമിന് തയ്യാറെടുക്കുന്നത് നിർണായകമാണ്. രാഷ്ട്രീയ മാറ്റങ്ങൾ പരിഗണിക്കാതെ തന്നെ, സാമ്പത്തിന്റെ ലികിഡിറ്റി നിലനിർത്തുന്നതിലും ആസ്തികൾ സംരക്ഷിക്കുന്നതിലും ദീർഘകാല വളർച്ച ഉറപ്പാക്കുന്നതിലും നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മാക്സ് ഫണ്ട് ചെയ്തിട്ടുള്ള IUL പോളിസികൾ, നിക്ഷേപകർക്ക് സുരക്ഷ വാഗ്ദാനം ചെയ്യുന്നു.


The First
'OTT' Platform
MediaAppUSA
Originates From North America
Developed by
Malayalees from NA
MediaAppUSA
amazon fireTV
Roku
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung SMART TV
LG Life's Good
Panasonic
VIZIO
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com

# ക്ലിഫ്റ്റൺ സെയിൻറ് ഗ്രിഗോറിയോസ് പള്ളിയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ ആരംഭിച്ചു

**ഉമ്മൻ കാപ്പിൽ**

ക്ലിഫ്ടൺ (ന്യൂജേഴ്സി): മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ 2024 ഫെബ്രുവരി 2 ഞായറാഴ്ച ക്ലിഫ്ടൺ സെയിൻറ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ ആരംഭിച്ചു.

ഫാമിലി & യൂത്ത് കോൺഫറൻസ് കമ്മിറ്റിയെ പ്രതിനിധീകരിക്കുന്ന ഒരു ടീം ഫെബ്രുവരി 2 ന് പള്ളി സന്ദർശിച്ചു. ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി), ജെയ്സി ജോൺ (സുവനീർ എഡിറ്റർ), ലിസ് പോത്തൻ (ജോയിന്റ് ട്രഷറർ), ഐറിൻ ജേർജ് (ഫിനാൻസ് കമ്മിറ്റി) എന്നിവരായിരുന്നു സംഘത്തിൽ.

വികാരി വെരി റവ. യേശുദാസൻ പാപ്പൻ കോർ-എപ്പിസ്കോപ്പ കുർബാനയ്ക്കു നേതൃത്വം നൽകി. തുടർന്ന് കോൺഫറൻസിനായുള്ള രജിസ്ട്രേഷന് തുടക്കം കുറിക്കുന്നതിന് ഒരു ഹ്രസ്വ യോഗം ചേർന്നു. രഞ്ജിത്ത് മാത്യു (ഇടവക സെക്രട്ടറി) കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തുകയും സ്വാഗതം ആശംസിക്കുകയും ചെയ്തു.

ജെയ്സൺ തോമസ് കോൺഫറൻസിന്റെ സ്ഥലം, തീയതി, പ്രഭാഷകർ എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ പങ്കുവെക്കുകയും എല്ലാവരേയും എത്രയും വേഗം രജിസ്റ്റർ ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. സമ്മേളനത്തിന്റെ സ്മരണയ്ക്കായി പ്രസിദ്ധീകരിക്കുന്ന സുവനീറിനെക്കുറിച്ചും, ലേഖനങ്ങൾ, പരസ്യങ്ങൾ, ആശംസകൾ തുടങ്ങിയവ ഉൾപ്പെടുത്തുന്നതിനുള്ള ഓപ്ഷനുകളെയും കുറിച്ച് ജെയ്സി ജോൺ സംസാരിച്ചു.

സ്പോൺസർഷിപ്പ് അവസരങ്ങളെയും അതിന്റെ നേട്ടങ്ങളെയും കുറിച്ച് ലിസ് പോത്തൻ വിശദീകരിച്ചു.

കോൺഫറൻസിന്റെ രണ്ടാം ദിവസം നടക്കുന്ന ടാലന്റ് നൈറ്റ് ഏവരും വളരെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന പ്രോഗ്രാം ആയതിനാൽ മുൻകൂട്ടി തയ്യാറാവാൻ ഐറിൻ ജോർജ്ജ് അഭ്യർത്ഥിച്ചു.

രജിസ്ട്രേഷനും സ്പോൺസർഷിപ്പും ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ നൽകുന്ന ഫാമിലി & യൂത്ത് കോൺഫറൻസ് വെബ്സൈറ്റ് സന്ദർശിക്കാൻ ജെയ്സൺ തോമസ് എല്ലാവരോടും അഭ്യർത്ഥിച്ചു. വികാരിയും






ഇടവകാംഗങ്ങളും നൽകിയ പിന്തുണയ്ക്ക് അദ്ദേഹം നന്ദി പറഞ്ഞു.

അനുഗ്രഹീതവും പ്രബുദ്ധവുമായ ഒരു അനുഭവത്തിനായി കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാവരെയും ക്ഷണിച്ചു കൊണ്ട് വികാരി യോഗം അവസാനിപ്പിച്ചു.

പിന്നീട് ഫെലോഷിപ്പ് സമയത്തും ഇട വകയിലെ നിരവധി അംഗങ്ങൾ സ്പോൺസർഷിപ്പുകൾ, സംഭാവനകൾ, രജിസ്ട്രേഷനുകൾ എന്നിവയിലൂടെ പിന്തുണ വാഗ്ദാനം ചെയ്തു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ. ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി, റവ. ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ), ഫാ. ജോൺ (ജോഷ) വർഗീസ്, (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ- നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യ പ്രാസംഗികർ. 'നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെനിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു''(ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pilgrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.








രജിസ്ട്രേഷനും വിശദാംശങ്ങൾക്കും ൦൦൦.ള്യരിലമറ.ീൃഴ സന്ദർശിക്കുക.

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914-806-4595), ജെയ്സൺ തോമസ്, കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917.612.8832), ജോൺ താമരവേലിൽ, കോൺഫറൻസ് ട്രഷറർ) (ഫോൺ: 917.533.3566) എന്നിവരുമായി ബന്ധപ്പെടുക.









MAYURA
INDIAN RESTAURANT
9321-23 Krewstown, Philadelphia
Restuarant : 215 420 4200
Cell Phone: 267 668 8399
LET US CATER
YOUR NEXT EVENT
BOOK THE ENTIRE PLACE TO HOLD
YOUR SPECIAL EVENT
Great Food | Award Winning Chef
Plenty of Free Parking | Customize your Event

# നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ MGOCSM വിന്റർ സമ്മിറ്റ് സംഘടിപ്പിച്ചു



ഡാൾട്ടൻ. PA : നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ ങഏഛഇടങ വിന്റർ സമ്മിറ്റ് 2025 2025 ജനുവരി 8 മുതൽ 11 വരെ 4 ദിവസത്തേക്ക് പെൻസിൽവാനിയയിലെ ഡാൾട്ടണിലുള്ള ഹോളി ട്രാൻസ്ഫിഗറേഷൻ റിട്രീറ്റ് സെന്ററിൽ വച്ച് നടന്നു. അമേരിക്കൻ ഭദ്രാസനത്തിലെ ഏകദേശം 70 കോളേജ്, ബിരുദാനന്തര ബിരുദധാരികൾ പ്രാർത്ഥന, കൂട്ടായ്മ, ആത്മീയ വളർച്ച എന്നിവയ്ക്കായി ഒത്തുകൂടി. ഭദ്രാസന മെത്രാപ്പോലീത്ത ഒ.ഏ. സക്കറിയ മാർ നിക്കോളോവോസ് സമ്മേളനം ഉദ്ഘാടനം ചെയ്തു, റവ. ഫാ. ഡാനിയേൽ (ഡെന്നിസ്) മത്തായി, റവ. ഷോജിൽ എബ്രഹാം എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ കോൺഫറൻസിൽ. റവ. ഫാ. ഷാൻ തോമസായിരുന്നു മുഖ്യ പ്രഭാഷകൻ. ബൈബിൾ വാക്യമായ ഉല്പത്തി 32:28 അടിസ്ഥാനമാക്കിയുള്ള 'ദൈവവുമായി മല്ലുപിടിക്കുക' എന്നതായിരുന്നു സമ്മേളനത്തിന്റെ വിഷയം.

വിദ്യാർത്ഥികൾ നടത്തിയ ഈ സമ്മേളനം ഏകോപിപ്പിച്ചത് 20 MGOCSM അംഗങ്ങളുടെയും , ആത്മീയ ഉപദേഷ്ടാവ് റവ. ഡിക്കൻ. പ്രദീപ് ചാക്കോ, അസിസ്റ്റന്റ് ആത്മീയ ഉപദേഷ്ടാവ് റവ. SDN. റോഹൻ ഡാനിയേൽ, സീനിയർ അഡ്വൈസർ ശ്രീമതി ഡോളി ജോസഫ്, എന്നിവരുടെയും നേതൃത്വത്തിലാണ്.

ഉല്പത്തി 32:28-ൽ നിന്ന് എടുത്ത 'ദൈവവുമായുള്ള മല്ലയുദ്ധം' എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷകനായ റവ. ഫാ. ഷാൻ തോമസ് സംസാരിച്ചു. പ്രഭാഷക സെഷനുകൾക്ക് ശേഷം, പങ്കെടുക്കുന്നവർ പ്രായാധിഷ്ഠിത ചർച്ചാ ഗ്രൂപ്പുകളിൽ പങ്കെടുത്തു, കോളേജ്, ബിരുദാനന്തര ജീവിതത്തിൽ അവർ നേരിടുന്ന പോരാട്ടങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം നൽകി.

ദൈവവുമായി പോരാട്ടം അനുഭവിച്ച ബൈബിൾ വ്യക്തികളെ അടിസ്ഥാനമാക്കി പങ്കെടുക്കുന്നവരെ എട്ട് ടീമുകളായി തിരിച്ചിരുന്നു. തങ്ങളുടെ ടീമുമായി ബന്ധപ്പെട്ട ബൈബിൾ നായകൻ നേരിട്ടതായ പോരാട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ള സ്കിറ്റുകൾ ഒരുമിച്ച് ചേർത്തുകൊണ്ട് അവർ തങ്ങളുടെ സർഗ്ഗാത്മകത പ്രദർശിപ്പിച്ചു.

റിട്രീറ്റ് സെന്ററിലുടനീളം വൈവിധ്യമാർന്ന ഗെയിമുകളുമായി സൗഹൃദ മത്സരത്തിൽ ഏർപ്പെട്ടുകൊണ്ട്, ഏകദേശം 30 വ്യത്യസ്ത ഇടവകകളിൽ നിന്നുള്ള മറ്റ് ങഏഛഇടങ യുവജനങ്ങളുമായി പങ്കെടുക്കുന്നവർ സൗഹൃദ ബന്ധങ്ങൾ പുതുക്കി.

വർക്ക്ഷോപ്പുകൾ: ക്രിസ്ത്യാനിറ്റിയുടെയും ഓർത്തഡോക്സ് ക്രിസ്ത്യൻ അപ്പോളജെറ്റിക്സിന്റെയും വ്യത്യസ്ത വിഭാഗങ്ങളെക്കുറിച്ചുള്ള ഒരു വർക്ക്ഷോപ്പ് സെഷൻ റവ. ഫാ. സുജിത് തോമസ് നയിച്ചു. മതേതര ലോകത്തിലെ വെല്ലുവിളികളോട് സംവേദനാത്മകമായ രീതിയിൽ എങ്ങനെ പ്രതികരിക്കാമെന്ന് പങ്കാളികൾ പഠിച്ചു.

സെന്റ് പോൾ, കുമ്പസാരം എന്നിവയെക്കുറിച്ചുള്ള ഒരു വർക്ക്ഷോപ്പ് റവ. ഡേവിഡ് പ്രദീപ് ചാക്കോ നയിച്ചു. കുമ്പസാര വർക്ക്ഷോപ്പിന് ശേഷം, റവ. രോഹൻ ഡാനിയേൽ നയിച്ച ഒരു കത്ത്-എഴുത്ത് പ്രവർത്തനത്തിലൂടെ പങ്കാളികൾ സ്വന്തം പോരാട്ടങ്ങളെയും ദൈവവുമായുള്ള ബന്ധത്തെയും കുറിച്ച് പ്രതിഫലിപ്പിച്ചു.

**സ്പീക്കർ സെഷനുകളിൽ നിന്നും പഠിച്ച പ്രധാന കാര്യങ്ങളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു.**

* ആരോഗ്യകരമായ പോരാട്ടങ്ങൾ ദൈവത്തോടുള്ള സ്നേഹത്താൽ പ്രചോദിതമാവുകയും സന്തോഷം, സമാധാനം, ആത്മീയ പുരോഗതി എന്നിവയിലേക്ക് നയിക്കുകയും ചെയ്യുന്നു. അനാരോഗ്യകരമായ പോരാട്ടങ്ങൾ സ്വയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ആത്മീയ സ്തംഭനത്തിലേക്കും വൈകാരിക ക്ലേശത്തിലേക്കും നയിക്കുകയും ചെയ്യുന്നു.

* പോരാട്ടങ്ങളെ അഭിമുഖീകരിക്കുമ്പോൾ, നാം അചഞ്ചലരായി തുടരാനും, ഉറച്ചുനിൽക്കാനും, നമ്മുടെ അധ്വാനം വെറുതെയല്ലെന്ന് അറിയാനും ഓർമ്മിക്കണം.

2025 ലെ വിന്റർ സമ്മിറ്റ് ഒരു മികച്ച വിജയമായിരുന്നു, പങ്കെടുത്തവർക്ക് വിലപ്പെട്ട ഉൾക്കാഴ്ചകൾ, ആത്മീയ വളർച്ച, സമൂഹത്തിനുള്ളിൽ നിലനിൽക്കുന്ന ബന്ധങ്ങൾ എന്നിവ വേണ്ടുവോളം ലഭിച്ചു. ഇത്രയും നല്ല ഒരു കോൺഫറൻസ് സംഘടിപ്പിച്ച വിജയിപ്പിച്ചതിന് സംഘാടകർക്കും എംജി ഓ സി എസ് എം ലീഡേഴ്സിനും തീർച്ചയായും അഭിമാനിക്കാം .

By: Mathai Chacko



# Got into an accident?
# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC


## 1-845-727-4022

**We will pick up the vehicle and repair it fully to your satisfaction!**

# തിലോത്തമയും വാലൻന്റീനും

**കഥ**

**ജോസഫ് എബ്രഹാം**





തിലോത്തമ ദേവലോക നർത്തകിമാരിൽ ഒരാളാണെന്ന കാര്യമൊക്കെ കേൾക്കുന്നതിനു മുൻപേ തന്നെ എനിക്കു പരിചയമുണ്ടായിരുന്ന സുന്ദരിയായിരുന്നു തിലോത്തമ.

വൈക്കം കായലിൻറെ തീരത്തെവിടെയോ താമസിച്ചിരുന്ന അവർ മീൻനിറച്ച കുട്ടയും ചുമന്നുകൊണ്ട് വീടുകളിൽ വരുമായിരുന്നു. മീൻ വിൽക്കാൻ നടക്കുന്ന അവളെപ്പോലുള്ളവർ വാലത്തികൾ എന്നാണ് അവിടെ അറിയപ്പെട്ടിരുന്നത്, അവരുടെ പുരുഷന്മാരെ വാലന്മാരെന്നും.

വാലെന്റീൻ എന്ന പേരിൻറെ ഉത്ഭവം തന്നെ വാലൻന്മാർ എന്ന നാമശ്രേണിയിൽനിന്നും യൂറോപ്യന്മാർ പരിഷ്കരിച്ചെടുത്തതായിരിക്കാം എന്നാണു അടുത്തകാലത്ത് മലയാള ഭാഷയിൽ ഗവേഷണബിരുദവും ഡോക്ടറേറ്റും നേടിയ എൻറെ ഉറ്റചങ്ങാതി മാത്തുക്കുട്ടി വക്കീൽ പറഞ്ഞത്. ഞാൻ എഴുതിയ പലകഥകളുടെയും സ്ഫുലിംഗങ്ങൾ എനിക്കു നല്കിയിട്ടുള്ളത് മാത്തുക്കുട്ടിയാണ്. എന്നെക്കാളും നിരവധി വയസുകൾ മൂപ്പുള്ള മാത്തുക്കുട്ടി വക്കീൽ എൻറെ നിരവധി കഥകളിൽ കഥാപാത്രമായി വന്നിട്ടുണ്ട്.

തിലോത്തമ എന്ന വാലത്തി വളരെ സുന്ദരിയായിരുന്നു.

അവൾ മീൻകുട്ടയും തലയിൽവച്ചു അവൾ നടന്നുവരുന്നതും പോകുന്നതും കാണാൻ വളരെ ശേലാണെന്നു മാത്തുക്കുട്ടി അന്നു പറഞ്ഞതിന്റെ പൊരുളൊക്കെ മനസ്സിലായതു കുറെകാലങ്ങൾക്കു ശേഷമായിരുന്നു. പിൽക്കാലത്ത് സിനിമകളിൽ സുന്ദരികളായ മീൻകാരികൾ നിതംബ-മാറിടകമ്പിത കാമിനികളായി നടിക്കുന്നതു കാണുമ്പോളെല്ലാം തിലോത്തമയെയായിരുന്നു ഞാൻ ഓർത്തിരുന്നതു.

മറ്റേതൊരു കായലിനെക്കാളും കാൽപനികവും പ്രേമാതുരവുമായ ശീലുകൾ കേട്ടിട്ടുള്ളത് വൈക്കം കായലിനെക്കുറിച്ചായിരുന്നു.

കല്യാണം കഴിക്കുവാണെങ്കിൽ അതു വൈക്കത്തുനിന്നും വേണമെന്ന ഒരു മോഹം മനസ്സിൽ തോന്നാൻ കാരണം ഈ പാട്ടുകളാണോ, തിലോത്തമയാണോ, അതോ കോളേജിൽ കൂടെപഠിച്ച, വിടർന്ന കണ്ണുകളുള്ള എണ്ണക്കറുപ്പഴകി വൈക്കംകാരിയെക്കുറിച്ചുള്ള ഓർമ്മകളാണോന്നു നിശ്ചയമില്ല. എന്നാലും വൈക്കത്തുനിന്നും പെണ്ണ് കെട്ടണമെന്ന് മനസ്സിൽ ഉറപ്പിച്ചിരുന്നു. പക്ഷെ അതൊന്നും നടന്നില്ല. വൈക്കത്തുനിന്നും കിട്ടാതെപോയ സുന്ദരിയും ശ്വശുരഭവനവും സ്യാലന്മാരും വള്ളവും വെള്ളവും മനസ്സിലെന്നും ഒരുനഷ്ട്ട വസന്തത്തിൻറെ വേദനയും കുളിരും തന്നുകൊണ്ടിരിക്കുന്നു.

അങ്ങിനെ ഈ അവധിക്കാലത്ത് കള്ളും കക്കായിറച്ചിയും കഴിച്ചു വൈക്കം കായലോരത്തെ തെങ്ങിൽ ചാരിയിരുന്നു കായലിലേക്ക് കണ്ണുംനട്ടുകൊണ്ട് നഷ്ട്ട സ്വപ്നങ്ങൾ കണ്ടുകൊണ്ടിരിക്കെ അരികിലുള്ള നടപ്പാതയിൽ നിന്നും വളകിലുക്കം കേട്ടത്.

''വള കിലുക്കം കേൾക്കണല്ലോ ആരാരോ പോണതാരോ..

കരയോടു കളി പറയും കായൽചിറ്റലകളാണേ...' എന്ന പാട്ടാണ് കേട്ട കേഴ്‌വിയിൽ ആദ്യം ഓർമിച്ചത്.

പക്ഷെ അങ്ങിനെയല്ല ആരോ തൊട്ടുപിന്നിലുണ്ട്. ഒരുപക്ഷെ ഞാൻ എന്നോ തേടിയലഞ്ഞ സുന്ദരിയെ കാലവും കായലും ചേർന്നു അരികത്തു കൊണ്ടുവന്നതായിക്കൂടെ?

തിരിഞ്ഞു നോക്കിയപ്പോൾ കൈനിറയെ കുപ്പിവളകൾ അണിഞ്ഞ ഒരു അമ്മച്ചി പ്രവചിക്കുന്നു.

''മോനെ നീ ഇവിടെയെങ്ങും ഇരിക്കേണ്ട ആളല്ല. എവിടെയോ പോയിരിക്കേണ്ട ആളാണ്!''

സത്യം!. ഞാൻ അവിടെയെങ്ങും അപ്പോൾ ഇരിക്കേണ്ട ആളായിരുന്നില്ല. വെറുതെ നേരം കളയാൻ കായൽ തീരത്തു ചെന്നിരുന്നതാണ്.

''മോനെ കാക്കാലത്തിയമ്മ കൈനോക്കി പറയാം. മോനിങ്ങനെ വിഷമിച്ചിരിക്കേണ്ട കാര്യമില്ല''

ഞാൻ ഒറ്റയ്ക്ക് അവിടെയിരിക്കുന്നത് എന്തോ വിഷമംകൊണ്ടാണെന്ന് കരുതി കാക്കാലത്തിയമ്മ പറഞ്ഞപ്പോൾ അറിയാതെ കൈകൾ കാക്കാലത്തിയമ്മയുടെ കയ്യിൽ വച്ചുകൊടുത്തു.

''ഒത്തിരിപ്പേർക്കു സഹായം ചെയ്യുന്ന കയ്യാണിത്. ആർക്കും കൊടുക്കാൻ ഒരു മടിയുമില്ലാത്ത കയ്യാണിത്''

മഹാപിശുക്കനായ എൻറെ കയ്യിൽ നോക്കി കാക്കാലത്തിയമ്മ പറഞ്ഞു തുടങ്ങിയതിൽ തന്നെ പിശകുണ്ടാല്ലോന്നു തോന്നി.

''എന്നാലും അങ്ങിനെ മുന്നും പിന്നും നോക്കാതെ ധാരാളിത്തം നടത്തി പണം വെറുതെ കളയുന്ന കയ്യല്ല. ആളെ നോക്കിയേ കൊടുക്കൂ.

''ഞാൻ എല്ലാം പറയാം. മോൻ ഐശ്വര്യമായിട്ടു ഒരു ഇരുന്നൂറു രൂപ അമ്മയുടെ കയ്യിൽ വച്ചുതാ അടുത്ത പ്രാവശ്യം കാണുമ്പോൾ ഞാൻ ചോദിക്കാതെ തന്നെ മോൻ എനിക്കു അഞ്ഞൂറ് രൂപാ തരും.''

പേഴ്സ് തുറന്നു ഇരുന്നൂറു രൂപാ കാക്കാലത്തിയമ്മയുടെ കയ്യിൽ കൊടുത്തു.

അപ്പോൾ സമയം ഉച്ചകഴിഞ്ഞിരുന്നു.

പണം കയ്യിൽ വിടർത്തിപ്പിടിച്ചു ഇരുകണ്ണിലും മുട്ടിച്ചശേഷം കയ്യിൽതന്നെ ചുരുട്ടിപ്പിടിച്ചുകൊണ്ട് കാക്കാലത്തിയമ്മ പറഞ്ഞു.

'' അമ്മയ്ക്ക് മോൻറെ കയ്യിൽ നിന്നുമാണ് ഇന്നു കൈനീട്ടം കിട്ടിയത്''

എനിക്കു വരാൻ പോകുന്ന സൌഭാഗ്യങ്ങളെക്കുറിച്ചും വിദേശത്തു പോകാനുള്ള യോഗത്തെക്കുറിച്ചുമൊക്കെ കാക്കാലത്തിയമ്മ വാതോരാതെ പ്രവചിച്ചുകൊണ്ടിരുന്നു.

എൻറെ മനസ്സപ്പോൾ ചികഞ്ഞുകൊണ്ടിരിക്കുകയായിരുന്നു.

'ഇവരെ എവിടെയോ കണ്ടു പരിചയമുണ്ടല്ലോ?'

പക്ഷെ എവിടെ?

ഒരുപിടിയും കിട്ടിയില്ല. രൂപമോ ശബ്ദമോ പിടി തരുന്നുമില്ല പക്ഷെ എവിടെയോ വച്ചു കണ്ടിട്ടുണ്ട്. ചിലപ്പോൾ തോന്നലാകാം!

കാക്കാലത്തിയമ്മയ്ക്കു നല്ല വിശപ്പുണ്ടെന്നു തോന്നിച്ചു.

അടുത്തു കണ്ട തട്ടുകടയിൽ നിന്നും ഓരോ ചായകുടിക്കാം എന്നുള്ള ക്ഷണത്തെ അവർ നിരസിച്ചില്ല. ചായ കുടിക്കുമ്പോൾ അവർ എന്നോടു പലതും പറഞ്ഞുകൊണ്ടിരുന്നു.

അപ്പോഴെല്ലാം അവരെ എവിടെവെച്ചായിരുന്നു കണ്ടതെന്ന കാര്യത്തിൽ എൻറെ മനസ്സു മനനവും ഖനനവും നടത്തികൊണ്ടിരിക്കുകയായിരുന്നു.

''മോനെ ദൈവം അനുഗ്രഹിക്കട്ടെ. ഇനിവരുമ്പോൾ ഈ അമ്മയെ കണ്ടിട്ടേ പോകാവൂ''

ചായ കുടികഴിഞ്ഞു യാത്രപറഞ്ഞു നടന്നു തുടങ്ങിയ അവരുടെ ഒപ്പമെത്തി ഞാൻ ചോദിച്ചു


''അമ്മയുടെ പേരെന്താണ്?''

'' എൻറെ പേരോ?,

'' തിലോത്തമ''

അതും പറഞ്ഞുകൊണ്ട് ഒരു ചിരിയോടെ നടന്നു പോകുന്ന അവരുടെ പുറകിൽ നിന്നും ഞാൻ നോക്കിനിന്നു.

നടക്കുമ്പോൾ അവരുടെ കാലിനു വേദനയുണ്ടെന്ന് തോന്നുന്നു. വലതുകാൽ അല്പം വലിച്ചു വച്ചുകൊണ്ടായിരുന്നു കാക്കാലത്തിയമ്മ പതിയെ നടന്നു മറഞ്ഞത്.


In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680

# മാപ്പ് പ്രവർത്തനോൽഘാടനം പ്രൗഢ ഗംഭീരമായി



ഫിലഡൽഫിയ: വ്യത്യസ്തതയാർന്ന മികച്ച പ്രവർത്തന ശൈലികൊണ്ട് അമേരിക്കൻ മലയാളികളുടെ ഇഷ്ട സംഘടനയായി എന്നും ഒന്നാമതായി നിലകൊള്ളുന്ന ഫിലഡൽഫിയായിലെ പ്രമുഖ സാമൂഹ്യ സാംസ്കാരിക സംഘടനയായ മലയാളി അസ്സോസ്സിയേഷൻ ഓഫ് ഗ്രെയ്റ്റർ ഫിലാഡൽഫിയായുടെ (മാപ്പ്) 2025 – ലെ പ്രവർത്തനോൽഘാടനം ഫെബ്രുവരി 01 –ന് ശനിയാഴ്ച വൈകിട്ട് ആറ് മണിക്ക് മാപ്പ് കമ്മ്യൂണിറ്റി ഹാളിൽ, പ്രസിഡന്റ് ബെൻസൺ വർഗീസ് പണിക്കരുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പെൻസിൽവാനിയ സ്റ്റേറ്റിലെ ഫിലഡൽഫിയ പ്രിസൺ എച്ച് ആർ സൂപ്പർ വൈസർ മിസ്സിസ് ഐവി മാത്യൂസ് നിലവിളക്കു കൊളുത്തി ഉദ്ഘാടനം നിർവ്വഹിച്ചു.

ജനോപകാരപ്രദമായ പ്രവർത്തനങ്ങളിൽ കൂടി മാത്രമേ ഏതൊരു സംഘടനയ്ക്കും ജനഹൃദയങ്ങളിൽ സ്ഥാനവും, അംഗീകാരവും ലഭിക്കുകയുള്ളൂവെന്നും, അങ്ങനെ സ്ഥാനവും അംഗീകാരവും നേടി ജനഹൃദയങ്ങളിൽ കുടിയേറിയ മികച്ച ഒരു സംഘടനയാണ് മാപ്പ് എന്ന ഈ അസ്സോസിയേഷനെന്നും, അതിനുള്ള ഉത്തമ ഉദാഹരണമാണ് ലോകത്തെ ഞെട്ടിച്ച വയനാട് ദുരന്തത്തിൽ എല്ലാം നഷ്ടമായ രണ്ടു പേർക്ക് ഉപജീവനമാർഗ്ഗത്തിനായി രണ്ട് പുതിയ ഓട്ടോറിക്ഷാ വാങ്ങി നൽകിയതും, വിദ്യാർത്ഥിക്ക് സൈക്കിൾ വാങ്ങി നൽകിയതും, നഴ്സിങ് വിദ്യാർത്ഥിനികൾക്കുള്ള ട്യൂഷൻ ഫീസ് നൽകിയതും, പാമ്പാടിയിലും, അടൂരിലും അതിമനോഹരമായ ഭവനങ്ങൾ പണിയിച്ചു നൽകിയതെന്നും ഐവി മാത്യൂസ് തന്റെ ഉത്ഘാടന പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.

മുൻഗാമികൾ കാട്ടിത്തന്ന നല്ല മാതൃകകളെ പിൻതുടർന്നുകൊണ്ട്, കാരുണ്യ പ്രവർത്തനങ്ങളിലൂടെ ലോകത്തിന്റെ നന്മമരങ്ങളായി തീരുവാനും, ലോകത്തിന് പ്രകാശം ചൊരിയുവാനും മാപ്പിന് എന്നും കഴിയട്ടെയെന്നും ഐവി മാത്യൂസ് ആശംസിച്ചു.

ബെൻസൺ വർഗീസ് പണിക്കർ, ലിജോ പി ജോർജ്ജ്, ജോസഫ് കുരുവിള (സാജൻ), കൊച്ചുമോൻ വയലത്ത് എന്നിവരുടെ നേതൃത്വത്തിൽ രൂപം കൊണ്ട ശക്തമായ പുതിയ ഭരണസമിതിയ്ക്ക്, വിപുലമായ കമ്മറ്റിയോടൊപ്പം ചേർന്ന് ഈ വർഷവും ധാരാളം നന്മ പ്രവർത്തനങ്ങൾ ചെയ്യുവാൻ സാധിക്കട്ടെയെന്നും, അതിനായി എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നതായും ഐവി മാത്യൂസ് പറഞ്ഞു.

ഫോമാ വൈസ്പ്രസിഡന്റും, മാപ്പിന്റെ അഭിമാനവുമായ ശാലു പുന്നൂസ്, ഫൊക്കാനയുടെ പെൻസിൽവാനിയ ആർ വി പി ഷാജി സാമുവൽ, ഫോമാ മിഡ് അറ്റ് ലാന്റിക്ക് റീജിയൻ ആർ വി പി പത്മരാജൻ നായർ, കാൻജ് ട്രാസ്റ്റീബോർഡ് മെമ്പർ, ജോസഫ് ഇടിക്കുള, ഫോമാ മിഡ് അറ്റലാന്റിക്ക് റീജിയൻ യൂത്ത് സെക്രട്ടറി സാഗർ സ്റ്റാൻലി, രാജു ശങ്കരത്തിൽ എന്നിവർ ആശംസകൾ അറിയിച്ചുകൊണ്ട് സംസാരിച്ചു. 2024 പ്രവർത്തനങ്ങളുടെ ലഘു വിവരണം പ്രത്യേകം തയ്യാറാക്കിയ ഷോർട്ട് ഫിലിമിലൂടെ മുൻ പ്രസിഡന്റ് ശ്രീജിത്ത് കോമത്ത് സദസ്സിൽ അവതരിപ്പിക്കുകയും, 2025 ലെ പ്രവർത്തനങ്ങൾക്ക് വിജയാശംസകൾ നേരുകയും ചെയ്തു.

ജെയിംസ് തോമസ്, സന്തോഷ് ഫിലിപ്പ്, അനു സ്കറിയ എന്നിവർ ആലപിച്ച ഗാനങ്ങൾ ഏറെ ഹൃദ്യവും ശ്രവണ മനോഹരവുമായിരുന്നു. മറിയം പുന്നൂസ് അമേരിക്കൻ നാഷണലാന്തവും, റോസിലിൻ ഫിലിപ്പ് ഇന്ത്യൻ നാഷണലാന്തവും ആലപിച്ചുകൊണ്ട് ആരംഭിച്ച പൊതുസമ്മേളനത്തിന് അഷിത ശ്രീജിത്ത് എം സി ആയി പ്രവർത്തിച്ചു പ്രോഗ്രാം നിയന്ത്രിച്ചു. മാപ്പ് ജനറൽ സെക്രട്ടറി ലിജോ പി ജോർജ്ജ് സ്വാഗതവും, ട്രഷറാർ ജോസഫ് കുരുവിള (സാജൻ) കൃതജ്ഞതയും പറഞ്ഞു. പെപ്പർ പാലസ് റസ്റ്റോറന്റ് തയ്യാറാക്കിയ വിഭവസമൃദ്ധമായ ഡിന്നറോടുകൂടി പരിപാടികൾക്ക് തിരശീല വീണു.

**ഇവർ 2025 ലെ മാപ്പിന്റെ ശക്തരായ സാരഥികൾ:**

**പ്രസിഡന്റായി സ്ഥാനമേറ്റ ബെൻസൺ വർഗീസ് പണിക്കർ:**

സ്വഭാവ മഹിമകൊണ്ടും, ആരെയും ആകർഷിക്കുന്ന ലാളിത്യമാർന്ന പെരുമാറ്റ ശൈലികൊണ്ടും യുവജനങ്ങൾക്കിടയിൽ ഏറെ ശ്രദ്ധേയനായ ബെൻസൺ, വിദ്യാഭ്യാസ കാലം മുതൽതന്നെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച മികച്ച സംഘാടകനാണ്. കേരളത്തിലെ പ്രശസ്തമായ കൊച്ചിൻ കോളജിൽ കെ.എസ്.യു വിന്റെ സജീവ പ്രവർത്തകനായിരുന്ന ഇദ്ദേഹം ബംഗ്ലൂരിൽ നടത്തിയ ഉപരിപഠന കാലത്ത് കോളജ് കൗൺസിലറായും, കൊച്ചിൻ ലയൺസ് ക്ലബ്ബ് മെമ്പറായും തിളക്കമാർന്ന പ്രവർത്തന മികവിൽ ശ്രദ്ധേയനായി. ഇന്ത്യൻ നേവിയുടെ ലീഡിംഗ് കേഡറ്റായി വർഷങ്ങളോളം സേവനമനുഷ്ഠിക്കുകയും, നിരവധി തവണ മേലധികാരികളുടെ പ്രശംസ ഏറ്റുവാങ്ങുകയും ചെയ്തിട്ടുണ്ട്.



പൂനയിലെ യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ ബെൻസൺ അമേരിക്കയിൽ എത്തിയതിന് ശേഷം, 2004 മുതൽ മാപ്പിന്റെ സജീവ പ്രവർത്തകനായി മാറി. മാപ്പ് കമ്മറ്റി അംഗം, മുൻ സെക്രട്ടറി, ട്രഷറാർ, ജോയിന്റ് സെക്രട്ടറി, മെമ്പർഷിപ്പ് ചെയർമാൻ, രണ്ടു വർഷക്കാലം ബെൻസേലം സെന്റ്. ഗ്രീഗോറിയോസ് മലങ്കര ഓർത്തോഡോക്സ് ചർച്ച് ഓഡിറ്റർ, ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസ്സ് (INOC) പെൻസിൽവാനിയ ചാപ്റ്റർ മെമ്പർഷിപ്പ് ചെയർമാൻ, പ്രോഗ്രാം കോർഡിനേറ്റർ എന്നീ നിലകളിൽ തന്റെ മികവ് തെളിയിച്ചിട്ടുള്ള ബെൻസൺ സിറ്റി ഓഫ് ഫിലഡൽഫിയാ ഗവർമെന്റ് പി. ഡബ്ള്യു. ഡി. യിൽ ഉദ്യോഗസ്ഥനായി സേവനമനുഷ്ഠിക്കുന്നു.

**മാപ്പ് ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ലിജോ പി ജോർജ്ജ്:**

ഫിലഡൽഫിയ കമ്യൂണിറ്റിയിൽ ഏറെ ശ്രദ്ധേയനും, സംഘാടകമികവുകൊണ്ട് ഏവരാലും അംഗീകരിക്കപ്പെട്ട വ്യക്തിത്വത്തിന്റെ ഉടമയുമാണ് ലിജോ.

നാട്ടിലായിരുന്ന സമയത്ത്, പത്തനാപുരം ഇമ്മാനുവൽ മാർത്തോമാ ചർച്ച് ജോയിന്റ് സെക്രട്ടറിയായും, കോളജിൽ സ്റ്റുഡന്റ്സ് ലീഡർ

ഷിപ് ക്ലാസ് ചെയർമാനായും, കലാലയ രാഷ്ട്രീയത്തിൽ എസ് എഫ് ഐ പ്രവർത്തകനായും




മികച്ച പ്രവർത്തനം കാഴ്ചവച്ച ലിജോ, ബാച്ചിലേഴ്സ് ഇൻ ഫിസിക്കൽ തെറാപ്പി കോഴ്സ് പൂർത്തീകരിച്ചതിനു ശേഷം, അമേരിക്കയിൽ എത്തി.

ഫിലഡൽഫിയ അസ്സൻഷൻ മാർത്തോമ്മാ യുവജന സെക്രട്ടറി, ചർച്ച് സെക്രട്ടറി, വൈസ് മെൻസ് ഇന്റർനാഷണൽ ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡന്റ്, വിവിധ പരിപാടികളുടെ എം.സി, പ്രോഗ്രാം കോർഡിനേറ്റർ, കൈരളി ക്രിക്കറ്റ് ക്ലബ്ബ് സ്ഥാപകൻ, ഫോമാ മിഡ് അറ്റ് ലാന്റിക്ക് റീജിയണൽ ചാരിറ്റി കോർഡിനേറ്റർ, ഇന്ത്യ പ്രസ് ക്ലബ്ബ് ഫിലഡൽഫിയ ചാപ്റ്റർ മെമ്പർ, എന്നീ നിലകളിൽ അംഗീകാരപ്രദമായ പ്രവർത്തനം കാഴ്ചവച്ചു. 2008 മുതൽ മാപ്പിന്റെ സജീവ പ്രവർത്തകനായ ലിജോ, മാപ്പ് കമ്മറ്റി മെമ്പർ, ആർട്ട്സ് ചെയർമാൻ, സ്പോർട്ട്സ് ചെയർമാൻ എന്നീ സ്ഥാനങ്ങളിൽ നിരവധി തവണ സ്തുത്യർഹമായ സേവനം ചെയ്തു. കഴിഞ്ഞ ഇരുപത് വർഷമായി റിയൽ എസ്റ്റേറ്റ് രംഗത്ത് പ്രവർത്തിക്കുന്ന ലിജോ, പ്രവാസി ചാനൽ ഫിലഡൽഫിയ റീജിയണൽ മാനേജർ കൂടിയാണ്.

**മാപ്പ് ട്രഷറാറായി സ്ഥാനമേറ്റ**

**ജോസഫ് കുരുവിള (സാജൻ):**

തിരുവല്ല നിരണം സ്വദേശിയായ സാജൻ, മലയാളമനോരമയുടെ അഖില കേരളാ ബാലജനസഖ്യത്തിലൂടെയും, മറ്റ് പൊതു പ്രവർത്തനങ്ങളിലൂടെയും കഴിവ് തെളിയിച്ച മികച്ച സംഘാടകനാണ്. 2000 ൽ അമേരിക്കയിൽ എത്തിയ സാജൻ, മൂന്നു വർഷക്കാലം മാർത്തോമ്മാ സഭയുടെ ഭദ്രാസന സഭാ പ്രതിനിധി മണ്ഡലമായും, ഫിലഡൽഫിയ എക്യൂമെനിക്കൽ ചർച്ചസ് ഓഫ് ഇന്ത്യയുടെ 2024 ലെ ചാരിറ്റി ചെയർമാനായും പ്രവർത്തിച്ചു. ഈ വർഷത്തെ കമ്മറ്റി മെമ്പറുമാണ്.



ഇപ്പോൾ നോർത്ത് അമേരിക്കൻ ഭദ്രാസന അസംബ്ലി മെമ്പർ ആയിട്ടും, സഭയുടെ സൗത്ത് ഈസ്റ്റ് റീജിയൻ ആക്റ്റിവിറ്റി കമ്മറ്റി ബോർഡ് മെമ്പറായും പ്രവർത്തിക്കുന്നു.

മാപ്പ് കമ്മറ്റി അംഗം, മെമ്പർഷിപ്പ് ചെയർമാൻ എന്നീ നിലകളിൽ മികച്ച പ്രവർത്തനം കാഴ്ച വച്ചിട്ടുള്ള വ്യക്തിയാണ്. 2024 ൽ മാപ്പിന്റെ ട്രഷറാർ ആയിരുന്ന അദ്ദേഹത്തിന്റെ ആത്മാർത്ഥതയും, ചുറുചുറുക്കുമുള്ള പ്രവർത്തനത്തെ വിലയിരുത്തിക്കൊണ്ട്, വീണ്ടും ട്രഷറാർ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. ഇരുപത് വർഷക്കാലം കാർഡോൺ ഇഡസ്ട്രീസ് ഉദ്യോഗസ്ഥനായിരുന്ന സാജൻ, ഇപ്പോൾ ഫിലഡൽഫിയ പോസ്റ്റൽ ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യുന്നു.

**മാപ്പ് വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട**

**കൊച്ചുമോൻ വയലത്ത്:**

കോളജ് കാലഘട്ടത്തിത്തന്നെ സജീവ രാഷ്ട്രീയപ്രവർത്തകനായി തിളങ്ങിയ കൊച്ചുമോൻ, യൂത്ത് കോൺഗ്രസിന്റെ സജീവ പ്രവർത്തകനായും, തിരുവല്ല മാർത്തോമാ കോളജ് കെ എസ് യു യൂണിറ്റ് പ്രസിഡന്റ്, കോളജ് ജനറൽ സെക്രട്ടറി, മാർത്തോമാ കോളജ് സ്പോർട്ട്സ് സെക്രട്ടറി എന്നീ നിലകളിലും മികച്ച പ്രവർത്തനങ്ങളിലൂടെ വളരെയേറെ ശ്രദ്ധേയനായി.



അമേരിക്കയിൽ എത്തിയതിനു ശേഷം രണ്ടു വർഷക്കാലം ഫിലഡൽഫിയാ എക്യൂമെനിക്കൽ കൗൺസിലിന്റെ ചാരിറ്റി കോർഡിനേറ്ററായും, OICC നാഷണൽ യൂത്ത് ചെയർമാനായും, രണ്ടു വർഷക്കാലം ഫിലഡൽഫിയ മാർഷർ സ്ട്രീറ്റ് സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ചിന്റെ ട്രസ്റ്റിയായും സുത്യർഹ സേവനം അനുഷ്ഠിച്ചിട്ടുള്ള ഇദ്ദേഹം, IOC ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു.

രണ്ടു വർഷക്കാലം മാപ്പ് യൂത്ത് കോർഡിനേറ്ററായും, രണ്ടുവർഷക്കാലം മാപ്പ് ചാരിറ്റി കോർഡിനേറ്ററായും, രണ്ടു വർഷക്കാലം ട്രഷറാറായും, സെക്രട്ടറിയായും മികച്ച പ്രവർത്തനം കാഴ്ചവച്ച പരിചയ സമ്പന്നനായ കൊച്ചുമോൻ, ഡയാലിസിസ് സെന്ററിൽ ബയോ മെഡിക്കൽ ടെക്നീഷ്യനായി ജോലിചെയ്യുന്നു.

**2025 ലെ മാപ്പിന്റെ മറ്റ് ഭാരവാഹികൾ:**

1. ജോയിന്റ് സെക്രട്ടറി – എൽദോ വർഗീസ്
2. അക്കൗണ്ടന്റ് – ജെയിംസ് പീറ്റർ

BOT **അംഗങ്ങളായിതിരഞ്ഞെടുക്കപ്പെട്ടവർ**

1. BOT മെമ്പർ – അനു സ്കറിയ
2. BOT മെമ്പർ – ബിനു ജോസഫ്
3. BOT മെമ്പർ – ശാലു പുന്നൂസ്
4. BOT മെമ്പർ – തോമസ് ചാണ്ടി

**ചെയർ പേഴ്സൺസായി തിരഞ്ഞെടുക്കപ്പെട്ടവർ**

1. ആർട്സ് ചെയർപേഴ്സൺ – അഷിത ശ്രീജിത്ത്
2. സ്പോർട്സ് ചെയർപേഴ്സൺ – സന്തോഷ് ഫിലിപ്പ്
3. യൂത്ത് ചെയർപേഴ്സൺ – സജി വർഗീസ്
4. പബ്ലിസിറ്റി ആന്റ് പുബ്ലിക്കേഷൻസ് ചെയർപേഴ്സൺ – റോജേഷ് സാം സാമുവൽ
5. എഡ്യൂക്കേഷൻ ആന്റ് ഐ റ്റി ചെയർപേഴ്സൺ – ഫെയ്ത് മരിയ എൽദോ
6. മാപ്പ് ഐ സി സി ചെയർപേഴ്സൺ – ഫിലിപ്പ് ജോൺ
7. ചാരിറ്റി ആന്റ് കമ്മ്യൂണിറ്റി ചെയർപേഴ്സൺ – ലിബിൻ പുന്നശ്ശേരി
8. ലൈബ്രറി ചെയർപേഴ്സൺ – ജോൺസൻ മാത്യു
9. ഫണ്ട് റേസിംഗ് ചെയർപേഴ്സൺ – ജോൺ ശാമുവേൽ
10. മെമ്പർഷിപ്പ് ചെയർപേഴ്സൺ – അലക്സ് അലക്സാണ്ടർ
11. വുമൺ’സ് ഫോറം ചെയർപേഴ്സൺ – ദീപ് തോമസ്

**കമ്മിറ്റി മെംബേഴ്സ്**

1. ഏലിയാസ് പോൾ
2. ദീപു ചെറിയാൻ
3. ജോർജ് എം കുഞ്ഞാണ്ടി
4. ജോർജ് മാത്യു
5. ലിസി തോമസ്
6. മാത്യു ജോർജ്
7. രാജു ശങ്കരത്തിൽ
8. റോയ് വർഗീസ്
9. സാബു സ്കറിയ
10. ഷാജി സാമുവൽ
11. സോബി ഇട്ടി
12. സോയ നായർ
13. സ്റ്റാൻലി ജോൺ
14. തോമസ്കുട്ടി വർഗീസ്
15. വിൻസെന്റ് ഇമ്മാനുവൽ
16. ശ്രീജിത്ത് കോമത്ത്

വാർത്ത: റോജീഷ് സാം സാമുവൽ,
മാപ്പ് പി. ആർ. ഒ



# PARK FUNERAL CHAPELS

**Generations of Dignified Personal Service**




**Services**

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**

# MUKKUT MONUMENTS INC.

**PHONE (C) 972-342-0041**
**E-mail: mukkutmonuments@gmail.com**
**www.mukkutmonuments.com**











We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

# നിര്യാതരായി



### പീലിപ്പോസ് കാവുങ്കൽ

ന്യൂയോർക്ക് : അമേരിക്കയിൽ ദീർഘകാല മായി കുടുംബസമേതം താമസിച്ചു വരുന്ന, കോട്ടയം സ്വദേശി അരീപ്പറമ്പ് പെരിയോർ മറ്റത്തിലായ കാവുങ്കൽ കരോട്ട് കുടുംബാംഗം പീലിപ്പോസ് കാവുങ്കൽ(66) കൊച്ചിയിൽ അന്തരിച്ചു. നാട്ടിൽ നിന്നും അമേരിക്കയിലേക്കുള്ള മടക്കയാത്രാ വേളയിലാണ് അന്ത്യം സംഭവിച്ചത്. മേരി കാവുങ്കൽ പത്നിയും, കുലീന കാവുങ്കൽ ലിജോ കാവുങ്കൽ എന്നിവർ മക്കളുമാണ്. ഇൻഡ്യാ ഗവൺമെന്റിന്റെ ബോർഡർ സെക്യൂരിറ്റി ഫോഴ്സിൽ ഉദ്യോഗസ്ഥനായിരുന്ന പീലിപ്പോസ് എൺപതുകളുടെ അവസാനത്തിൽ അമേരിക്കയിൽ എത്തി. സ്റ്റാറ്റൻ ഐലന്റ് മാർ ഗ്രിഗോറിയോസ് ദേവാലയത്തിൽ സജീവാംഗമായിരുന്നു.



### പാസ്റ്റർ ജേക്കബ് എം മാത്യു

ഡാളസ്: കുമ്പനാട് മേട്ടിൽ കുടുംബാംഗമായ പാസ്റ്റർ ജേക്കബ് എം മാത്യു (81) അന്തരിച്ചു. അന്നമ്മ മാത്യുവാണ് ഭാര്യ. സ്റ്റാൻലി മാത്യു, ബർണി മാത്യു, സ്റ്റെഫിനി വർഗീസ് എന്നിവർ മക്കളും ബിൻസി,ജെയ്മി, ഫിലിപ്പ് എന്നിവർ മരുമക്കളുമാണ്. ഗബ്രിയേല മാത്യു, സോഫിയ വർഗീസ്, ലൂക്കാസ് മാത്യു, മായാ വർഗീസ്, സാക്കറി വർഗീസ് എന്നിവർ കൊച്ചുമക്കളാണ്. പരേതനായ എം എം തോമസ്, എം എം വർഗീസ്, എം എം ഫിലിപ്പ്, പൊന്നമ്മ മാമൻ, ഏലിയാമ്മ വർഗീസ്, എബ്രഹാം മേട്ടിൽ, ജോൺ മാത്യു മേട്ടിൽ എന്നിവർ സഹോദരങ്ങളാണ്. ദീർഘകാലം ചിക്കാഗോയിൽ താമസിച്ച് സഭാ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു.



### ശാമുവേൽ മത്തായി

ന്യൂയോർക്ക്: കുണ്ടറ മുളവന പയ്യത്തുവിളയിൽ പരേതരായ പി.എം. മാത്യു വിന്റേയും അന്നക്കുട്ടി മാത്യുവിന്റെയും മകനായ ശാമുവേൽ മത്തായി (കുഞ്ഞുമോൻ -73)ഹൂസ്റ്റണിൽ അന്തരിച്ചു. ലോങ്ങ് ഐലൻഡ് സോയാസെറ്റിൽ സ്ഥിര താമസമായിരുന്ന പരേതൻ ഏതാനും ദിവസമായി ഹൂസ്റ്റണിൽ മകളുടെ കൂടെ താമസിച്ച് ചികിത്സയിലായിരുന്നു. യോങ്കേഴ്സ് സെന്റ് ആൻഡ്രൂസ് മാർത്തോമ്മാ ഇടവകാംഗമാണ്. ഭാര്യ-തങ്കമ്മ ശാമുവേൽ. മക്കൾ - അനീഷ മാത്യു, സ്റ്റെയ്സി ദാനിയേൽ, ജോയ്സ് ജോൺ. മരുമക്കൾ -റെജി മാത്യു, ബിനു ദാനിയേൽ, ഗ്രേഷ്യസ് ജോൺ. കൊച്ചു മക്കൾ - ലിബിയ, ഗ്രേയ്സ്, ജിയാ, ജൂലിയാ, ക്രിസ്റ്റിയൻ, നോയേൽ, നേതാനിയേൽ.



### ടി.സി. സെബാസ്റ്റ്യൻ

എഡ്മിന്റൻ : ആലക്കോട് പ്രദേശത്തെ ആദ്യകാല കൊൺഗ്രസ് നേതാവും, ആലക്കോട് സഹകരണ ബാങ്കിന്റെ മുൻ പ്രസിഡണ്ടും ആയ കുട്ടാപറമ്പിലെ തുണിയംബ്രാലിൽ ടി.സി. സെബാസ്റ്റ്യൻ (മണി -74) കാനഡ -എഡ്മിന്റനിൽ വച്ച് അന്തരിച്ചു . ഭാര്യാ സമേതം മകളുടെ കുടുംബത്തോടൊപ്പം താമസിച്ചു വരികയായിരുന്നു.മേരിക്കുട്ടിയാണ്. പരേതന്റെ മക്കളും : മരുമക്കളും റിൻസി (പി. വി ബൈജു -കാലടി) എഡ്മിന്റൻ, റിജോഷ് -(ജിഷ മണിക്കടവ്) ഓസ്ട്രേലി യ,പരേതനായ റിനിൽ. സഹോദരങ്ങൾ: അബ്ര ഹാം (കുനാതപുരം), തോമസ്, ജെയിംസ് (ആലക്കോട്), തങ്കമ്മ മുണ്ടക്കൽ (പരപ്പ) , വത്സമ്മ മുണ്ടക്കൽ (നെല്ലിക്കുറ്റി), പരേതരായ ബേബി, ജോൺ മാത്യു.



### എം.തോമസ് വർഗീസ്

ഹൂസ്റ്റൺ: ഹൂസ്റ്റൺ സെന്റ് മേരീസ് മലങ്കര ഓർത്തോഡോക്സ് ഇടവകാംഗമായ ചെങ്ങന്നൂർ പുത്തൻകാവ് മലയിൽ മേലത്തതിൽ എം.തോമസ് വർഗീസ് (70)അന്തരിച്ചു. ഏഴംകുളം പുല്ലാനിക്കാലായിൽ അച്ചാമ്മ വർഗീസാണ് സഹധർമ്മിണി.മക്കൾ: ആൻ വർഗീസ് (മകൾ) ടോം വർഗീസ് (മകൻ)ബ്ലെസ്സൻ വർഗീസ് (മരുമകൻ)സാറാ ലിസ് വർഗീസ് (ചെറുമകൾ).

### സ്കറിയ സ്കറിയ

പുതുപ്പള്ളി:പയ്യപ്പാടി ചീരംകുളത്ത് പുത്തൻപറമ്പിൽ സ്കറിയ സ്കറിയ (തങ്കച്ചൻ, 94) അന്തരിച്ചു. ഭാര്യ: അഞ്ചേരി ചേരിയിൽ പരേതയായ മേരിക്കുട്ടി. മക്കൾ: രാജു പി.സ്കറിയ, മിനി (ഇരുവരും യുഎസ്), സാബു പി.സ്കറിയ, ഷാജി പി.സ്കറിയ.



### അന്നാമ്മ അലക്സാണ്ടർ

ന്യുയോർക്ക്: പുല്ലാട് പുത്തൻപുരക്കൽ പരേതനായ അലക്സാണ്ടർ വർഗീസിന്റെ ഭാര്യ അന്നാമ്മ അലക്സാണ്ടർ, 89, ന്യുയോർക്കിൽ അന്തരിച്ചു. പരേത കുമ്പനാട് പൊന്മേലിൽ കുടുംബാംഗമാണ്. മക്കൾ: വർഗീസ് അലക്സ് & ലിഷ അലക്സ്; സൂസൻ ജേക്കബ് & ബിജി ജേക്കബ് (വലിയത്ത് അയിരൂർകുഴി)കൊച്ചുമക്കൾ: സ്റ്റെഫനി &എൽറോയ്; ആൻഡ്രൂ &റെമി; അലീഷ; മാർക്ക്; സ്റ്റീവൻ & രേഷ്മ; ക്രിസ്റ്റി & ഡെറക്. കൊച്ചുമക്കളുടെ മക്കൾ: മാവെറിക്, ആർച്ചർ, ജേക്കബ് & നോറ.

### അന്നമ്മ ജോബ്

ചങ്ങനാശേരി:നാലുകോടി കുഴിമണ്ണിൽ പരേതനായ കെ.വി.ജോബിന്റെ (പായിപ്പാട് പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റ്) ഭാര്യ അന്നമ്മ ജോബ് (86) അന്തരിച്ചു.



### എബ്രഹാം

ചിക്കാഗോ: കല്ലറ കണ്ണാരത്തിൽ എബ്രഹാം (82) ചിക്കാഗോയിൽ അന്തരിച്ചു. ഭാര്യ: പരേതയായ ഫിലോമിന മാഞ്ഞൂർ കട്ടപ്പുറം കുടുംബാംഗമാണ്. മക്കൾ: സോണി കണ്ണാരത്തിൽ (ചിക്കാഗോ), സോളി ജോയൽ ഇലക്കാട്ട് (ചിക്കാഗോ), സോഫി റജീഷ് തൈത്തറയിൽ (ചിക്കാഗോ). മരുമക്കൾ : ലത മൂന്നുപറയിൽ കൈപ്പുഴ, ജോയൽ ഇലക്കാട്ട് കടുത്തുരുത്തി, റജീഷ് തൈത്തറയിൽ ഒളശ്ശ.

### ടി.പുരുഷോത്തമൻ നായർ

ഏറ്റുമാനൂർ:ശക്തിനഗർ വികെബി റോഡിൽ പ്രണാമിൽ ടി.പുരുഷോത്തമൻ നായർ (ടി.പി.നായർ-92) അന്തരിച്ചു. ഭാര്യ: പരേതയായ ടി.ആർ.ലീലാമ്മ. മകൾ: ഷീല പി.നായർ (റിട്ട. അസി. ഡയറക്ടർ സോയിൽ സർവേ എറണാകുളം).



### റോസമ്മ വർഗീസ്

ഹെർണാണ്ടോ, ഫ്ളോറിഡ: എണിക്കാട്, പെരുമ്പള്ളത്ത് കെ.പി. വർഗീസിന്റെ ഭാര്യ റോസമ്മ വർഗീസ് ഫ്ളോറിഡയിൽ അന്തരിച്ചു. 1972 ൽ എത്തിയ അവർ ആദ്യകാല കുടിയേറ്റക്കാരിൽ ഒരാളാണ്. പത്തനാപുരം പൊയ്കയിൽ കുടുംബാംഗമാണ്.മക്കൾ: സുജ എബ്രഹാം &ഡോ. സുനോജ് എബ്രഹാം (മക്കൾ: മിഷേൽ, ഡേവിഡ്); ജിൻസി മാത്യു & പവൻ മാത്യു (മക്കൾ: ജിയ, ജന); ജിമ്മി വർഗീസ് & സിമി സൈമൺ (മക്കൾ: ഗബ്രിയേൽ, സോഫിയ).

### തങ്കമ്മ ദേവസ്യ

ആമ്പല്ലൂർ:കാഞ്ഞിരമറ്റം റിട്ട. അധ്യാപിക മെയിറ്റിപ്പറമ്പിൽ തങ്കമ്മ ദേവസ്യ (73) അന്തരിച്ചു. കടുത്തുരുത്തി പ്ലാമൂട്ടിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ ദേവസ്യ.



### എ.യു ലൂക്കാ

താമരക്കാട്: അറയ്ക്കകുന്നേൽ എ.യു ലൂക്കാ (81) അന്തരിച്ചു. ഭാര്യ: മേരി താമരക്കാട് പുളുക്കിയിൽ കുടുംബാംഗം. മക്കൾ: ഗിഫ്റ്റി ദീപക് തട്ടാപറമ്പിൽ അഹമ്മദ്ബാദ്, ജയ്സൻ ലൂക്കോസ് അറയ്ക്കക്കുന്നേൽ (ഓസ്ട്രേലിയ). മരുമക്കൾ: ദീപക് തട്ടാംപറമ്പിൽ കുറുമുള്ളൂർ, റുക്കു സാറ ജെയ്സൻ നടുവിലേപറമ്പിൽ ചിങ്ങവനം.

### ലിസമ്മ ജോസഫ്

ചങ്ങനാശേരി:അങ്ങാടി പരേതനായ ടി.എം.ജോസഫിന്റെ ഭാര്യ ലിസമ്മ ജോസഫ് (80) അന്തരിച്ചു. മക്കൾ: ജോബി തൂമ്പുങ്കൽ (മെത്രാപ്പൊലീ ത്തൻ പള്ളി മുൻ കൈക്കാര ൻ), പരേതയായ ജൂഡി ജോസ്. മരുമകൾ: ബീന ജോബി (ചങ്ങനാശേരി നഗരസഭ മുൻ ചെയർപഴ്സൻ).



### ജോസഫ്

ചിക്കാഗോ: ഞീഴൂർ നെടുവാമ്പുഴ ജോസഫ് (ജോസ്, 69) ചിക്കാഗോയിൽ അന്തരിച്ചു. ഭാര്യ ഗ്രേസി ജോസഫ് ഉഴവൂർ വട്ടാടിക്കുന്നേൽ കുടുംബാംഗമാണ്. മക്കൾ: ജാസൺ ജോസഫ്, ജസ്റ്റിൻ ജോസഫ്.സഹോദരങ്ങൾ: കുര്യൻ (ജോയ്) ഞീഴൂർ, തോമസ് (ചിക്കാഗോ), അന്നമ്മ (ആൻസി) നെടിയകാലായിൽ, ജയ്പൂർ.

### കെ.ജോൺ മാത്യു

കോട്ടയം:വിശാഖപട്ടണം എച്ച്പിസിഎൽ ഓയിൽ മൂവ്മെന്റ് ആൻഡ് സ്റ്റോറേജ് മാനേജരായിരുന്ന ഒളശ്ശ കുഴിത്താറ്റിൽ കെ.ജോൺ മാത്യു (95) അന്തരിച്ചു. ഭാര്യ: കോട്ടയം തൈപറമ്പിൽ ലീല മാത്യു. മകൾ: ഡോ.മായ തോമസ്. മരുമകൻ: ഡോ.തോമസ് കൊട്ടാരത്തിൽ.


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
MediaAppUSA
Call 1-917-900-2123 for Advertisements & News